# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Manananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06** **ജൂൺ–2015** **ലക്കം 6**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

ഫ്രാൻസീസ് പാപ്പാ നൽകുന്ന സന്ദേശം .................... 05
സർക്കുലർ .................................................................... 12
സർക്കുലർ ............................................................... 15
ഇടയലേഖനം ............................................................ 17
സർക്കുലർ (രാജ്കോട്ട് രൂപതാസന്ദർശനം) ............. 22
സർക്കുലർ (ബൽത്തങ്ങാടി രൂപതാസന്ദർശനം) ....... 26
കാരുണ്യത്തിന്റെ അസാധാരണ ജൂബിലി
പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന .............................. 30
രൂപതാകച്ചേരി വാർത്തകൾ ..................................... 46
രൂപതാദിനാഘോഷം ................................................ 51
ബൈബിൾ അപ്പോസ്റ്റലേറ്റ് ..................................... 55
മതബോധനരംഗം ..................................................... 57
ചെറുപുഷ്പമിഷൻലീഗ് ............................................ 60
*Department of Youth Ministry* ..................................... 66
കെ.സി.വൈ.എം. ...................................................... 68
കുടുംബപ്രേഷിതത്വം ................................................ 72
സീയോൻ വാർത്തകൾ .............................................. 75
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 80
സാമൂഹ്യ സേവനരംഗം (WSSS) ................................. 85
കേരള ലേബർ മൂവ്മെന്റ് .......................................... 89
കെസിബിസി മദ്യവിരുദ്ധ സമിതി ............................. 90
*CEADOM* വിദ്യാഭ്യാസ മേഖല ........................................ 93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 96
ബിഷപ്സ് പ്രോഗ്രാം ................................................. 97

Ref: 2849/K 35/OL/KCBC/DS
5.5.2015

# കുടുംബങ്ങളിൽ വളരേണ്ട ആശയവിനിമയ സംസ്കാരം

## നാല്പത്തി ഒമ്പതാം ലോകസമ്പർക്കമാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

## മാധ്യമദിനം 7 ജൂൺ 2015

കുടുംബം സഭയുടെ മുഖ്യ വിചിന്തനവിഷയമാണ്. രണ്ടു സിനഡുകളുടെ വിഷയംകൂടിയാണത്: അടുത്തകാലത്തു നടന്ന അസാധാരണ സമ്മേളനത്തിന്റെയും അടുത്ത ഒക്ടോബറിൽ നടക്കാനിരിക്കുന്ന സാധാരണ സമ്മേളനത്തിന്റെയും. അതുകൊണ്ട് ഈ ലോകസമ്പർക്കമാധ്യമദിനാചരണത്തിന്റെ ചിന്താവിഷയം കുടുംബമായിരിക്കുക ഉചിതമാണെന്ന് എനിക്കു തോന്നി. ആശയവിനിമയം ചെയ്യേണ്ടത് എങ്ങനെയെന്നു നാം ആദ്യമായി പഠിക്കുന്നത് കുടുംബാന്തരീക്ഷത്തിലാണല്ലോ. കൂടുതൽ ശ്രദ്ധചെലുത്തിയാൽ നമ്മുടെ ആശയവിനിമയം ആത്മാർത്ഥവും മാനുഷികവുമാക്കിത്തീർക്കാൻ കഴിയും. കുടുംബത്തെ പുതിയൊരു വീക്ഷണകോണിലൂടെ നോക്കികാണാനും അതു സഹായകമാകും.

കന്യകാമറിയം എലിസബത്തിനെ സന്ദർശിച്ചതിനെ സംബന്ധിച്ച് സുവിശേഷം നല്കുന്നവിവരണത്തിൽനിന്ന് (ലൂക്ക 1:39-56) നമുക്കു പ്രചോദനം സ്വീകരിക്കാം. "മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു: 'നീ സ്ത്രീകളിൽ അനുഗ്യഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം'" (ലൂക്ക 1:41-42).

**സമ്പർക്കത്തിന്റെ 'പ്രഥമ വിദ്യാലയം'**

ആശയവിനിമയം എങ്ങനെ *ശരീരത്തിന്റെ ഭാഷയോടു ചേർന്നതായിരിക്കുന്നു*വെന്ന് ഈ സംഭവം ഒന്നാമതായി കാണിക്കുന്നു. മറിയത്തിന്റെ അഭിവാദനത്തോടുള്ള പ്രഥമ പ്രത്യുത്തരം എലിസബത്തിന്റെ ഉദരത്തിൽ കുതിച്ചുചാടിയ ശിശുവാണ്

നല്കുന്നത്. മറ്റുള്ളവരെ കണ്ടുമുട്ടൽ നാം ജനിക്കുന്നതിനുമുമ്പേ തുടങ്ങുന്നു. ഒരർത്ഥത്തിൽ അത് സമ്പർക്കത്തിന്റെ മറ്റെല്ലാ രൂപങ്ങളുടെയും ആദിമമാതൃകയും പ്രതീകവുമാണ്. നമുക്ക് ആതിഥ്യമരുളുന്ന ഉദരം സമ്പർക്കത്തിന്റെ "പ്രഥമ വിദ്യാലയ" മാണ്. അത് ശ്രവിക്കലിന്റെയും ശാരീരികമായ ബന്ധപ്പെടലിന്റെയും സ്ഥലമാണ്. സുരക്ഷിത സാഹചര്യത്തിലായിരുന്നുകൊണ്ട് ബാഹ്യ ലോകത്തെ പരിചയപ്പെടാൻ തുടങ്ങുന്നത് അവിടെവച്ചാണ്. മാതാ വിന്റെ ഹൃദയസ്പന്ദനം നല്കുന്ന ഉറപ്പോടെയാണതു സംഭവി ക്കുന്നത്. രണ്ടു വ്യക്തികൾ തമ്മിൽ നടത്തുന്ന ഈ കണ്ടുമുട്ടൽ, പരസ്പരം അവഗാഢം ബന്ധപ്പെട്ടതും എന്നാൽ പരസ്പരം വേർപെട്ടുനില്ക്കുന്നതും വാഗ്ദാനം നിറഞ്ഞതുമായ ഈ കണ്ടു മുട്ടൽ, സമ്പർക്കത്തെ സംബന്ധിച്ച നമ്മുടെ ആദ്യത്തെ അനുഭവ മാണ്.

ഈ ലോകത്തിലേക്കു വന്നതിനുശേഷവും ഒരർത്ഥത്തിൽ നമ്മൾ കുടുംബമാകുന്ന ഉദരത്തിലാണ്. പരസ്പരം ബന്ധപ്പെട്ട വ്യത്യസ്തരായ വ്യക്തികളെക്കൊണ്ടു നിർമ്മിതമായിരിക്കുന്ന ഉദരമാണത്. "നമുക്ക് വ്യത്യസ്തതകളുണ്ടെങ്കിലും മറ്റുള്ളവരോ ടൊപ്പം നാം ജീവിക്കാൻ പഠിക്കുന്ന ഇടമാണു കുടുംബം" (സുവി ശേഷത്തിന്റെ സന്തോഷം, 66). കുടുംബാംഗങ്ങൾ ലൈംഗിക വ്യത്യാസവും പ്രായവ്യത്യാസവുമുള്ളവരാണെങ്കിലും അവർ തമ്മിൽ ബന്ധമുള്ളതുകൊണ്ട് അവർ പരസ്പരം സ്വീകരിക്കുന്നു. ബന്ധങ്ങളുടെ മണ്ഡലത്തിന്റെ വ്യാപ്തിയും പ്രായത്തിന്റെ വ്യത്യാ സവും വർദ്ധിക്കുന്നതനുസരിച്ച് നമ്മുടെ ജീവിതപരിസ്ഥിതിയുടെ സമ്പന്നത വർദ്ധിച്ചുകൊണ്ടിരിക്കും. ഭാഷയുടെ പേരിലുള്ള ബന്ധ മാണ്, യോജിപ്പാണ് ബന്ധത്തെ ശക്തിപ്പെടുത്തുന്നത്. നാം നമ്മുടെ ഭാഷയെ സൃഷ്ടിക്കുന്നില്ല. നമുക്ക് അത് ഉപയോഗിക്കാം. കാരണം, നാം അതു സ്വീകരിച്ചു. നാം കുടുംബത്തിൽവച്ചാണ് മാതൃഭാഷ സംസാരിക്കാൻ പഠിക്കുന്നത്. നമുക്കു മുമ്പേ പോയ വർ ഉപയോഗിച്ചിരുന്ന ഭാഷയാണത് (cf 2 മക്ക 7:25,27). മറ്റുള്ള വർ നമുക്കുമുമ്പേ പോയെന്നും നമ്മുടെ അസ്തിത്വം അവർ സാധ്യമാക്കിത്തീർത്തുവെന്നും നമ്മൾ ജീവനെ ഉത്പാദിപ്പിക്കു കയും നല്ലതും സുന്ദരവുമായ എന്തെങ്കിലും ചെയ്യണമെന്നും കുടും ബത്തിൽവച്ച് മനസ്സിലാക്കുന്നു. നമുക്കു നല്കാൻ കഴിയും എന്തെ ന്നാൽ നാം സ്വീകരിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള

സമ്പർക്കവും അന്യരുമായുള്ള സമ്പർക്കവും നടത്താൻ കുടുംബ ത്തിനുള്ള കഴിവിന്റെ കേന്ദ്രത്തിലാണ് ഗുണകരമായ ഈ വൃത്തം നിലകൊള്ളുന്നത്. പൊതുവേ പറഞ്ഞാൽ അത് എല്ലാ സമ്പർക്ക ങ്ങളുടെയും മാതൃകയാണ്.

നമുക്കു "മുമ്പേ പോകുന്ന" ഈ ബന്ധത്തിന്റെ അനുഭവം നമുക്കു കൈമാറിക്കിട്ടിയ പ്രാർത്ഥനയാകുന്ന സമ്പർക്കത്തിന്റെ, ഏറ്റവും അടിസ്ഥാനപരമായ രൂപത്തിന്റെ, സാഹചര്യമാകാൻ കുടും ബത്തെ ശക്തമാക്കുന്നു. മാതാപിതാക്കന്മാർ നവജാതശിശുക്കളെ ഉറക്കാൻ കിടത്തുമ്പോൾ മിക്കപ്പോഴും അവരെ അവർ ദൈവ ത്തിനു സമർപ്പിക്കുകയും അവരെ സൂക്ഷിക്കാൻ ദൈവത്തോടു യാചിക്കുകയും ചെയ്യുന്നു. ശിശുക്കൾക്കു കുറച്ചു പ്രായമാകു മ്പോൾ ലളിതമായ ചില പ്രാർത്ഥനകൾ ചൊല്ലാൻ മാതാപിതാ ക്കന്മാർ അവരെ പഠിപ്പിക്കുന്നു. മാതാപിതാക്കളുടെ മാതാപിതാ ക്കൾ, ബന്ധുക്കൾ, രോഗാതുരർ, സഹിക്കുന്നവർ മുതലായവ രെയും ദൈവത്തിന്റെ സഹായം ആവശ്യമുള്ള സകലരെയും ഓർമ്മിച്ചുകൊണ്ടു അങ്ങനെ ചെയ്യാൻ പഠിപ്പിക്കുന്നു. നമ്മിൽ ഭൂരിപക്ഷംപേരും സമ്പർക്കത്തിന്റെ മതാത്മകമാനം പഠിച്ചത് നമ്മുടെ കുടുംബങ്ങളിൽ വച്ചാണ്. ആ മാനമാകട്ടെ, ക്രിസ്തു മതത്തെ സംബന്ധിച്ചിടത്തോളം സ്നേഹം നിറഞ്ഞതാണ്; ദൈവം നമ്മിലേക്ക് ചൊരിയുന്നതും നമ്മൾ മറ്റുള്ളവർക്ക് നല്കുന്നതു മായ സ്നേഹംതന്നെ.

പരസ്പരം ആശ്ലേഷിക്കാനും പിന്താങ്ങാനും മുഖഭാവങ്ങ ളുടെയും നിശ്ശബ്ദ നിമിഷങ്ങളുടെയും അർത്ഥം ഗ്രഹിക്കാനും പരസ്പരം അംഗീകരിക്കാത്തവരും എന്നാലും പരസ്പരപ്രാധാ ന്യമുള്ളവരുമായ വ്യക്തികളോടൊപ്പം ചിരിക്കാനും കരയാനും കുടുംബത്തിൽ നാം പഠിക്കുന്നു. അംഗീകരിക്കലും അടുപ്പം സൃഷ്ടിക്കലുമെന്നനിലയിലുള്ള സമ്പർക്കത്തിന്റെ അർത്ഥം ഗ്രഹി ക്കാൻ ഇത് വളരെയേറെ സഹായിക്കുന്നുണ്ട്. കൂടുതൽ അടുക്കു കയും പരസ്പരം സ്വീകരിക്കുകയും ചെയ്തുകൊണ്ട് അകല്ച്ച കുറയ്ക്കുമ്പോൾ നാം കൃതജ്ഞതയും സന്തോഷവും അനുഭവി ക്കുന്നു. മറിയത്തിന്റെ അഭിവാദനവും ശിശുവിന്റെ ചലനവും എലി സബത്തിന് അനുഗ്രഹമാണ്. അവയെത്തുടർന്ന് മനോഹരമായ മഹത്ത്വകീർത്തനം ആലപിക്കുന്നു. അതിൽ മറിയം തനിക്കും തന്റെ ജനതയ്ക്കുംവേണ്ടിയുള്ള ദൈവികപദ്ധതിയെ സ്തുതിക്കുന്നു.

വിശ്വാസത്തോടുകൂടി പറയപ്പെടുന്ന "അതേ"എന്നതിന് ലോക ത്തിൽ, നമ്മുടെയും നമ്മുടെ സ്ഥലത്തിന്റെയും അപ്പുറത്ത്, ഫലങ്ങൾ ഉളവാക്കാൻ കഴിയും.

സന്ദർശിക്കുകയെന്നത് വാതിലുകൾ തുറന്നിടലാണ്; നമ്മുടെ ചെറിയ ലോകത്ത് അടച്ചുപൂട്ടിക്കഴിയാതെ ബാഹ്യലോക ത്തുള്ള മറ്റുള്ളവരിലേക്ക് പുറപ്പെടലാണ്. അതുപോലെതന്നെ യാണ് കുടുംബവും. അത് തന്നിൽനിന്നു പുറത്തേക്കുപോകു മ്പോൾ സജീവമായിത്തീരുന്നു. അങ്ങനെ ചെയ്യുന്ന കുടുംബങ്ങൾ അവയുടെ ജീവസന്ദേശം കൈമാറുന്നു. കൂടുതൽ ദുർബലമായ കുടുംബങ്ങൾക്ക് ആശ്വാസവും പ്രത്യാശയും നല്കിക്കൊണ്ട് അങ്ങനെ ചെയ്യുന്നു. അങ്ങനെ കുടുംബങ്ങളുടെ കുടുംബമായ സഭയെ പടുത്തുയർത്തുന്നു.

**ക്ഷമയുടെ വിദ്യാലയം - കുടുംബം**

നമ്മുടെയും മറ്റുള്ളവരുടെയും പരിമിതികളും മറ്റുള്ളവരോ ടൊത്ത് സമാധാനപൂർവം ജീവിക്കുന്നതിലുണ്ടാകുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളും കുടുംബത്തിൽവച്ചാണ് അനുദിനം നാം കൂടുതലായി അനുഭവിക്കുന്നത്. പരിപൂർണതയുള്ള കുടുംബമില്ല. അപൂർണതകളെയോ ദൗർബല്യത്തെയോ സംഘട്ടനത്തെപ്പോ ലുമോ നമ്മൾ ഭയപ്പെടേണ്ടതില്ല. എന്നാൽ അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നാം പഠിക്കണം. പരിമിതികളും പാപ ങ്ങളുമുണ്ടെങ്കിലും പരസ്പരസ്നേഹം നിലനിറുത്തുന്ന കുടുംബം അങ്ങനെ ക്ഷമിക്കലിന്റെ വിദ്യാലയമായിത്തീരും. ക്ഷമ തന്നെ സമ്പർക്കത്തിന്റെ ഒരു പ്രക്രിയയാണ്. അനുതാപം പ്രകടിപ്പിക്ക പ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമ്പോൾ തകർന്ന സമ്പർക്കത്തെ പുന:സ്ഥാപിക്കാൻ സാധിക്കും. മറ്റുള്ളവരെ ശ്രവി ക്കാനും ബഹുമാനപൂർവം സംസാരിക്കാനും മറ്റുള്ളവരുടെ വീക്ഷ ണത്തെ നിഷേധിക്കാതെ സ്വന്തം വീക്ഷണം പ്രകടിപ്പിക്കാനും കുടുംബത്തിൽ പഠിച്ച കുട്ടി സമൂഹത്തിൽ സംവാദത്തിനും അനു രഞ്ജനത്തിനുമുള്ള ഒരു ശക്തിയായിത്തീരും. ശാരീരികമോ മാനസികമോ ആയ ഒരു പരിമിതി തനിയേ അടച്ചുപൂട്ടിയിരിക്കാ നുള്ള കാരണമാകാം. എന്നാൽ അത് കാരണവന്മാരുടെയും കുട്ടി കളുടെയും സുഹൃത്തുക്കളുടെയും സ്നേഹംവഴി എല്ലാവരു മായുള്ള തുറവിക്കും പങ്കുവയ്ക്കലിനും സമ്പർക്കത്തിനുമുള്ള പ്രേരണയുമാകാം. വിദ്യാലയങ്ങളും ഇടവകകളും സംഘടനകളും

കൂടുതൽ സ്വാഗതം ചെയ്യുന്നവയും എല്ലാവരെയും ഉൾപ്പെടുത്തുന്നവയും ആകാൻ അതു സാധിക്കും.

ആളുകൾ മിക്കപ്പോഴും ശപിക്കുകയും ചീത്തപറയുകയും മറ്റുള്ളവരെക്കുറിച്ചു അപവാദങ്ങൾ പറയുകയും അനൈക്യം വിതയ്ക്കുകയും അപവാദപ്രചാരണംവഴി നമ്മുടെ മാനുഷിക പരിസ്ഥിതിയെ വിഷമയമാക്കുകയും ചെയ്യുന്ന ഒരു ലോകത്തിൽ സമ്പർക്കത്തെ ഒരു അനുഗ്രഹമെന്ന നിലയിൽ നമ്മെ പഠിപ്പിക്കാൻ കുടുംബത്തിനു കഴിയും. വിദ്വേഷവും അക്രമവും ആധിപത്യം പുലർത്തുന്നതായി തോന്നുന്ന സാഹചര്യങ്ങളുണ്ടാകാം. കുടുംബങ്ങൾ തമ്മിൽ കരിങ്കൽ മതിലുകൾകൊണ്ടു വേർതിരിക്കപ്പെട്ടിരിക്കാം. മുൻവിധിയുടെയും പകയുടെയും അഭേദ്യമായ മതിലുകൾകൊണ്ടു അവ വേർതിരിക്കപ്പെട്ടിരിക്കാം. മതിയെന്നുപറയാൻ തക്ക കാരണങ്ങളുമുണ്ടാകാം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ശപിക്കലിനേക്കാൾ അനുഗ്രഹിക്കൽകൊണ്ടും തള്ളിക്കളയുന്നതിനെക്കാൾ സന്ദർശനംകൊണ്ടും, യുദ്ധംചെയ്യുന്നതിനെക്കാൾ സ്വീകരണംകൊണ്ടും തിന്മയുടെ ചക്രത്തെ തകർക്കാൻ നമുക്കു കഴിയും. നന്മയ്ക്ക് എപ്പോഴും സാധ്യതയുണ്ടെന്നു കാണിക്കാനാവുന്നത്, സൗഹൃദത്തെപ്പറ്റി നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നതുവഴിയാണ്.

**നവമാധ്യമങ്ങളുടെ നൂതനസാധ്യതകൾ**

ഇന്ന് ആധുനികസമ്പർക്കമാധ്യമങ്ങൾ ജീവിതത്തിന്റെ പ്രത്യേകിച്ച്, യുവജനങ്ങളുടെ ജീവിതത്തിന്റെ ഒരു അടിസ്ഥാന ഘടകമായിരിക്കുന്നു. അവ കുടുംബത്തിലും കുടുംബങ്ങൾ തമ്മിലുമുള്ള സമ്പർക്കത്തിനും സഹായകമാകാം. അതുപോലെ തന്നെ തടസ്സവുമാകാം. മറ്റുള്ളവരെ കേൾക്കാതിരിക്കാനും ശാരീരികസമ്പർക്കം ഒഴിവാക്കാനും നിശ്ശബ്ദതയുടെയും വിശ്രമത്തിന്റെയും ഓരോ നിമിഷവും നിറയ്ക്കാനും മാധ്യമങ്ങൾ ഇടയാക്കുമ്പോൾ അവ തടസ്സങ്ങളാണ്. "നിശ്ശബ്ദത സമ്പർക്കത്തിന്റെ ഒരു മൗലികഘടകമാണ്". അതില്ലെങ്കിൽ ഉള്ളടക്കംകൊണ്ടു സമ്പന്നമായ വാക്കുകൾ ഉണ്ടാവുകയില്ല (ബെനഡിക്റ്റ് 15-ാമൻ, 2012 ലോകമാധ്യമദിനസന്ദേശം) എന്ന തത്ത്വം നാം അങ്ങനെ മറക്കാൻ ഇടയാകുന്നു. ആളുകൾക്ക് അവരുടെ കഥകൾ പങ്കുവയ്ക്കാനും അകലെയുള്ള സുഹൃത്തുക്കളുമായി സമ്പർക്കത്തിൽ കഴിയാനും മറ്റുള്ളവർക്ക് നന്ദിപറയാനും മറ്റുള്ളവരോടു ക്ഷമചോദിക്കാനും

പുതിയ കണ്ടുമുട്ടലുകൾക്കായി കവാടങ്ങൾ തുറക്കാനും ഇടയാകുമ്പോൾ സമ്പർക്കത്തെ സഹായിക്കാൻ മാധ്യമങ്ങൾക്കു കഴിയും. മറ്റുള്ളവരെ കണ്ടുമുട്ടുന്നതിന്റെ വലിയ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധത്തിൽ നാം അനുദിനം വളരുമ്പോൾ, ഈ "പുതിയ സാധ്യതകൾക്ക്" നാം സാങ്കേതികവിദ്യ വിവേകപൂർവം ഉപയോഗിക്കണം. അവയാൽ കീഴടക്കപ്പെടാൻ അനുവദിക്കരുത്. ഇവിടെയും മാതാപിതാക്കളാണ് ആദ്യത്തെ അധ്യാപകർ. പക്ഷേ, അവരെ അവരുടെ സ്വന്തം കല്പനാചാതുര്യത്തിനു വിട്ടുകൊടുക്കാൻ പറ്റുകയില്ല. ക്രൈസ്തവസമൂഹം അവരെ സഹായിക്കാൻ കടപ്പെട്ടിരിക്കുന്നു. മനുഷ്യമഹത്ത്വത്തിനും പൊതുനന്മയ്ക്കായുള്ള സേവനത്തിനും അനുസൃതമായി സമ്പർക്കമാധ്യമ സാഹചര്യത്തിൽ എങ്ങനെ ജീവിക്കണമെന്ന് കുട്ടികളെ പഠിപ്പിക്കാൻ മാതാപിതാക്കന്മാർ സഹായിക്കപ്പെടണം.

ഇന്നു നാം നേരിടുന്ന വലിയ വെല്ലുവിളി ഇതാണ്: വിവരങ്ങൾ സൃഷ്ടിക്കുകയും വിഴുങ്ങുകയുംചെയ്യാതെ പരസ്പരം എങ്ങനെ സംസാരിക്കാൻ കഴിയുമെന്നു പഠിക്കുക. പ്രാധാന്യവും സ്വാധീനശക്തിയുള്ള ആധുനികസമ്പർക്കമാധ്യമങ്ങൾക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന സംഗതിയാണ് വിവരങ്ങൾ സൃഷ്ടിക്കുകയും വിഴുങ്ങുകയും ചെയ്യുകയെന്നത്. വിവരം സുപ്രധാനമാണ്. പക്ഷേ, അതുമാത്രം മതിയാവുകയില്ല, മിക്കപ്പോഴും വസ്തുതകൾ ലളിതമാക്കപ്പെടുന്നു. വ്യത്യസ്ത നിലപാടുകളും വീക്ഷണങ്ങളും പരസ്പരവിരുദ്ധങ്ങളാക്കപ്പെടുന്നു. കാര്യങ്ങൾ മുഴുവനായി കാണാൻ ശ്രമിക്കാതെ ഏതെങ്കിലും പക്ഷംചേരാൻ ആളുകൾ ക്ഷണിക്കപ്പെടുന്നു.

ചുരുക്കത്തിൽ, കുടുംബം വാദപ്രതിവാദത്തിന്റെയോ പ്രത്യയശാസ്ത്രപരമായ ലഹളയുടെയോ വിഷയമല്ല. പിന്നെയോ അടുപ്പത്തിന്റെ അനുഭവത്തിൽ നാം സമ്പർക്കം പുലർത്താൻ പഠിക്കുന്ന ഒരു പരിസ്ഥിതിയാണ്, സമ്പർക്കം നടക്കുന്ന സാഹചര്യമാണ്, "സമ്പർക്കം നടത്തുന്ന ഒരു കൂട്ടായ്മ". കുടുംബം സഹായം നല്കുന്നതും ജീവനെ ആഘോഷിക്കുന്നതും ഫലപൂർണതയുള്ളതുമായ ഒരു സമൂഹമാണ്. ഇക്കാര്യം നാം മനസിലാക്കിയാൽ, കുടുംബം സമ്പന്നമായ മാനുഷിക വിഭവശേഷിയായി തുടരുന്നതെങ്ങനെയെന്നു നമുക്കു വീണ്ടും ഗ്രഹിക്കാൻ കഴിയും, ഒരു പ്രശ്നമോ വിഷമസ്ഥിതിയിലുള്ള ഒരു സ്ഥാപനമോ അല്ലാതിരിക്കുന്നത്

എന്നു മനസ്സിലാക്കാൻ കഴിയും. പലപ്പോഴും മാധ്യമങ്ങൾ കുടുംബത്തെ ഒരു സജീവ യാഥാർത്ഥ്യമെന്നതിനെക്കാൾ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാവുന്ന, സംരക്ഷിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യാവുന്ന ഒരുതരം അമൂർത്ത മാതൃകയായി അവതരിപ്പിക്കാനുള്ള പ്രവണത കാണിക്കുന്നു. അല്ലെങ്കിൽ, സ്വീകരിക്കുകയും തിരിച്ചു നല്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ, സമ്പർക്കം നടത്തുന്നതിന്റെ അർത്ഥമെന്തെന്ന് നമുക്കു പഠിക്കാൻ കഴിയുന്ന വേദിയെന്നതിനെക്കാൾ പ്രത്യയശാസ്ത്രപരമായ സംഘട്ടനങ്ങളുടെ വേദിയായി ചിത്രീകരിക്കുന്നു. നമ്മുടെ അനുഭവങ്ങളെ ബന്ധപ്പെടുത്തുകയെന്നതിന്റെ അർത്ഥം ഒരു വസ്തുത ഗ്രഹിക്കുകയെന്നതാണ്. അതായത്, നമ്മുടെ ജീവിതം ഒറ്റ യാഥാർത്ഥ്യമായിരിക്കുന്നു. നമുക്ക് അനേകം ശബ്ദങ്ങളുണ്ട്. അവയിൽ ഓരോന്നും അതുല്യമാണ്.

കുടുംബങ്ങളെ സമൂഹത്തിന്റെ പ്രശ്നമെന്നതിനെക്കാൾ സമൂഹത്തിന്റെ വിഭവശേഷിയായി കാണണം. സ്ത്രീയും പുരുഷനും തമ്മിലും മാതാപിതാക്കളും കുട്ടികളും തമ്മിലും ഉള്ള ബന്ധത്തിന്റെ സൗന്ദര്യത്തിനും സമ്പന്നതയ്ക്കും സാക്ഷ്യം നല്കിക്കൊണ്ട് കുടുംബങ്ങൾ ഏറ്റവും നന്നായും സജീവമായും സമ്പർക്കം പുലർത്തുന്നു. നമ്മൾ ഭൂതകാലത്തെ രക്ഷിക്കാൻവേണ്ടി യുദ്ധം ചെയ്യുകയല്ല. പിന്നെയോ ക്ഷമയോടും ആത്മവിശ്വാസത്തോടുംകൂടി, നാം ജീവിക്കുന്ന ലോകത്തിനായി കൂടുതൽ നല്ല ഭാവി പടുത്തുയർത്താൻ അധ്വാനിക്കുകയാണ്.

വത്തിക്കാനിൽനിന്നും
**+ ഫ്രാൻസിസ് പാപ്പാ**

---

**NB:-** • **പരിശുദ്ധപിതാവിന്റെ ഈ സന്ദേശം 2015 ജൂൺമാസം 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

• **മാധ്യമദിനപിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.**

# സർക്കുലർ

***Circular Letter No. 03/2015***
***Prot. No. 17454/2015***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

ദീർഘമായ മദ്ധ്യവേനലവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ വിദ്യാലയങ്ങളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. പത്താം ക്ലാസ്, പ്ലസ് ടു എന്നിവ പാസ്സായവർ പഠനത്തിന്റെ ഓരോ പ്രധാനഘട്ടങ്ങൾ പിന്നിട്ട് കഴിഞ്ഞു. എല്ലാ വിജയികളേയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും തുടർന്ന് പഠിക്കാൻ ധാരാളം ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. കുറേപ്പേർ പരീക്ഷയിൽ വിചാരിച്ച രീതിയിൽ ഉയർന്ന ഗ്രേഡ് നേടാൻ കഴിയാത്തതുകൊണ്ട് ദു:ഖിതരായി കഴിയുന്നുണ്ടാകാം. അതുപോലെ മറ്റ് കുറേപ്പേർ അനുയോജ്യമായ സ്ഥലങ്ങളിൽ പ്രവേശനം കിട്ടാതെ വിഷമിച്ച് നിൽക്കുന്നുമുണ്ടാകും എന്നെനിക്കറിയാം. അവരെ പ്രത്യേകം ദൈവസമക്ഷം സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. നിങ്ങൾക്കും പറ്റിയ വഴി ദൈവം കാണിച്ച് തരും. പരിശ്രമം ഒരിക്കലും അവസാനിപ്പിക്കരുത്. തോൽവി വിജയത്തിന്റെ ചവിട്ടുപടിയാണ് എന്ന വസ്തുത നിങ്ങളുടെ മനസ്സിൽ നിരന്തരം ഉണ്ടായിരിക്കട്ടെ. ജീവിതം തന്നെ ജയവും തോൽവിയും നിറഞ്ഞതാണല്ലോ. നൂറ് ശതമാനം വിജയം ജീവിതത്തിൽ എപ്പോഴും പ്രതീക്ഷിക്കേണ്ടതില്ല.

ഈ വർഷം പത്താംക്ലാസ് പരീക്ഷ എഴുതിയവരിൽ ഏതാണ്ട് തൊണ്ണൂറ്റിയെട്ട് ശതമാനം പേരും പാസായി എന്നത് നമുക്കേവർക്കും സന്തോഷം നൽകുന്ന വസ്തുതയാണ്. എന്നാൽ മറ്റൊരു കാര്യംകൂടി ഇവിടെ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. വിജയശതമാനം വർദ്ധിക്കുന്നതിന് ആനുപാതികമായി നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ മാറ്റമുണ്ടായോ എന്നതാണത്. പത്താം ക്ലാസ് അഥവാ പ്ലസ് ടു സർട്ടിഫിക്കറ്റ് കയ്യിലുണ്ടായതുകൊണ്ട് മാത്രം നമ്മൾ വിദ്യാഭ്യാസം നേടിയവരാണ് എന്ന് വരുന്നില്ല. അതിന് ആനുപാതികമായി നമ്മൾ എഴുതാനും

വായിക്കാനും അറിയാവുന്നവരും അറിവുള്ളവരും നല്ല സ്വഭാവ രൂപവത്ക്കരണം ലഭിച്ചവരുമാകണം.

ഏത് രീതിയിലും ഒരു സർട്ടിഫിക്കറ്റ് നേടുക എന്നൊരു തെറ്റായ പ്രവണത നമ്മുടെ നാട്ടിൽകൂടി വരുന്നുണ്ട്. കോപ്പിയടി, ചോദ്യക്കട ലാസ് ചോർത്തൽ, ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിച്ച് ഉത്ത രങ്ങൾ എഴുതിക്കൊണ്ട് പോകൽ, പുറത്ത് നിന്ന് പല മാർഗ്ഗങ്ങളിലൂടെ ഉത്തരം പരീക്ഷാ ഹാളിൽ എത്തിക്കൽ തുടങ്ങിയവയെല്ലാം ഈ തെറ്റായ പ്രവണതയുടെ സൂചനകളാണ്. ഈയടുത്ത കാലത്താണല്ലോ ബീഹാറിലെ ഒരു സ്കൂളിൽ പരീക്ഷാ ഹാളിന്റെ ഭിത്തിയിൽ കുട്ടിക ളുടെ സുഹൃത്തുക്കളും ബന്ധുക്കളും കയറി നിന്നുകൊണ്ട് ഉത്തരങ്ങൾ പറഞ്ഞു കൊടുക്കുന്ന വാർത്ത മാദ്ധ്യമങ്ങളിൽ വന്നത്. അതിനർത്ഥം വിദ്യാഭ്യാസമെന്നാൽ ഒരു സർട്ടിഫിക്കറ്റ് കരസ്ഥമാക്കുക എന്ന പ്രക്രിയ മാത്രമാണ് എന്ന ചിന്ത ആളുകളിൽ രൂഢമൂലമായിക്കഴിഞ്ഞു എന്നാണ്. അതുപോലെ തന്നെ ധാർമ്മികതയിലും സ്വഭാവരൂപീകരണത്തിലും നമ്മൾ ഏറെ പിന്നിൽ ആയിക്കഴിഞ്ഞു എന്നും ഇക്കാര്യങ്ങൾ സൂചി പ്പിക്കുന്നു. അതിനർത്ഥം വിദ്യാഭ്യാസത്തിന്റെ ശരിയായ ലക്ഷ്യത്തിൽ നിന്നും നമ്മൾ വളരെ ദൂരെയാണെന്നാണ്. വളരെ ഉയർന്ന ഗ്രേഡ് കിട്ടി യാലും സ്വഭാവരൂപീകരണത്തിൽ നമ്മൾ വിജയിക്കുന്നില്ലെങ്കിൽ വിദ്യാ ഭ്യാസം പരാജയമാണ്.

എഴുതാനും വായിക്കാനും പഠിക്കുകയും അതിലൂടെ നല്ല പുസ്ത കങ്ങൾ വായിച്ച് അറിവ് സമ്പാദിക്കുകയും സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുകയും അങ്ങനെ നല്ല പൗരന്മാരായി വളരാനുള്ള പരിശീലനം നേടുകയും ചെയ്യുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സത്യസന്ധമായ പ്രവർത്തനത്തിലൂടെ മാത്രമേ ഇവ സാദ്ധ്യ മാകുകയുള്ളു. കോപ്പിയടിച്ച് പരീക്ഷയിൽ ജയിക്കുന്ന വ്യക്തി പഠിക്കാ ത്തതുകൊണ്ടും ശരിയായ അവഗാഹം വിഷയത്തിൽ ഇല്ലാത്തതുകൊ ണ്ടുമാണല്ലോ അങ്ങനെ ചെയ്യേണ്ടിവരുന്നത്. ഒരു സർട്ടിഫിക്കറ്റ് കയ്യിൽ കിട്ടിയതുകൊണ്ട് മാത്രം ഇല്ലാത്ത അറിവും അവഗാഹവും ഉണ്ടാകും എന്ന് കരുതാനും വയ്യ. മാത്രമല്ല സർട്ടിഫിക്കറ്റ് ഉള്ളത് കൊണ്ട് മാത്രം എവിടേയും ജോലി ലഭിക്കണമെന്നുമില്ല. ജോലി ശരിയായി ചെയ്യാൻ അറിവുള്ളവർക്ക് മാത്രമേ ജോലി ലഭിക്കുകയുള്ളു. തൊഴിലില്ലായ്മ യുടെ ഒരു കാരണം ഇത്തരത്തിലുള്ള അറിവും കഴിവും ഇല്ലായ്മയാ ണ്. അതുകൊണ്ട് നമ്മൾ നമ്മളെത്തന്നെ ബോദ്ധ്യപ്പെടുത്തേണ്ട കാര്യ മാണ് സത്യസന്ധമായി പഠിക്കുന്നവർക്ക് മാത്രമേ ഭാവിയുള്ളു എന്ന

വസ്തുത. വളഞ്ഞ വഴികളിലൂടെ പരീക്ഷകൾ പാസാകാൻ ശ്രമിക്കുന്നവരുടെ സ്വഭാവത്തെപ്പറ്റിയും തൊഴിൽ ദാതാക്കൾക്ക് സംശയമുണ്ടാകുന്നതും സ്വാഭാവികമാണല്ലോ. അങ്ങനെയുള്ളവരെ ആരും തങ്ങളുടെ സ്ഥാപനത്തിൽ ജോലിയ്ക്ക് പ്രവേശിപ്പിക്കാൻ താൽപര്യപ്പെടുകയില്ല.

നല്ല സ്വഭാവത്തിന്റെ അവിഭാജ്യ ഘടകമാണ് മറ്റുള്ളവരോട് പ്രത്യേകിച്ച് മുതിർന്നവരോട് കാണിക്കുന്ന ബഹുമാനവും ആദരവും അനുസരണമനോഭാവവും. നിങ്ങളുടെ മാതാപിതാക്കളേയും ഗുരുജനങ്ങളേയും ബഹുമാനിക്കുകയും അവരുടെ വാക്കുകൾ അനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ നല്ല സ്വഭാവമുള്ളവരാണെന്ന് മനസ്സിലാക്കാം. അതുപോലെ തന്നെ കൂട്ടുകാരടക്കം മറ്റുള്ളവരോട്, അവർ ആര് തന്നെ ആയിക്കൊള്ളട്ടെ, ബഹുമാനപുരസ്സരം പെരുമാറുമ്പോൾ നിങ്ങൾ സംസ്കാരചിത്തരാണെന്ന് പറയാൻ കഴിയും. അങ്ങനെ സമഗ്രമായ വിദ്യയുടെ ഉടമകളായി നിങ്ങളോരോരുത്തരും മാറട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഏവർക്കും വിജയകരമായ ഒരു സ്കൂൾ വർഷം നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2015 മെയ് മാസം 20 ന് നൽകപ്പെട്ടത്

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2015 ജൂൺ മാസം 14-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സീറോ മലബാർ മാട്രിമോണിയൽ നെറ്റ്‌വർക്കിനെ സംബന്ധിച്ച സർക്കുലർ

കർത്താവിനാൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

സഭയുടേയും സമുദായത്തിന്റേയും സമൂഹത്തിന്റേയും അടിസ്ഥാനം കുടുംബമാണല്ലോ. കുടുംബം നന്നായാൽ ഇവ മൂന്നും നന്നാകും. അതുകൊണ്ട് നല്ല കുടുംബങ്ങൾ രൂപീകരിക്കപ്പെടേണ്ടത് ഇവയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. എന്നാൽ അനുയോജ്യരായ ജീവിത പങ്കാളിയെ കണ്ടെത്തുക എന്നത് ഇന്നൊരു പ്രയാസമേറിയ കാര്യമാണ്. സീറോ മലബാർ സഭയിൽ ഇതൊരു പ്രതി സന്ധി തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലേയ്ക്കും ഇന്ത്യയ്ക്ക് പുറത്തേയ്ക്കുമുള്ള യുവജനങ്ങളുടെ കുടിയേറ്റത്തിന്റെ സൃഷ്ടിയാണ് ഒരു പരിധിവരെ ഈ പ്രതിസന്ധി. പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വിദ്യാഭ്യാസ നിലവാരത്തിലുള്ള അസന്തുലിതാ വസ്ഥയും ഇതിന് ആക്കം കൂട്ടുന്നുണ്ട്.

നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകലെയായിരിക്കുന്ന യുവജന ങ്ങൾക്ക് പരമ്പരാഗത ശൈലിയിൽ ജീവിത പങ്കാളിയെ കണ്ടെത്താ നുള്ള സാദ്ധ്യത ഇന്ന് വളരെ കുറവാണ്. അതുകൊണ്ട് കൂടുതൽ പേരും ഇന്റർനെറ്റിനെ ആശ്രയിച്ച് ഓൺലൈൻ മാട്രിമോണിയൽ സൈറ്റുകളിൽ പേര് രജിസ്റ്റർ ചെയ്താണ് വധൂവരന്മാരെ കണ്ടെത്തു ന്നത്. സ്വന്തം മതത്തിനും സമുദായത്തിനും പുറത്ത് നിന്ന് ജീവിത പങ്കാളിയെ കണ്ടെത്താനുള്ള പ്രവണത ഇവിടെ കൂടുതലാണ്. ഇതി നൊരു പരിഹാരമായിട്ടാണ് സീറോമലബാർ മേജർ ആർക്കി എപ്പി സ്കോപ്പൽ കൂരിയായുടെ നേതൃത്വത്തിൽ ഒരു ഓൺ ലൈൻ മാട്രി മോണിയൽ സർവ്വീസ് ആരംഭിച്ചിരിക്കുന്നത്. www.syromalabar matrimony.org എന്ന വിലാസത്തിൽ അത് നിങ്ങൾക്ക് കണ്ടെത്താവുന്ന താണ്. മാനന്തവാടി രൂപതയുടെ സ്വന്തം സൈറ്റായ www.godbless matrimony.org എന്ന സൈറ്റ് ഇതുമായി ബന്ധിപ്പിച്ചിരിക്കുന്നു.

www.syromalabarmatrimony.org സീറോ മലബാർ സഭയിലെ ഭൂരിപക്ഷം രൂപതകളുടേയും സഹകരണത്തോടെ നടത്തപ്പെടുന്ന ഒരു സേവനമാണ്. കുറഞ്ഞ ചെലവിൽ വിശ്വാസതയോടെ ജീവിത പങ്കാളിയെ കണ്ടെത്താനുള്ള സൗകര്യം ഈ സേവനം ഒരുക്കുന്നു.

ഇപ്പോൾ തന്നെ ഭാഗികമായി ഈ സേവനം ലഭ്യമാണ്. 2015 ജൂൺ 7 മുതൽ വളരെ വിപുലമായ സൗകര്യങ്ങളോടെ നിങ്ങൾക്കിത് ലഭ്യമാണ്. രജിസ്റ്റർ ചെയ്യുന്ന ഏതൊരാൾക്കും സീറോ മലബാർ സഭയിലെ ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തു നിന്നുമുള്ള ഏത് രൂപതയിൽ നിന്നും രജിസ്റ്റർ ചെയ്ത എല്ലാവരുടേയും വിവരങ്ങൾ ലഭ്യമാണ്. ഓരോ രജിസ്ട്രേഷനും പൂർത്തിയാക്കുന്നതിന് മുമ്പായി ഓരോരുത്തരെപ്പറ്റിയുമുള്ള വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് സത്യമാണ് എന്ന് ഉറപ്പ് വരുത്തിയ ശേഷമേ രജിസ്ട്രേഷൻ പൂർത്തിയാക്കുകയുള്ളു. അതുകൊണ്ട് പ്രൊഫൈലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് സംശയം ഉണ്ടാകേണ്ടതില്ല.

സീറോ മലബാർ സഭയിൽ ഏത് രൂപതയിലും രൂപതയ്ക്ക് പുറത്തുമുള്ള വിവാഹ ഒരുക്ക കോഴ്സുകളുടെ വിവരം അറിയാനും വേണമെങ്കിൽ അവയിൽ രജിസ്റ്റർ ചെയ്യാനും ഈ സൈറ്റിലൂടെ സാദ്ധ്യമാണ്. ഏതാനും ദിവസത്തെ അവധിയ്ക്ക് മാത്രമായി നാട്ടിൽ എത്തുന്ന പ്രവാസികൾക്ക് ഇത് ഏറെ സഹായകരമാണ്.

വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പ്രൊഫൈൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രൊഫൈൽ മാസികയും ഇതോടൊപ്പം ലഭ്യമാണ്. അവ നമ്മുടെ സഭയിലെ ഇടവക വികാരിയച്ചന്മാരുടെ പക്കൽ അവ പ്രസിദ്ധീകരിക്കുന്ന ക്രമത്തിൽ എത്തിക്കുന്നതാണ്.

സീറോ മലബാർ മാട്രിമണി നെറ്റ്‌വർക്കിന്റെ സേവനം പരമാവധി ഉപയോഗപ്പെടുത്തി നമ്മുടെ കുടുംബങ്ങളുടെ ഭദ്രത ഉറപ്പ് വരുത്താം. ഏവർക്കും www.syromalabarmatrimony.org എന്ന സൈറ്റിലേക്കും, www.godblessmatrimony.org എന്ന നമ്മുടെ സ്വന്തം സൈറ്റിലേക്കും സ്വാഗതം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ &
ചെയർമാൻ സീറോമലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ

---

**NB:- ഈ സർക്കുലർ 2015 ജൂൺ മാസം 21-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

## ഇടയലേഖനം

### സഭാദിനം

Prot. No.1100/2015

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്
**മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തോമാശ്ലീഹാ ചോദിച്ചു: കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല. (യോഹ 14: 5-6). ഈശോ ശിഷ്യന്മാരെ വിട്ടു പിതാവിന്റെ പക്കലേയ്ക്ക് പോകുകയാണെന്നും അവിടെച്ചെന്നു ശിഷ്യന്മാർക്ക് സ്ഥലമൊരുക്കിയശേഷം വീണ്ടും വന്ന് അവരെയും കൂട്ടിക്കൊണ്ട് പോകുമെന്നും താൻ പോകുന്നിടത്തേയ്ക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമല്ലോ എന്നും പറഞ്ഞ പശ്ചാത്തലത്തിലാണ് തോമാശ്ലീഹായുടെ ചോദ്യവും ഈശോയുടെ മറുപടിയും.

തോമാശ്ലീഹായുടെ ശുദ്ധഗതിയിലുള്ള ചോദ്യത്തിനുത്തരമായിട്ടാണ് ഈശോ തന്നെക്കുറിച്ചുതന്നെയുള്ള സുവിശേഷത്തിലെ ഏറ്റം മനോഹരമായ ഈ വെളിപ്പെടുത്തൽ നടത്തിയത്. പിതാവായ ദൈവത്തിന്റെ പക്കലേയ്ക്ക് മക്കൾക്കുള്ള വഴി മിശിഹായാണ്. ഈ വഴിയിലാണ് മനുഷ്യമക്കൾ സത്യം കണ്ടെത്തുന്നതും ജീവൻ പ്രാപിക്കുന്നതും. ഈശോ സ്വർഗസ്ഥനായ പിതാവിൽ നിന്ന് വന്നവനാണ്.

അവിടുത്തെ മനുഷ്യജന്മം മനുഷ്യർക്കു ജന്മസാഫല്യം നല്കാൻ വേണ്ടിയുള്ളതായിരുന്നു. മിശിഹായാകുന്ന വഴിയിലാണ് നാം നമ്മുടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തേണ്ടത്. ഈശോ പിതാവിന്റെ പക്കലേയ്ക്ക് പോകുന്ന വഴി ഏതാണെന്നാണ് തോമാശ്ലീഹാ ചോദിച്ചത്. ഈശോയാണ് വഴിയെങ്കിൽ അവിടുത്തെ ജീവിതം തന്നെയാണ് നമുക്കും വഴിയായിത്തീരുന്നത്.

**വഴി തേടിയവൻ**

സ്വർഗത്തിലേയ്ക്കുള്ള വഴി തേടിയവനാണ് തോമാശ്ലീഹാ. മറ്റാരോടുമല്ല തേടിയത്, തന്റെ ഗുരുവും നാഥനുമായ മിശിഹായോടുതന്നെ. വഴിയായവനോടു തന്നെ വഴി തേടിയവൻ. ക്രൈസ്തവനു ജീവിതപാത ക്രിസ്തു തന്നെയാണ്. മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി ജനിക്കുക, ക്രിസ്തുവിനെപ്പോലെ ജീവിക്കുക, സഹിക്കുക, മരിക്കുക, ഉയിർക്കുക - ഇതാണ് ക്രൈസ്തവന്റെ ജീവിതപാത. ഈ ജീവിത ശൈലിയെ ക്രിസ്തുമാർഗം എന്ന് ആദിമ ക്രൈസ്തവർ വിശേഷിപ്പിച്ചതായി അപ്പസ്തോലന്മാരുടെ ഗ്രന്ഥത്തിൽ നാം കാണുന്നു. (അപ്പ. 9:2). തോമാശ്ലീഹാ പഠിപ്പിച്ച ഈ മാർഗത്തെ ഭാരതത്തിലെ ആദിമ ക്രൈസ്തവർ തോമ്മാമാർഗം എന്ന് വിശേഷിപ്പിച്ചു. ഈ തോമ്മാമാർഗം സ്വീകരിച്ചവരാണ് നമ്മുടെ പൂർവ്വികരായ മാർത്തോമാ ക്രിസ്ത്യാനികൾ.

**വഴിയേ നടന്നവൻ**

മിശിഹായാണ് വഴിയെന്ന് തിരിച്ചറിഞ്ഞ തോമാശ്ലീഹാ ആ വഴിയേനടന്നു. മിശിഹാനുഭവം തന്റെ അനുഭവമായി സ്വീകരിച്ചു. എനിക്ക് ജീവിതം ക്രിസ്തുവാണെന്ന് വി. പൗലോസ് ശ്ലീഹായും പറയുന്നുണ്ടല്ലോ. (ഫിലി. 1:21). ഈശോ ശിഷ്യന്മാരെ ഗലീലിയിലെ ശുശ്രൂഷയ്ക്കായി അയയ്ക്കുമ്പോൾ അവർക്കുണ്ടാകാവുന്ന പീഡകളെക്കുറിച്ച് പറയുന്നുണ്ട്. ശിഷ്യന്മാരുടെ പീഡകൾ ഗുരുവിന്റെ പീഡകൾക്ക് സമാനമാണെന്നും അവിടുന്ന് പറഞ്ഞു. ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആയാൽ മതി. (മത്താ 10:24-25). ഈശോ യൂദയായിൽ ലാസറിന്റെ ഗ്രാമമായ ബഥാനിയായിലേയ്ക്കു പോകാൻ ആഗ്രഹിച്ചപ്പോൾ ശിഷ്യന്മാർ തടസപ്പെടുത്തിക്കൊണ്ട് പറഞ്ഞു, യഹൂദർ അവിടുത്തെ കല്ലെറിയാൻ കാത്തിരിക്കുകയാണ് എന്ന്. അപ്പോൾ തോമാശ്ലീഹാ സഹശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ശിഷ്യത്വത്തിന്റെ ആഴം വ്യക്തമാക്കുന്നവയാണ്. തോമസ് പറഞ്ഞു, അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.

(യോഹ 11:16). താൻ പ്രസംഗിച്ച ക്രിസ്തുമാർഗം മനസ്സിലാക്കാത്ത എതിരാളികൾ മൈലാപ്പൂരിലെ ചിന്നമലയിൽ തന്നെ കുന്തത്താൽ കുത്തി മരണപ്പെടുത്തിയപ്പോൾ തോമാശ്ലീഹായുടെ ആ ആഗ്രഹം പൂർത്തീക രിക്കപ്പെട്ടു. ചിന്നമല തോമാശ്ലീഹായ്ക്കു കാൽവരിയായി. മിശിഹായോ ടൊപ്പം തോമസും മരിച്ചു. അതായിരുന്നു തോമാശ്ലീഹായുടെ ജീവിത പാതയിൽ മിശിഹാ അനുഭവത്തിന്റെ പൂർത്തീകരണം. അപ്പോഴും ശ്ലീഹാ ഉദീരണം ചെയ്തിട്ടുണ്ടാവണം. എന്റെ കർത്താവേ, എന്റെ ദൈവമേ! എന്ന്. ഉയിർത്തെഴുന്നേററ മിശിഹായെ ദർശിച്ചപ്പോൾ തോമാശ്ലീഹാ പറഞ്ഞ ഈ വാക്കുകളാണ് സുവിശേഷത്തിൽ നാം കാണുന്ന ഏററവും പ്രധാനപ്പെട്ട വിശ്വാസ പ്രഖ്യാപനമെന്ന് നസ്രത്തിലെ ഈശോ എന്ന ഗ്രന്ഥത്തിൽ ബനഡിക്ററ് പതിനാറാമൻ മാർപാപ്പ പറയുന്നു.

**വഴിയേ നടക്കേണ്ടവർ**

ക്രിസ്തുമാർഗം സ്വീകരിച്ചവർ ക്രിസ്തുപാതയിൽ നടക്കണം. നമുക്ക് മാർഗ്ഗഭ്രംശം സംഭവിക്കുമ്പോൾ നമ്മുടെ വിശ്വാസ്യതയ്ക്കു നഷ്ടം സംഭവിക്കുന്നു. മദ്യപാനം, ധൂർത്ത്, ആഡംബരഭ്രമം മുതലായ തിന്മകൾ ക്രൈസ്തവരുടെ ഇടയിൽ നിലനില്ക്കുന്നുവെന്ന വിമർശനം കേൾക്കാറുണ്ട്. വിമർശനങ്ങളെ അസഹിഷ്ണുതയോടെ കണ്ടിട്ടു കാര്യ മില്ല. ക്രിസ്തുവിൽ വിശ്വസിച്ചു ജീവിതം നയിക്കുന്നവരിൽ നിന്ന് അവി ടുത്തെ ജീവിതശൈലിക്ക് യോജിച്ച ഒരു ജീവിതം മററുള്ളവർ പ്രതീ ക്ഷിക്കുന്നു. ക്രൈസ്തവരും ക്രൈസ്തവ സഭകളും വിമർശിക്കപ്പെടു ന്നതിന്റെ കാരണവും പലപ്പോഴും അതുതന്നെയാണ്. ശത്രുവിനെ വരെ സ്നേഹിക്കണമെന്ന് പഠിപ്പിക്കുകയും ആ സ്നേഹം സ്വന്തം ജീവിതം വഴി സാക്ഷ്യപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതപാത എത്രയോ ഉന്നതമാണ്. അത്രയ്ക്ക് ഉന്നതമായ ഒരു ജീവിതശൈലി ക്രൈസ്തവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ക്രൈസ്തവരുടെയിടയിലെ തിന്മകളുടെ പേരിൽ ക്രൈസ്തവർ വ്യക്തികളായും സമൂഹങ്ങളായും ചെയ്യുന്ന അനേകം നന്മകൾ വിസ്മരിക്കപ്പെടുന്ന ഒരു സ്ഥിതിവി ശേഷവും ഇന്നുണ്ട്. ഭാരതത്തിലെ വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂ ഷാരംഗത്തും ക്രൈസ്തവർ നല്കിയ സംഭാവനകൾ ആർക്കുനിഷേ ധിക്കാൻ കഴിയും?. കാരുണ്യ പ്രവർത്തനങ്ങളിലും ക്രൈസ്തവ സഭ കൾ മുൻപന്തിയിലാണല്ലോ. ക്രൈസ്തവരുടെ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൂടിയല്ലേ മററനേകം സമൂഹങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ഈ രംഗത്ത് വലിയ സംഭാവനകൾ നല്കി പ്രവർത്തിക്കുന്നത്. ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള

ക്ഷേമപ്രവർത്തനങ്ങളിലും ക്രൈസ്തവർ ഏറെ വ്യാപൃതരാണ്. ഇത്തരം നന്മ പ്രവൃത്തികളോടൊപ്പം നമ്മുടെ ഇടയിൽ വ്യാപിക്കുന്ന തിന്മകളെ ദൂരീകരിച്ചുകൊണ്ട് നമ്മുടെ ജീവിതസാക്ഷ്യത്തെ ക്രിസ്തു സദൃശമാക്കാൻ നമുക്കു പരിശ്രമിക്കാം.

വൈദികരും സമർപ്പിതരും അല്മായരും ഒത്തൊരുമിച്ച് സഭാ നവീകരണത്തിനായി ശ്രമിക്കേണ്ടിയിരിക്കുന്നു. സമർപ്പിതവർഷാ ചരണവും കുടുംബത്തെക്കുറിച്ചുള്ള സിനഡുകളും തന്നെ സഭയുടെ പൊതുവായ നവീകരണത്തെ ലക്ഷ്യം വച്ചുള്ളതാണല്ലോ. കത്തോലിക്കാ കോൺഗ്രസ്സ്, യൂത്ത് മൂവ്മെന്റ്, മാതൃവേദി മുതലായ അത്മായ പ്രസ്ഥാനങ്ങളുടെ നവോത്ഥാനത്തിലൂടെയും സഭാനവീകരണം കാര്യക്ഷമമായി നടക്കുമെന്ന് പ്രതീക്ഷിക്കാം.

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വം അനുസ്മരിക്കുന്ന ഈ ദുക്റാനാത്തിരുനാളിൽ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച എല്ലാക്രൈസ്തവരെയും, വിശിഷ്യ ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളിൽ അടുത്തകാലത്ത് കൊല ചെയ്യപ്പെട്ടവരെയും, ഭാരതത്തിലെ സി. റാണി മരിയായെപ്പോലുള്ളവരെയും അനുസ്മരിച്ച് വിശ്വാസത്തിൽ നമുക്ക് ആഴപ്പെടാം.

വിവിധ മതവിശ്വാസികൾ വസിക്കുന്ന നാടാണ് നമ്മുടെ ഭാരതം. എല്ലാ മതങ്ങളിലെയും നന്മകളെ അംഗീകരിക്കാനും ആദരിക്കാനും അങ്ങനെ പരസ്പരബഹുമാനത്തോടെ ജീവിക്കാനും നമുക്കു സാധിക്കണം. മാർഗവും സത്യവും ജീവനുമായ മിശിഹായെ പ്രഘോഷണം ചെയ്യുന്ന തിരുസ്സഭ ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരസ്ക്കരിക്കുന്നില്ല. മററുമതങ്ങളിലെ പ്രവർത്തനരീതികളും, ജീവിതമുറകളും, പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്. (അക്രൈസ്തവമതങ്ങൾ നമ്പർ 2)

നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം ജൂലൈ 3-ന് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും

പ്രവാസിസമൂഹങ്ങളിലും സഭാദിനം ആഘോഷിക്കണമെന്ന് സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണ മെന്നും അഭ്യർത്ഥിക്കുന്നു.

പ്രവാസികളായ സീറോ മലബാർ കത്തോലിക്കർക്ക് ഇനിയും പലസ്ഥലങ്ങളിലും അർഹമായ സഭാസംവിധാനങ്ങളോ, സ്വന്തം സഭാപാരമ്പര്യങ്ങൾക്കനുസൃതമായ അജപാലനശുശ്രൂഷയ്ക്കുള്ള ക്രമീകരണങ്ങൾ പോലുമോ ലഭ്യമായിട്ടില്ല. പരി. സിംഹാസനം അത്തരം സംവിധാനങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിത്തരാൻ തയ്യാറാണെങ്കിലും തടസ്സങ്ങൾ ഏറെയുണ്ട്. അവ തരണം ചെയ്യാനുള്ള ശ്രമങ്ങൾ നീണ്ടു പോകുന്നതുകൊണ്ട് നമ്മുടെ ന്യായമായ അവകാശ ങ്ങൾ സാധിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇന്ത്യയിലെ 29 സീറോ മലബാർ രൂപതകൾക്കുപുറത്ത് പ്രവാസികളായി കഴിയുന്ന സീറോ മലബാർ വിശ്വാസികൾ തങ്ങൾക്ക് സ്വന്തമായി സഭാസംവിധാ നങ്ങൾ ലഭിക്കുന്നതിനുവേണ്ടി ജൂലൈ 2 -ാം തീയതി ഉപവാസപ്രാർത്ഥ നാദിനം ആചരിക്കുകയാണ്. സഭാമക്കൾ എല്ലാവരും ഈ പ്രാത്ഥനാ യജ്ഞത്തിൽ അവരോട് പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്**

---

**NB:- ഈ ഇടയലേഖനം 2015 ജൂലൈ 3-ാം തീയതിക്ക് മുൻപത്തെ ഞായറാഴ്ച (ജൂൺ 28-നു) എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

Prot. No. 0750/2015

# സർക്കുലർ

## രാജ്കോട്ട് രൂപതാസന്ദർശനം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2015 ഏപ്രിൽ 7 മുതൽ 13 വരെ രാജ്കോട്ട് രൂപതയിൽ എന്റെ അജപാലന സന്ദർശനത്തിന്റെ ദിവസങ്ങളായിരുന്നു. ചാൻസലർ ബഹു. ആന്റണി കൊള്ളന്നൂർ അച്ചനും സെക്രട്ടറി ബഹു. സെബിൻ കാഞ്ഞിരത്തിങ്കൽ അച്ചനും എന്റെ കൂടെ വന്നിരുന്നു. 7-ാം തീയതി രാജ്കോട്ട് എയർപോർട്ടിൽ അഭിവന്ദ്യ ജോസ് ചിറ്റൂപ്പറമ്പിൽ സി.എം.ഐ. പിതാവും അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ സി.എം.ഐ പിതാവും സഹപ്രവർത്തകരുമെത്തി ബിഷപ്സ് ഹൗസിലേക്കു കൊണ്ടുപോയതുമുതൽ 13-ാം തീയതി അതേ എയർപോർട്ടിൽ തിരിച്ചെത്തിച്ചതുവരെ പരിപാടികളെല്ലാം ഏറെ ഫലപ്രദമായിരുന്നു ഞങ്ങൾക്കും രാജ്കോട്ട് രൂപതയിലെ ദൈവജനത്തിനും. സന്ദർശനത്തെക്കുറിച്ച് ചാൻസലർ അച്ചൻ തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് സഭയുടെ ഇന്റർനെറ്റ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സന്ദർശനവേളയിൽ രാജ്കോട്ട് രൂപതയെക്കുറിച്ച് എന്റെ മനസ്സിൽവന്ന ചിന്തകൾ ഈ കത്തിലൂടെ നിങ്ങളെ അറിയിക്കുന്നതു നന്നായിരിക്കുമെന്നു കരുതി.

1. പ്രഗൽഭരായ മൂന്നു പിതാക്കന്മാരെയാണ് ഈ രൂപതയ്ക്ക് ഇതുവരെ ലഭിച്ചത് എന്നു എടുത്തുപറയേണ്ടിയിരിക്കുന്നു. മൂവരും രൂപതയെക്കുറിച്ചുള്ള ദർശനത്തിലും പ്രവർത്തനശൈലിയിലും നൈരന്തര്യം പാലിച്ചതിനാൽ രൂപത എന്നും ഇന്നും വളർച്ചയുടെ പാതയിലാണ്. പ്രതിഭാശാലിയും പണ്ഡിതനും പ്രയോഗികബുദ്ധിയുമായിരുന്ന ജോനാസ് തളിയത്ത് പിതാവ് നാലര വർഷത്തോളം രാജ്കോട്ടിനെ നയിച്ചു. വിദ്യാഭ്യാസ, സാമ്പത്തിക, നിർവാഹക, പ്രവാസി വിഷയങ്ങളിൽ ഒരുപോലെ പ്രവീണനായ ഗ്രിഗരി കരോട്ടെമ്പ്രേൽ പിതാവിനെ രാജ്കോട്ട് രൂപതയുടെ ശില്പി എന്നു വിളിക്കാവുന്നതാണ്. 27 വർഷം രൂപതയെ നയിച്ച പിതാവ് ഇപ്പോൾ അദ്ധ്വാനം കൈവെടിയാതെ വിശ്രമജീവിതത്തിലാണ്. 2010 മുതൽ

രൂപതയുടെ അജപാലനനേതൃത്വം വഹിക്കുന്ന ജോസ് ചിറ്റൂപ്പറമ്പിൽ പിതാവ് സാമൂഹിക സേവനത്തിൽ ആഴമായ അറിവും പ്രായോഗിക പരിജ്ഞാനവും കൈമുതലാക്കിയുള്ള അശ്രാന്തപരിശ്രമിയാണ്.

2. സി.എം.ഐ. സന്യാസസമൂഹം ഭാരതസഭയ്ക്കു നല്കിയ സംഭാവനയാണ് രാജ്കോട്ട് രൂപതയെന്നു പറയാം. ഇതുവരെ മൂന്നു സി.എം.ഐ. പിതാക്കന്മാരും രൂപതയുടെ ആരംഭം മുതലേ സേവനനിരതരായിരുന്ന സി.എം.ഐ. വൈദികരുമാണ് രൂപതയ്ക്കു ഊടും പാവും നെയ്തത്. അവരോടൊപ്പം മറ്റു സന്യാസിനീ സമൂഹങ്ങളും ഓരോരോ ഘട്ടങ്ങളിൽ ചേർന്ന് പ്രവർത്തിക്കുവാൻ തുടങ്ങി. അക്കൂട്ടത്തിൽ ഗ്രിഗരി പിതാവ് സ്ഥാപിച്ച രണ്ടു സന്യാസിനീ സമൂഹങ്ങളും-ദേവപ്രിയാ സിസ്റ്റേഴ്സും (61), അൽഫോൻസാ സിസ്റ്റേഴ്സും (18) സേവനം ചെയ്യുന്നു. സി.എം.ഐ. വൈദികർക്കു പുറമേ 33 രൂപതാ വൈദികരും തീക്ഷ്ണതയോടെ മിഷൻ രംഗത്തുണ്ട്. പല പ്രധാനപ്പെട്ട ശുശ്രൂഷകൾക്കും രൂപതാ വൈദികരാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്.

3. വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ ബഹുമുഖമായ അജപാലന ശൈലിയാണ് രാജ്കോട്ട് രൂപതയിൽ പിതാക്കന്മാരും മറ്റു മിഷനറിമാരും അനുവർത്തിച്ചിട്ടുള്ളത്. പള്ളികൾ, ആശ്രമങ്ങൾ, കന്യകാലയങ്ങൾ, സ്ക്കൂളുകൾ (75), ആർട്സ്, കൊമേഴ്സ് & സയൻസ് കോളേജ് (1), പോളിടെക്നിക് (1), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (1), ആശുപത്രികൾ (3), സാമൂഹികസേവനത്തിന്റെ വ്യാപകമായ ശൃംഖല ഇങ്ങനെ പോകുന്നു ആ ബഹുമുഖത്വം. പ്രവർത്തനമാരംഭിച്ചിട്ട് വെറും മൂന്നു വർഷങ്ങൾ മാത്രമായിട്ടുള്ള ക്രൈസ്റ്റ് ആശുപത്രിയുടെ വളർച്ച ത്വരിതഗതിയിലാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കാർഡിയോളജി സർജിക്കൽ ലബോറട്ടറി ഈ അജപാലന സന്ദർശനത്തിനിടയിൽ ആശീർവദിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്.

4. സമൂഹ വളർച്ചയ്ക്ക് കിടപിടിക്കുന്ന രീതിയിലാണ് വിദ്യഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകളും അഭ്യസനരീതിയും. ഒരു ആർട്സ്, കോമേഴ്സ് ആൻഡ് സയൻസ് കോളേജും ഒരു പോളിടെക്നിക്കും ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും വികസനം ലക്ഷ്യമാക്കിയുള്ള സർക്കാരുകളുടെ ഭരണത്തിൽ പങ്കുചേരുവാൻ യോഗ്യരായ യുവതലമുറയെ സജ്ജമാക്കുമെന്നതിൽ സംശയമില്ല. ഗുണമേന്മ (quality) ആണ് രാജ്കോട്ട് സ്ഥാപനങ്ങളുടെ മുഖമുദ്ര.

5. രാജ്കോട്ട് രൂപതയിൽ സ്ഥാപനങ്ങളുടെ പേരുകൾ, ക്രൈസ്റ്റ് കോളേജ്, ക്രൈസ്റ്റ് ഹോസ്പിറ്റൽ, സെന്റ് മേരീസ് എന്നിങ്ങനെ

പൊതുവായ ക്രൈസ്തവ സാക്ഷ്യത്തിനുപകരിക്കുന്നവയാണ് എന്നു കാണാം. ശുശ്രൂഷ ചെയ്തു കടന്നുപോയവരുടെ മെമ്മോറിയലായി ഒന്നും തന്നെ സ്ഥാപിക്കപ്പെട്ടിട്ടില്ല. പേരുകൾ തന്നെ സുവിശേഷ വത്ക്കരണമായിരിക്കുന്നു. ഈ രീതി സഭ മുഴുവനിലും ഇനിയെങ്കിലും പാലിക്കപ്പെട്ടിരുന്നെങ്കിൽ!

6. രൂപതയുടെ ആരംഭം മുതലേ സാംസ്കാരികാനുരൂപണത്തിന് പിതാക്കന്മാരും മറ്റു മിഷണറിമാരും വേണ്ടത്ര പ്രാധാന്യം നല്കിയിരുന്നു. ഗുജറാത്തി ഭാഷയുടെ ഉപയോഗം എവിടെയും പതിവായിട്ടുണ്ട്. കീർത്തനങ്ങൾ, ഗീതങ്ങൾ ഇവയെല്ലാം ഗുജറാത്തി പ്രാർത്ഥനയുടെ ശൈലിയിലാണ് ആലപിക്കുന്നത്. ഇനിയും കൂടുതലായുള്ള സാംസ്കാരികാനുരൂപണം ആവശ്യമാണ് എന്ന് കരുതുന്നവരുമുണ്ട്. ഈ സന്ദർഭത്തിൽ ഒരു കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു, സാംസ്കാരികാനുരൂപണത്തിന്റെ പേരിൽ ക്രൈസ്തവ വിശ്വാസത്തിന്റെയും ആരാധനയുടെയും അന്തഃസത്ത അവഗണിച്ചാൽ സുവിശേഷവത്ക്കരണത്തിന്റെ ലക്ഷ്യം തന്നെ തിരസ്കൃതമാകും. ഹൈന്ദവമതത്തിലെ പൂജാവിധികളുടെ കൂടെ ഒരു പൂജാവിധികൂടി ക്രൈസ്തവർ ഭാരതജനതയ്ക്കു നല്കിയെന്നു പറയാനേ അത്തരം ഭാരതവത്ക്കരണം കൊണ്ടു നേടാൻ കഴിയൂ. ക്രൈസ്തവ വെളിപാടിന്റെ തനിമ കാത്തുസൂക്ഷിച്ചുകൊണ്ട് ക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതത്തെ വിശിഷ്യ പീഡാസഹനം, മരണം, ഉത്ഥാനം എന്നീ സംഭവങ്ങളെ അനുസ്മരിച്ച് ആഘോഷിക്കുന്ന വി. കുർബാന ക്രിസ്തുവിന്റെ ആത്മസമർപ്പണത്തെ സ്വന്തം ജീവിതസമർപ്പണത്തിനു ശക്തിപകരുന്ന അനുഭവമാക്കി മാറ്റുവാൻ ഉപയുക്തമാകണം. അതിനു സഹായകമാകുന്ന ഭാരതീയ സാംസ്കാരികാംശങ്ങൾ മാത്രമേ ക്രൈസ്തവരാധനയിൽ ഉൾച്ചേർക്കുവാൻ ഉതകുകയുള്ളൂ.

7. രാജ്കോട്ടിലെ സീറോ മലബാർ കത്തീഡ്രൽ സാംസ്കാരികാ നുരൂപണ ത്തിന്റെ ഉത്തമോദാഹരണമാണ്. പുറമേ നിന്നു വീക്ഷിച്ചാൽ മുകളിൽ കുരിശ് വച്ചിരിക്കുന്ന ഗുജറാത്ത് മോഡൽ ഹൈന്ദവ ക്ഷേത്രമാണെന്നേ തോന്നൂ. ഉള്ളിൽ കയറുമ്പോൾ സീറോ മലബാർ ആരാധനയ്ക്ക് ഉപകരിക്കുന്ന രീതിയിൽ മദ്ബഹയും ഹയ്ക്കലായും സംവിധാനം ചെയ്തിരിക്കുന്നു. മദ്ബഹായുടെ പിറകിലത്തെ ഭിത്തിയിൽ ഭാരതീയ ശൈലിയിൽ ചിത്രീകരിച്ചിരിക്കുന്ന ഉത്ഥിതനായ മിശിഹായുടെ ഗുരുവെന്ന ഭാവത്തിലുള്ള രൂപം അമൂല്യമായ കലാസൃഷ്ടിതന്നെയാണ്. വൃത്താകൃതിയിലുള്ള അകംചുവരിൽ

കർത്താവായ ക്രിസ്തുവിന്റെ പീഡാനുഭവ രംഗങ്ങളും മരണവും ഉത്ഥാനവും ഗുജറാത്ത് കലാരൂപത്തിൽ കൊത്തിവച്ചിട്ടുണ്ട്. അതിനു മുകളിൽ ഗുജറാത്തിന്റെ പ്രത്യേകതകളായ മൃഗങ്ങളും കലാരൂപങ്ങളും ചിത്രീകരിച്ചിരിക്കുന്നു. ഹയ്ക്കലായുടെ നടുവിൽനിന്ന് മുകളിലേക്കു നോക്കിയാൽ ലോകമതങ്ങളെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ കൊത്തിവച്ചിരിക്കുന്നതു കാണാം. ഉത്തരഭാരതത്തിലെ സീറോ മലബാർ കത്തീഡ്രലുകളിൽ രാജ്കോട്ട് സേക്രട്ട് ഹാർട്ട് കത്തീഡ്രൽ എന്തുകൊണ്ടും അതുല്യമായ കലാശില്പമാണ്. അഭിവന്ദ്യ ഗ്രിഗറി പിതാവിന്റെ അജപാലനകാലത്താണ് ഈ കത്തീഡ്രൽ ദൈവാലയം രൂപകല്പന ചെയ്ത് പണിയപ്പെട്ടത്.

8. സാമൂഹികസേവനരംഗത്ത് കച്ച് വികാസ് ട്രസ്റ്റ് ചെയ്യുന്ന സേവനം സവിശേഷ ശ്രദ്ധയർഹിക്കുന്നു. 250 ഏക്കർ സ്ഥലത്ത് സേവനകേന്ദ്രങ്ങളുടെ ഒരു സമുച്ചയം തന്നെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഭിന്നശേഷിയുള്ളവർക്കായുള്ള വിവിധ പരിശീലനഭവനങ്ങൾ, സ്ക്കൂളുകൾ, ആശുപത്രി എന്നിവയ്ക്കു പുറമേ കൃഷിയും പശുവളർത്തലും വൻതോതിൽ ചെയ്തുവരുന്നു. ഇതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് നവജീവൻ ട്രസ്റ്റ്. ഗുജറാത്തിലെ NGO കളിൽ പ്രമുഖസ്ഥാനമുള്ള ഈ ട്രസ്റ്റു വഴിയാണ് രൂപതാതലത്തിലുള്ള സാമൂഹ്യപ്രവർത്തനങ്ങളെല്ലാം നടത്തപ്പെടുന്നത്. എല്ലാ വർഷവും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കോടിക്കണക്കിനു രൂപയുടെ പദ്ധതികളാണ് ഈ ട്രസ്റ്റു വഴി നടപ്പാക്കുന്നത്. ഭൗതിക മേഖലയിലാണ് മിഷൻപ്രവർത്തനത്തിന്റെ ഊന്നൽ എന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും ജനങ്ങളുടെ വിശ്വാസ ജീവിതത്തിൽ ക്രിസ്തുവിന്റെ ജീവിതസന്ദേശം പകരാനും മിഷണറിമാർ അതീവ ശ്രദ്ധവയ്ക്കുന്നുണ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹങ്ങളെ ഉരുവാക്കാനുള്ള പരിശ്രമങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ട്. വിവിധ മതങ്ങളിലെ നന്മകളെക്കുറിച്ച് പഠിപ്പിക്കാനും ക്രിസ്തീയവിശ്വാസത്തിന്റെ തനിമയും പൂർണ്ണതയും ആരുടെയും മതവികാരങ്ങളെ വ്രണപ്പെടുത്താതെ രൂപതയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു പരിശീലനകേന്ദ്രങ്ങളും കൂടുതൽ ശ്രദ്ധവച്ചാൽ മതസൗഹാർദ്ദം പുലർത്തിക്കൊണ്ട് ക്രിസ്തുവിന്റെ സന്ദേശം പകരുവാൻ സാധിക്കുമെന്നതിൽ സംശയമില്ല.

+ GAlencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

മൗണ്ട് സെന്റ് തോമസ്, കാക്കനാട്, 26/04/2015

Prot. No. 0982/2015

# സർക്കുലർ

## ബൽത്തങ്ങാടി രൂപതാസന്ദർശനം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2015 ഏപ്രിൽ 30 മുതൽ മെയ് 5 വരെ നടന്ന ബൽത്തങ്ങാടി രൂപതാസന്ദർശനത്തെക്കുറിച്ചുള്ള അവലോകനം സഭാമക്കളെ അറിയിക്കാൻ അതിയായ സന്തോഷമുണ്ട്. 16 വർഷം പിന്നിട്ട രൂപത വളരെ വളർന്നുവികസിച്ചിട്ടുണ്ട്. എല്ലായിടത്തും പള്ളികൾ, പള്ളിമേടകൾ, കന്യകാലയങ്ങൾ ഒക്കെ ആയി. സദാ പ്രവർത്തന നിരതമായിരിക്കുന്ന ഒരു പ്രേഷിത സമൂഹത്തെ ബൽത്തങ്ങാടിയിൽ കാണാം.

ദൈവജനം മുഴുവൻ മേജർ ആർച്ച് ബിഷപ്പിന്റെ അജപാലന സന്ദർശനത്തെ നോക്കിപ്പാർത്തിരുന്നതായി തോന്നി. നന്നായി പ്രാർത്ഥിച്ചൊരുങ്ങുകയും ചെയ്തിരുന്നു. എല്ലാ മുഖങ്ങളിലും ഉത്സാഹം ദൃശ്യമായിരുന്നു. ആറു മേഖലകളിലായി നടന്ന വി. കുർബാനയുടെ ആഘോഷവും സമ്മേളനങ്ങളും കൃത്യതയോടെ വിശദാംശങ്ങൾവരെ ആലോചിച്ച് തീരുമാനിച്ച് സംഘടിപ്പിച്ചവയായിരുന്നു. കുട്ടികൾ വരെ അച്ചടക്കം അക്ഷരശ പാലിച്ചിരുന്നു. എല്ലാ കർമ്മങ്ങൾക്കും ആത്മീയതയുടെ പരിവേഷം ഉണ്ടായിരുന്നു.

വൈദികരുടെ കൂട്ടായ്മ ഭദ്രമാണ്. അധികം പേരും രൂപത ഉണ്ടായശേഷം പട്ടം സ്വീകരിച്ചവരും ശുശ്രൂഷയ്ക്കായി വന്നവരുമാകയാൽ രൂപതയുടെ വളർച്ചയ്ക്കുവേണ്ടി അധ്വാനിക്കാനുള്ള അഭിനിവേശം അവർ പ്രകടമാക്കുന്നു. രൂപതാവൈദികരും സമർപ്പിത വൈദികരും അജപാലനത്തിൽ ഒരുപോലെ കൈ കോർക്കുന്നു. സമർപ്പിതരായ സിസ്റ്റേഴ്സ് തീക്ഷ്ണതയോടെ അജപാലനരംഗത്ത് സജീവസാന്നിധ്യമായി പ്രവർത്തിക്കുന്നു. അർപ്പണബോധമുള്ള മതാധ്യാപകരുടെ നിസ്വാർത്ഥ സേവനം വിശ്വാസപരിശീലനരംഗത്ത് വലിയൊരു മുതൽക്കൂട്ടാണ്. അല്മായ പ്രേഷിതരുടെ പ്രവർത്തനം സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ രൂപതയ്ക്ക് സജീവത്വം നല്കുന്നുണ്ട്. ദക്ഷിണ കന്നട റൂറൽ ഡവലപ്പ്മെന്റ് സൊസൈററി ബൽത്തങ്ങാടി എന്ന

പേരിൽ രൂപത നടത്തുന്ന സാമൂഹ്യപ്രവർത്തന ഏജൻസി വഴി ദരിദ്രരായവരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി ധാരാളം പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

കുട്ടികളുടെ വിശ്വാസ പരിശീലനം, അവരുടെയും യുവാക്കളുടെയും മുതിർന്നവരുടെയും സംഘടനാപ്രവർത്തനങ്ങൾ, കുടുംബ പ്രേഷിതത്വം എന്നിവ പരമ്പരാഗത രൂപതകളിലെന്നപോലെ ബൽത്തങ്ങാടിയിലും നടക്കുന്നു. വിദ്യാഭ്യാസരംഗത്ത് ഭിന്നശേഷിയുള്ളവർക്കുൾപ്പടെ സ്ക്കൂളുകളും സാങ്കേതിക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഒരു ആർട്ട്സ് കോളേജും നേഴ്സിംഗ് സ്ക്കൂളും കുടകിൽ തിരുഹൃദയ സന്ന്യാസിനി സമൂഹത്തിന്റെയും ബൽത്തങ്ങാടിയിൽ അഗതികളുടെ സഹോദരികളുടെയും ഉടമസ്ഥതയിൽ നടക്കുന്ന ഓരോ ആശുപത്രിയും ബൽത്തങ്ങാടി രൂപതയുടെ പൊതുജന സേവനത്തിന്റെ തിലകക്കുറികളാണ്.

അഭിവന്ദ്യ പിതാവിന്റെയും രൂപത മുഴുവന്റെയും നല്ല സമീപനങ്ങൾ സുമനസ്സുകളെ രൂപതയുടെ ഉപകാരികളാക്കുന്നുണ്ട്. ശ്രീ.കസിമീർ – നഥാലിയ കുട്ടീനോ കുടുംബത്തിന്റെ ഒരു ഏക്കർ 10 സെന്റ് സ്ഥലവും ഒരു കെട്ടിടവും രൂപതയുടെ മൈനർ സെമിനാരിക്കായി മാംഗളൂർ – മൈസൂർ സ്റ്റേററ് ഹൈവേയുടെ അരികിൽ പുത്തൂർ എന്ന സ്ഥലത്ത് നല്കിയെന്നത് എടുത്തുപറയേണ്ട ഉദാഹരണമാണ്. ഇതിനു പുറമേ പല ഇടവകകൾക്കും ഉദാരമതികളായ മറ്റു വ്യക്തികൾ സ്ഥലം ദാനം ചെയ്തിട്ടുള്ളതും അനുസ്മരണീയമാണ്.

സാംസ്ക്കാരിക അനുരൂപണത്തിൽ രൂപത ഏറെ ശ്രദ്ധിക്കുന്നുണ്ട്. കന്നഡ, തുളുഭാഷകളുടെ ഉപയോഗം ശുശ്രൂഷകരുടെയും ജനങ്ങളുടെയും ഇടയിൽ വേണ്ടത്ര വ്യാപിച്ചിരിക്കുന്നു. കുട്ടികളുടെ നൃത്തനൃത്യപരിപാടികളും സാസ്ക്കാരിക അനുരൂപണം നന്നായി പ്രതിഫലിപ്പിക്കുന്നു.

ബൽത്തങ്ങാടി രൂപതയും ആ പ്രദേശത്തുള്ള മാംഗളൂർ, ഉടുപ്പി എന്നീ ലത്തീൻ രൂപതകളും പുത്തുർ മലങ്കര കത്തോലിക്കാ രൂപതയും നല്ല സഹകരണത്തോടെ ഒന്നു ചേർന്ന് പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞു. ബൽത്തങ്ങാടി രൂപതയിലേയ്ക്ക് ലോറൻസ് മുക്കുഴി പിതാവും അലോഷ്യസ് പോൾ ഡിസൂസ പിതാവും ഒരുമിച്ചാണ് എന്നെ സ്വീകരിച്ചതും ആശംസകൾ നേർന്ന് സംസാരിച്ചതും. ബൽത്തങ്ങാടി ലത്തീൻ ഇടവകയിൽ പ്രത്യേക സ്വീകരണ പരിപാടിയുണ്ടായിരുന്നു. അവിടെ ആവേശത്തോടെ എന്നെ സ്വീകരിച്ച ആളുകളോട് ദൈവാലയത്തിൽ സംസാരിക്കാനും വി.കുർബാനയുടെ

ആശീർവാദം നല്കാനും എനിക്ക് അവസരം ലഭിച്ചു. മററു സ്ഥലങ്ങളിലെ സീറോ മലബാർ പരിപാടികളിൽ ലത്തീൻ, മലങ്കര വൈദികരുടെയും സമർപ്പിതരുടെയും സാന്നിധ്യവും സഹകരണവും സർവ്വത്ര ദൃശ്യമായിരുന്നു.

എക്യൂമെനിസത്തിനും ബൽത്തങ്ങാടി രൂപത പ്രാധാന്യം കല്പിക്കുന്നുണ്ട്. ബൽത്തങ്ങാടിയിലെ സ്വീകരണ സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അവിടുത്തെ മെത്രാപ്പോലീത്ത ജേക്കബ് മാർ ഏലിയാസ് തിരുമേനി സംബന്ധിച്ചിരുന്നു.

കർണാടകയിൽ ഗവൺമെന്റ് തലത്തിലും രാഷ്ട്രീയ മേഖലയിലും ഉള്ള നേതാക്കളുമായി നല്ല ബന്ധം പുലർത്താൻ ബൽത്തങ്ങാടി രൂപതയ്ക്കു കഴിയുന്നുണ്ട്. ആദ്യദിവസം എന്നെ സ്വീകരിക്കാനെത്തിയവരിൽ മംഗലാപുരം M.L.A ശ്രീ. ജെ. ആർ. ലോബോയും, M.L.C ശ്രീ. ഇവാൻ ഡി സൂസായും ഉണ്ടായിരുന്നു. കൂടാതെ ബൽത്തങ്ങാടിയിൽ നടന്ന മതസൗഹാർദ്ദ സമ്മേളനത്തിൽ വനം-പരിസ്ഥിതി മന്ത്രി ശ്രീ. രാമനാഥ് റായ്, ബൽത്തങ്ങാടി M.L.A ശ്രീ. വസന്ത് ബംഗേര എന്നിവർ സംബന്ധിച്ചു.

ഇതര രൂപതകൾക്ക് മാതൃകയാക്കാവുന്ന ഒരു പ്രവർത്തനം ബൽത്തങ്ങാടിയിൽ ആരംഭിച്ചിട്ടുണ്ട്. മതാന്തര സംവാദമാണത്. രൂപതാധ്യക്ഷന്റെ നേതൃത്വത്തിലുള്ള ഈ സംരംഭത്തെ ഉന്നതരായ ഹൈന്ദവ സന്ന്യാസികളും ഇസ്ലാമിക നേതാക്കളും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അജപാലന സന്ദർശനത്തിനിടയിൽ ബൽത്തങ്ങാടിയിലും സിദ്ധാപ്പുരയിലും വച്ച് രണ്ട് മതസൗഹാർദ്ദ സമ്മേളനങ്ങൾ നടന്നു. അവയിൽ ബൽത്തങ്ങാടിയിൽ നടന്ന മതസൗഹാർദ്ദ സമ്മേളനത്തിൽ സംബന്ധിച്ച ദക്ഷിണ കന്നടയിലെ Shri Kshethra Dharmasthala യുടെ Dharmadhikari Padma Vibhushan Dr.D.Veerendra Heggade, Kukke Shri Subrahmanya Temple se Sri Sri Sri Vidyaprasanna Theertha Swamiji എന്നീ മതാചാര്യന്മാരുടെയും Chokkabettu se Moulana V.K.Abdul Aziz Darimi യുടെയും സിദ്ധപ്പുരയിൽ നടന്ന സമ്മേളനത്തിൽ സംബന്ധിച്ച Kodagu Veerajpet മഠത്തിലെ Sri Sri Sri Shanthamallikarjuna Swamy, Sri Arameri Kalancheri, Siddapura Muslim Jamath ന്റെ President Sri Usman haji എന്നിവരുടെയും സാന്നിധ്യവും പ്രഭാഷണങ്ങളും മാധ്യമങ്ങൾ ഏറെ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സന്ദർഭങ്ങളിൽ മതാന്തരസംവാദത്തോട് ബന്ധപ്പെട്ട സഭാനിലപാടു അവതരിപ്പിക്കാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യത്തോടെ ഓർമ്മിക്കുന്നു. മതപരമായി മാത്രമല്ല സഭയും

സമൂഹവും എല്ലാതലങ്ങളിലും ഉൾച്ചേർന്ന് പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

കർണാടക സംസ്ഥാനത്തിലുള്ള മൂന്നു സീറോ മലബാർ രൂപതകളായ ബൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ എന്നീ രൂപതകൾ ഒന്നിച്ച് പ്രേഷിതപരവും അജപാലനപരവുമായ പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള ചിന്തകൾ നടക്കുന്നുണ്ട്. അതിന്റെ ഫലമായി കർണാടക സീറോ മലബാർ കാത്തലിക് അസോസിയേഷൻ ബൽത്തങ്ങാടി രൂപതയിൽ ആരംഭിച്ച് പ്രവർത്തനങ്ങൾ വിഭാവനം ചെയ്തുവരുന്നത് ശുഭോദർക്കമായ നടപടിയാണ്. ഈ അസോസിയേഷനെ കത്തോലിക്ക കോൺഗ്രസിനോട് അഫിലിയേററ് ചെയ്യുന്നത് നന്നായിരിക്കും.

അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിനും ബൽത്തങ്ങാടി രൂപതയിലെ എല്ലാ പ്രേഷിതർക്കും അഭിനന്ദനങ്ങൾ! കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളോടു കൂടി ഉണ്ടായിരിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

മൗണ്ട് സെന്റ് തോമസ്, കാക്കനാട്
14/05/2015

## കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന

# കാരുണ്യത്തിന്റെ മുഖം

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 8, ഏപ്രിൽ 2015*

1. സ്വർഗ്ഗസ്ഥപിതാവിന്റെ കാരുണ്യത്തിന്റെ മുഖമാണ് യേശു ക്രിസ്തു. ക്രൈസ്തവ വിശ്വാസരഹസ്യത്തിന്റെ സംഗ്രഹം ഈ വാക്കുകളിലുണ്ട്. നസറത്തിലെ യേശുവിൽ അതിന്റെ പാരമ്യത്തിലെത്തിക്കൊണ്ട് കാരുണ്യം അവിടുന്നിൽ സജീവവും ദർശനീയവുമായി. "കാരുണ്യത്തിൽ സമ്പന്നനായ" പിതാവ് (എഫേ. 2:4) "കാരുണ്യവാനും കൃപാനിധിയും കോപിക്കുന്നതിൽ വിമുഖനും സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരനും" (പുറ. 34.6) എന്ന നിലയിൽ തന്റെ നാമം മോശയ്ക്ക് വെളിപ്പെടുത്തിയശേഷം, തന്റെ ദൈവികസ്വഭാവം ചരിത്രത്തിൽ ഉടനീളം വ്യത്യസ്തമായ വഴികളിൽ ഒരിക്കലും പ്രദർശിപ്പിക്കാതിരുന്നിട്ടില്ല. "സമയത്തിന്റെ തികവിൽ" (ഗലാ. 4:4) തന്റെ രക്ഷാകര പദ്ധതിക്കനുസൃതമായി എല്ലാം ക്രമീകരിക്കപ്പെട്ടപ്പോൾ, നമ്മോടുള്ള തന്റെ സ്നേഹം സുനിശ്ചിതമായ വിധത്തിൽ വെളിപ്പെടുത്തുന്നതിന് കന്യകാമറിയത്തിൽനിന്നു ജാതനായ ഏകകുമാരനെ അവിടുന്ന് ലോകത്തിലേക്കയച്ചു. യേശുവിനെ കാണുന്ന ആരും പിതാവിനെ കാണുന്നു (cf. യോഹ. 14:9) നസറത്തിലെ, യേശു തന്റെ വാക്കുകളും പ്രവൃത്തികളും തന്റെ മുഴുവൻ വ്യക്തിത്വവും കൊണ്ട് ദൈവത്തിന്റെ കാരുണ്യം വെളിപ്പെടുത്തുന്നു.

2. കാരുണ്യത്തിന്റെ രഹസ്യം നാം നിരന്തരം ധ്യാനിക്കേണ്ടിയിരിക്കുന്നു. ആനന്ദത്തിന്റെയും പ്രശാന്തതയുടെയും സമാധാനത്തിന്റെയും ഉറവയാണത്. നമ്മുടെ രക്ഷ അതിനെ ആധാരമാക്കിയിരിക്കുന്നു. കാരുണ്യം: ഈ വാക്ക് പരിശുദ്ധ പരമത്രിത്വത്തിന്റെ രഹസ്യത്തെത്തന്നെ വെളിപ്പെടുത്തുന്നു. കാരുണ്യം: നമ്മെ സന്ദർശിക്കുവാൻ ദൈവം ആഗതനായ ആത്യന്തികവും പരമവുമായ നടപടി. കാരുണ്യം: ജീവിതത്തിന്റെ വഴിത്താരയിൽ സ്വന്തം സഹോദരീസഹോദരന്മാരുടെ കണ്ണുകളിലേക്ക് ആത്മാർത്ഥതയോടെ നോക്കുന്ന ഏതൊരു വ്യക്തിയുടെയും ഹൃദയത്തിൽ വസിക്കുന്ന മൗലിക നിയമം. കാരുണ്യം: നമ്മൾ പാപികളായിരിക്കെ എന്നേക്കുമായി സ്നേഹിക്ക

പ്പെടുന്നതിന്റെ പ്രത്യാശയിലേയ്ക്ക് നമ്മുടെ ഹൃദയങ്ങളെ തുറന്നു കൊണ്ട് ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം.

3. സ്വജീവിതത്തിൽ സ്വർഗസ്ഥപിതാവിന്റെ പ്രവർത്തനത്തിന്റെ കൂടുതൽ കാര്യക്ഷമമായ അടയാളമായിരിക്കത്തക്കവിധം കൂടുതൽ ശ്രദ്ധാപൂർവം കാരുണ്യത്തെ ഉറ്റുനോക്കുവാൻ ചിലപ്പോൾ നമ്മൾ വിളിക്കപ്പെടുന്നു. ഇക്കാരണത്താൽ, സഭയ്ക്ക് സവിശേഷമായ ഒരു കാലം എന്ന നിലയിൽ *കാരുണ്യത്തിന്റെ അസാധാരണമായ ഒരു ജൂബിലി* ഞാൻ പ്രഖ്യാപിച്ചിരിക്കുന്നു; വിശ്വാസികളുടെ സാക്ഷ്യം കൂടുതൽ ശക്തവും കൂടുതൽ കാര്യക്ഷമവും ആകാവുന്ന ഒരു കാലം.

2015 ഡിസംബർ 8-ന്, അമലോത്ഭവത്തിരുനാളിൽ, ഈ 'വിശുദ്ധ വർഷം' ആരംഭിക്കും. മനുഷ്യരാശിയുടെ ചരിത്രത്തിന്റെ തുടക്കം മുതൽക്കുള്ള ദൈവത്തിന്റെ പ്രവർത്തനത്തെ, ആരാധനവർഷത്തിലെ ഈ തിരുനാൾ അനുസ്മരിക്കുന്നു. ആദത്തിന്റെയും ഹവ്വയുടെയും പാപത്തിനുശേഷം തിന്മയുടെ പ്രാണവേദനയിൽ മനുഷ്യരാശിയെ ഒറ്റയ്ക്കു വിടുവാൻ ദൈവം ആഗ്രഹിച്ചില്ല. അതുകൊണ്ട് മറിയത്തെ മനുഷ്യന്റെ രക്ഷകന്റെ അമ്മയായി തെരഞ്ഞെടുത്തുകൊണ്ട് സ്നേഹത്തിൽ പരിശുദ്ധയും നിഷ്കളങ്കയുമായ (cf. എഫേ. 1:4) അവളിലേയ്ക്ക് അവിടുത്തെ കടാക്ഷം തിരിഞ്ഞു. പാപത്തിന്റെ ഗൗരവത്തെ അഭിമുഖീകരിച്ചപ്പോൾ കാരുണ്യത്തിന്റെ പൂർണതകൊണ്ട് ദൈവം പ്രത്യുത്തരിച്ചു. കാരുണ്യം ഏതു പാപത്തെക്കാളും വലുതായിരിക്കും. ക്ഷമിക്കാൻ എപ്പോഴും സന്നദ്ധനായ ദൈവത്തിന്റെ സ്നേഹത്തിന് ഒരാൾക്കും പരിധിവയ്ക്കാനാവില്ല. അമലോത്ഭവതിരുനാളിൽ വിശുദ്ധകവാടം തുറക്കുന്നതിനുള്ള ആനന്ദം എനിക്കുണ്ടാവും. അന്നേദിവസം വിശുദ്ധ കവാടം പ്രവേശിക്കുന്ന ഏതൊരാളും, സമാശ്വസിപ്പിക്കുകയും ക്ഷമിക്കുകയും പ്രത്യാശ വളർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്ന *കാരുണ്യത്തിന്റെ ഒരു കവാടം* ആയിത്തീരും.

തുടർന്നുവരുന്ന ഞായറാഴ്ച, ആഗമനകാലത്തിലെ മൂന്നാം ഞായർ, റോമിന്റെ കത്തീഡ്രലിന്റെ – അതായത് സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയുടെ – വിശുദ്ധ കവാടം തുറക്കും. തുടർന്നുള്ള ആഴ്ചകളിൽ മറ്റു പേപ്പൽ ബസിലിക്കകളുടെ വിശുദ്ധ കവാടങ്ങളും തുറക്കും. അതേ ഞായറാഴ്ച, ഓരോ പ്രാദേശിക സഭയിലെയും കത്തീഡ്രലിൽ – അതതു പ്രദേശത്തെ വിശ്വാസികളുടെ മാതൃദൈവാലയത്തിൽ – അല്ലെങ്കിൽ സഹകത്തീഡ്രലിലോ സവിശേഷപ്രാധാന്യമുള്ള മറ്റൊരു

ദൈവാലയത്തിലോ വിശുദ്ധ വർഷത്തിലേക്കായി കാരുണ്യത്തിന്റെ ഒരു കവാടം തുറന്നതാണെന്ന് ഞാൻ പ്രഖ്യാപിക്കും. സ്ഥലത്തെ മെത്രാന്റെ അഭിലാഷമനുസരിച്ച്, ഏറെ തീർത്ഥാടകസംഘങ്ങൾ സന്ദർശിക്കാറുള്ള ഏതു തീർത്ഥകേന്ദ്രത്തിലും സമാനമായ ഒരു കവാടം തുറക്കാം. എന്തെന്നാൽ ജനങ്ങൾ മാനസാന്തരത്തിനുള്ള ഒരു പാത കണ്ടെത്തുന്നതിനാൽ ഈ പുണ്യസ്ഥലങ്ങളിലേക്കുള്ള സന്ദർശനങ്ങൾ കൃപനിറഞ്ഞ നിമിഷങ്ങളാണ്. അതുകൊണ്ട് ഓരോ പ്രാദേശികസഭയും, കൃപയുടെയും ആധ്യാത്മിക നവീകരണത്തിന്റെയും ഒരു അസാധാരണവേള എന്ന നിലയിൽ ഈ വിശുദ്ധവർഷം ആചരിക്കുന്നതിൽ നേരിട്ട് പങ്കാളികളായിരിക്കും. അങ്ങനെ ഈ ജൂബിലി, സഭയുടെ സാർവത്രിക കൂട്ടായ്മയുടെ കാണപ്പെടുന്ന ഒരടയാളം എന്നനിലയ്ക്ക് റോമിലും പ്രാദേശിക സഭകളിലും ഒരുപോലെ ആഘോഷിക്കപ്പെടും.

4. ഡിസംബർ 8 എന്ന തീയതി ഞാൻ തെരഞ്ഞെടുത്തിരിക്കുന്നത് സഭയുടെ സമീപകാല ചരിത്രത്തിൽ അതിനുള്ള പ്രാധാന്യം കണക്കിലെടുത്താണ്. വാസ്തവത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിന്റെ അമ്പതാം വാർഷികത്തിലാണ് ഞാൻ വിശുദ്ധ കവാടം തുറക്കുന്നത്. ഈ സംഭവം സജീവമായി നിലനിർത്തേണ്ട വലിയൊരു ആവശ്യകത സഭയ്ക്ക് അനുഭവപ്പെടുന്നുണ്ട്. കൗൺസിലോടുകൂടി സഭ അവളുടെ ചരിത്രത്തിലെ ഒരു പുതിയഘട്ടത്തിലേക്കു പ്രവേശിച്ചു. പരിശുദ്ധാത്മാവിന്റെ ശരിയായ ഒരുനിവേശം എന്നനിലയിൽ, തങ്ങളുടെകാലത്തെ സ്ത്രീപുരുഷന്മാരോട് കൂടുതൽ അഭിഗമ്യമായ ഒരു വിധത്തിൽ ദൈവത്തെക്കുറിച്ചു സംസാരിക്കേണ്ടതിന്റെ ആവശ്യകത കൗൺസിൽ പിതാക്കന്മാർ ശക്തമായി മുന്നിൽക്കണ്ടു. ഏറെക്കാലമായി സഭയെ ഒരുതരം കോട്ടയാക്കിത്തീർത്തിരുന്ന ചുമരുകൾ ഇടിഞ്ഞുവീണു; നവമായ ഒരു രീതിയിൽ സുവിശേഷം പ്രഘോഷിക്കേണ്ട സമയം വന്നെത്തി. തുടക്കം മുതൽതന്നെ നിലനിന്നിരുന്ന അതേ സുവിശേഷവത്ക്കരണത്തിന്റെ പുതിയൊരു ഘട്ടമായിരുന്നു അത്. കൂടുതൽ ഉത്സാഹത്തോടും ബോധ്യത്തോടുംകൂടി തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യംവഹിക്കുന്നതിനു സകല ക്രൈസ്തവർക്കുമുള്ള പുതിയൊരു ചുമതലയായിരുന്നു അത്. ലോകത്തിൽ പിതാവിന്റെ സ്നേഹത്തിന്റെ ജീവിക്കുന്ന അടയാളമാകുന്നതിനുള്ള ഉത്തരവാദിത്തം സഭ മനസ്സിലാക്കി.

പിന്തുടരേണ്ട പാത സൂചിപ്പിച്ചുകൊണ്ട് വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ കൗൺസിലിന്റെ ഉദ്ഘാടന പ്രസംഗത്തിൽ

പറഞ്ഞ ഹൃദയസ്പൃക്കായ വാക്കുകൾ നമുക്ക് അനുസ്മരിക്കാം: "ഇക്കാലത്താകട്ടെ കാഠിന്യത്തിന്റെ കരവാളെടുക്കുന്നതിനെക്കാൾ കാരുണ്യത്തിന്റെ ഔഷധം പ്രയോഗിക്കാനാണ് ക്രിസ്തുവിന്റെ മണവാട്ടി ഇഷ്ടപ്പെടുന്നത്.... കത്തോലിക്കാസഭ ഈ സാർവത്രിക സൂനഹദോസുവഴി സാർവത്രിക സത്യത്തിന്റെ കൈത്തിരി ഉയർത്തിപ്പിടിച്ചുകൊണ്ട് വാത്സല്യപൂർണമായ ഒരു മാതാവായി സകലർക്കും തന്നെത്തന്നെ കാണിച്ചുകൊടുക്കാനാഗ്രഹിക്കുന്നു. അവൾ സൗമ്യയാണ്, ക്ഷമാശീലയാണ്, തന്നിൽന്നും വേർപെട്ട മക്കളോട് കാരുണ്യവും നന്മയും നിറഞ്ഞവളാണ്". കൗൺസിലിന്റെ സമാപനത്തിൽ, വാഴ്ത്തപ്പെട്ട പോൾ ആറാമൻ മാർപാപ്പയും ഇതേമട്ടിൽ സംസാരിച്ചു: "ഈ സൂനഹദോസിന്റെ മുഖ്യ മതാത്മക സ്വഭാവം സ്നേഹമായിരുന്നതെങ്ങനെയെന്ന് ചൂണ്ടിക്കാട്ടുവാൻ എനിക്ക് കൂടുതൽ താൽപര്യമുണ്ട്.... നല്ല സമരിയാക്കാരന്റെ പഴയ കഥയായിരുന്നു ഈ സൂനഹദോസിന്റെ ആദ്ധ്യാത്മികതയുടെ മാതൃക.... മനുഷ്യരാശിയുടെ ആധുനിക ലോകത്തിനുമേൽ സൂനഹദോസിൽനിന്ന് വാത്സല്യത്തിന്റെയും ആദരവിന്റെയും കുത്തൊഴുക്കുണ്ടായി. തെറ്റുകൾ തള്ളിപ്പറയപ്പെട്ടു; എന്തെന്നാൽ സത്യത്തെക്കാൾ ഒട്ടും കുറയാത്ത വിധത്തിൽ സ്നേഹവും ഇതാവശ്യപ്പെടുന്നു. എന്നാൽ വ്യക്തികളെ സംബന്ധിച്ചാകട്ടെ ഉപദേശവും ആദരവും സ്നേഹവുമേ അവിടെയുണ്ടായിരുന്നുള്ളൂ. മനം മടുപ്പുണ്ടാക്കുന്ന രോഗനിർണയങ്ങളെക്കാൾ, പ്രോത്സാഹനമരുളുന്ന പ്രതിവിധികളും ഭീഷണമായ പ്രവചനങ്ങളെക്കാൾ പ്രത്യാശയുടെ സന്ദേശങ്ങളും സൂനഹദോസിൽനിന്ന് വർത്തമാനകാല ലോകത്തിലേക്ക് പുറപ്പെട്ടു. ആധുനിക ലോകത്തിന്റെ മൂല്യങ്ങൾ മാനിക്കപ്പെടുക മാത്രമല്ല ആദരിക്കപ്പെടുകയും അതിന്റെ പരിശ്രമങ്ങൾ അംഗീകരിക്കപ്പെടുകയും അതിന്റെ അഭിലാഷങ്ങൾ വിമലീകരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തു.... നമ്മൾ ഊന്നിപ്പറയേണ്ട മറ്റൊരു കാര്യം ഇതാണ്: സമ്പന്നമായ ഈ പ്രബോധനമത്രയും, ഏതവസ്ഥയിലും ഏതു ദൗർബല്യത്തിലും ആവശ്യകതയിലുള്ള മനുഷ്യരാശിക്കുള്ള സേവനം എന്ന ഒരേയൊരു ദിശയിലേക്ക് ചാലുകീറിയിരിക്കുന്നു.

സഭ സ്വീകരിച്ച എല്ലാറ്റിനും വേണ്ടിയുള്ള കൃതജ്ഞതയുടെ വികാരങ്ങളോടെയും മുന്നിലുള്ള ദൗത്യങ്ങളെ സംബന്ധിച്ച ഉത്തരവാദിത്തബോധത്തോടെയും നാം വിശുദ്ധ കവാടത്തിന്റെ പൂമുഖം കടക്കും. നമ്മുടെ തീർത്ഥാടനപാതയിൽ നമ്മെ നിരന്തരം പിന്തുണയ്ക്കുന്ന ഉത്ഥിതനായ കർത്താവിന്റെ ശക്തി നമ്മെ നിലനിർത്തുമെന്ന് പൂർണ

മായി ഉറപ്പിച്ചുകൊണ്ടാണ് നാമിതു ചെയ്യുക. ക്രിസ്തു നിർവഹിച്ച രക്ഷാകരകർമ്മത്തോടു സഹകരിക്കുന്നതിൽ വിശ്വാസികളുടെ ചുവടുകളെ നയിക്കുന്ന പരിശുദ്ധാത്മാവ്, അവർ കാരുണ്യത്തിന്റെ മുഖം ധ്യാനിക്കത്തക്കവിധം ദൈവജനത്തെ വഴിനടത്തുകയും പിന്താങ്ങുകയും ചെയ്യട്ടെ.

5. 2016 നവംബർ 20 ന് ക്രിസ്തുവിന്റെ രാജത്വത്തിരുനാളിൽ ജൂബിലിവർഷം സമാപിക്കും. അന്ന് നാം വിശുദ്ധകവാടം മുദ്രവയ്ക്കുമ്പോൾ, നമുക്ക് സവിശേഷമായ ഒരു കൃപാകാലം നൽകിയതിന് പരിശുദ്ധ പരമ ത്രിത്വത്തോടുള്ള നന്ദിയുടെയും കൃതജ്ഞതയുടെയും ഒരു ബോധത്താൽ നാം നിറയും. കൂടുതൽ മെച്ചപ്പെട്ട ഒരു ഭാവി കെട്ടിപ്പടുക്കുന്നതിന് എല്ലാവരും ഒന്നുചേർന്ന് ജോലിചെയ്യത്തക്കവിധം പ്രഭാതത്തിലെ മഞ്ഞുതുള്ളിപോലെ തന്റെ കാരുണ്യം നമ്മുടെമേൽ ചൊരിയണമേയെന്ന് അപേക്ഷിച്ചുകൊണ്ട് സഭയുടെ ജീവിതത്തെയും മനുഷ്യരാശിയെയും പ്രപഞ്ചം മുഴുവനെയും ക്രിസ്തുവിന്റെ കർത്തൃത്വത്തിന് നാം ഭരമേൽപ്പിക്കും. ദൈവത്തിന്റെ നന്മയും ദയാവായ്പും എത്തിച്ചുകൊടുത്തുകൊണ്ട് സകലമനുഷ്യരിലേക്കും ചെല്ലുവാൻ നമുക്ക് കഴിയത്തക്കവിധം വരുന്നവർഷം കാരുണ്യത്തിൽ മുങ്ങിയതായിരിക്കണമെന്ന് ഞാൻ എത്രമേൽ ആഗ്രഹിക്കുന്നു! ദൈവരാജ്യം നമുക്കിടയിൽ ഇപ്പോൾത്തന്നെ സന്നിഹിതമാണെന്നതിന്റെ അടയാളമായി കാരുണ്യത്തിന്റെ ലേപനൗഷധം വിശ്വാസികളും അകലെയുള്ളവരുമായ സകലരിലും ചെന്നുചേരട്ടെ!

6. "കാരുണ്യം കാണിക്കുക ദൈവത്തിനു യോജിച്ചതാണ്. തന്റെ സർവശക്തി അവിടുന്ന് സവിശേഷമായി ഈ വിധത്തിൽ ആവിഷ്കരിക്കുന്നു." ദൈവത്തിന്റെ കാരുണ്യം ദൗർബല്യത്തിന്റെ അടയാളമെന്നതിനെക്കാൾ അവിടുത്തെ സർവശക്തിയുടെ അടയാളമാണെന്ന് വിശുദ്ധ തോമസ് അക്വീനാസിന്റെ വാക്കുകൾ കാണിക്കുന്നു. ഇക്കാരണത്താൽ ആരാധനക്രമം അതിന്റെ ഏറ്റവും പ്രാചീനമായ ഒരു പ്രാർത്ഥനയിൽ ഇപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു: "ഓ, ദൈവമേ, എല്ലാറ്റിലുമുപരി തന്റെ കാരുണ്യത്തിലും ക്ഷമയിലും അവിടുന്ന്.... സ്വശക്തി വെളിപ്പെടുത്തുന്നുവല്ലോ..." മനുഷ്യരാശിയുടെ ചരിത്രത്തിലുടനീളം ദൈവം എപ്പോഴും സന്നിഹിതനും സമീപസ്ഥനും ദയാനിധിയും പരിശുദ്ധനും കാരുണ്യവാനും ആയിരിക്കും.

"ക്ഷമാശീലനും കാരുണ്യവാനും." ദൈവത്തിന്റെ സ്വഭാവം വിവരിക്കുവാൻ പഴയനിയമത്തിൽ ഈ വാക്കുകൾ പലപ്പോഴും ഒരു

മിച്ചു പോകുന്നു. ദൈവത്തിന്റെ നന്മ ശിക്ഷയുടെയും തകർച്ചയുടെയും മേൽ പ്രബലമാകുന്ന രക്ഷാകര ചരിത്രത്തിലുടനീളം അവിടുത്തെ കാരുണ്യം തന്റെനിരവധി പ്രവർത്തനങ്ങളിൽ സമൂർത്തമായി പ്രകാശിപ്പിച്ചിട്ടുണ്ട്. ഏറെ സവിശേഷമായ വിധത്തിൽ അവിടുത്തെ കരുണാപൂർണമായ പ്രവർത്തനത്തിന്റെ ഗാംഭീര്യം സങ്കീർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്നു: "അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു; നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു. അവിടുന്നു നിന്റെ ജീവനെ പാതാളത്തിൽനിന്നു രക്ഷിക്കുന്നു; അവിടുന്നു സ്നേഹവും കരുണയുംകൊണ്ട് നിന്നെ കിരീടമണിയിക്കുന്നു (സങ്കീ. 103:3-4). മറ്റൊരു സങ്കീർത്തനം കുറേക്കൂടി പ്രകടമായ വിധത്തിൽ അവിടുത്തെ കാരുണ്യത്തിന്റെ സമൂർത്തമായ അടയാളങ്ങൾ സാക്ഷ്യപ്പെടുത്തുന്നു: "മർദ്ദിതർക്ക് അവിടുന്ന് നീതി നടത്തിക്കൊടുക്കുന്നു; വിശക്കുന്നവർക്ക് അവിടുന്ന് ആഹാരം നൽകുന്നു; കർത്താവ് ബന്ധിതരെ മോചിപ്പിക്കുന്നു. കർത്താവ് അന്ധരുടെ കണ്ണു തുറക്കുന്നു; അവിടുന്ന് നിലംപറ്റിയവരെ എഴുന്നേൽപിക്കുന്നു; അവിടുന്ന് നീതിമാന്മാരെ സ്നേഹിക്കുന്നു. കർത്താവ് പരദേശികളെ പരിപാലിക്കുന്നു; വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു; എന്നാൽ, ദുഷ്ടരുടെ വഴി അവിടുന്ന് നാശത്തിലെത്തിക്കുന്നു" (സങ്കീ. 146:7-9). സങ്കീർത്തകന്റെ മറ്റുചില ആവിഷ്കരണങ്ങൾ ഇതാ: "അവിടുന്ന് ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചു കെട്ടുകയും ചെയ്യുന്നു... കർത്താവ് എളിയവരെ ഉയർത്തുന്നു; ദുഷ്ടരെ തറപറ്റിക്കുന്നു" (സങ്കീ. 147:3-6). ചുരുക്കത്തിൽ കർത്താവിന്റെ കാരുണ്യം ഒരു അമൂർത്ത ആശയമല്ല, മറിച്ച്, തന്റെ കുഞ്ഞിനോടുള്ള സ്നേഹത്തെപ്രതി ആഴങ്ങളിലേക്കു നീങ്ങുന്ന ഒരു മാതാവിന്റെയോ പിതാവിന്റെയോ സ്നേഹം പോലെയുള്ള തന്റെ സ്നേഹം അവിടുന്നു വെളിപ്പെടുത്തുന്ന ഒരു സമൂർത്ത യാഥാർത്ഥ്യമാണ്. ഇതൊരു "ആന്തരിക" സ്നേഹമാണെന്നു പറയുന്നത് ഒട്ടും അതിശയോക്തിയല്ല. ദയാവായ്പും അനുകമ്പയും ലാളനവും കാരുണ്യവും നിറഞ്ഞ് ആഴങ്ങളിൽനിന്ന് അതു സ്വാഭാവികമായി കുതിച്ചൊഴുകുന്നു.

7. "അവിടുത്തെ കാരുണ്യം അനന്തമാണ്." 136-ാം സങ്കീർത്തനം ദൈവത്തിന്റെ വെളിപാടിന്റെ ചരിത്രം വിവരിക്കുമ്പോൾ ഓരോ ഖണ്ഡത്തിനുംശേഷം ആവർത്തിക്കുന്ന പല്ലവിയാണിത്. കാരുണ്യം കൊണ്ട് പഴയനിയമത്തിലെ എല്ലാ സംഭവങ്ങളും അഗാധമായ രക്ഷാകര പ്രധാന്യം കൈവരിക്കുന്നു. ഇസ്രായേലുമായുള്ള ദൈവത്തിന്റെ

ചരിത്രത്തെ കാരുണ്യം രക്ഷചരിത്രമാക്കി മാറ്റുന്നു. സങ്കീർത്തനം ചെയ്യുന്നതുപോലെ "അവിടുത്തെ കാരുണ്യം അനന്തമാണ്" എന്നു തുടർച്ചയായി ആവർത്തിക്കുന്നത്, സകലതിനെയും സ്നേഹത്തിന്റെ ശാശ്വതരഹസ്യത്തിലേക്ക് ഉൾച്ചേർത്തുകൊണ്ട് സമയത്തിന്റെയും കാലത്തിന്റെയും മാനങ്ങളെ തുളച്ചുകടക്കുന്നു. ചരിത്രത്തിൽ മാത്രമല്ല, നിത്യതയിലും മനുഷ്യൻ എപ്പോഴും സ്വർഗസ്ഥപിതാവിന്റെ കരുണാകടാക്ഷത്തിൻ കീഴിലായിരിക്കുമെന്ന് പറയുന്നതുപോലെയാണത്. ഇസ്രായേൽജനം ഈ സങ്കീർത്തനം – "മഹത്തായ ഹല്ലേൽ" എന്നു വിളിക്കപ്പെടുന്ന ഈ സങ്കീർത്തനം – അവരുടെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളുകളിലെ ആരാധനയിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിച്ചു എന്നത് യാദൃശ്ചികമല്ല.

തന്റെ പീഡാസഹനത്തിനു മുമ്പ്, കാരുണ്യത്തിന്റെ ഈ സങ്കീർത്തനം ഉപയോഗിച്ച് യേശു പ്രാർത്ഥിച്ചു. "സ്തോത്രഗീതം ആലപിച്ചശേഷം" (മത്താ. 26:30) യേശുവും ശിഷ്യന്മാരും ഒലിവുമലയിലേക്കു പോയി എന്നു പറയുമ്പോൾ മത്തായി തന്റെ സുവിശേഷത്തിൽ ഇതു സാക്ഷ്യപ്പെടുത്തുന്നു. തന്റെയും തന്റെ പെസഹാബലിയുടെയും ശാശ്വത സ്മാരകമായി ദിവ്യകാരുണ്യം സ്ഥാപിക്കുമ്പോൾ, വെളിപാടിന്റെ ഈ പരമപ്രവൃത്തിയെ അവിടുന്ന് തന്റെ കാരുണ്യത്തിന്റെ വെളിച്ചത്തിൽ പ്രതീകാത്മകമായി പ്രതിഷ്ഠിച്ചു. കാരുണ്യത്തിന്റെ അതേ ചട്ടക്കൂട്ടിൽ, താൻ കുരിശിൽ പൂർത്തിയാക്കാനിരിക്കുന്ന മഹത്തായ സ്നേഹരഹസ്യത്തെക്കുറിച്ച് ബോധവാനായി യേശു തന്റെ പീഡാസഹനത്തിലേക്കും മരണത്തിലേക്കും പ്രവേശിച്ചു. യേശുതന്നെ ഈ സങ്കീർത്തനം ചൊല്ലി പ്രാർത്ഥിച്ചു എന്നറിയുന്നത് ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. "എന്തെന്നാൽ അവിടുത്തെ കാരുണ്യം അനന്തമാണ്" എന്ന സ്തുതി വചനം പ്രാർത്ഥിച്ചുകൊണ്ട് നമ്മുടെ ദൈനംദിന ജീവിതങ്ങളിൽ ഈ പല്ലവി ഏറ്റെടുക്കുവാൻ അതു നമ്മെ വെല്ലുവിളിക്കുന്നു.

8. യേശുവിലും അവിടുത്തെ കരുണാകടാക്ഷത്തിലും നമ്മുടെ ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ട് പരിശുദ്ധ പരമത്രിത്വത്തിന്റെ സ്നേഹം നമ്മൾ അനുഭവിക്കുന്നു. ദൈവികസ്നേഹത്തിന്റെ രഹസ്യം അതിന്റെ പൂർണതയിൽ വെളിപ്പെടുത്തുക എന്നതായിരുന്നു പിതാവിൽനിന്ന് യേശു സ്വീകരിച്ച ദൗത്യം. "ദൈവം സ്നേഹമാകുന്നു" (1യോഹ 4:8,16) എന്ന് തിരുവചനത്തിൽ ആദ്യമായും ഒരിക്കൽ മാത്രമായും യോഹന്നാൻ തറപ്പിച്ചു പറയുന്നു. ഈ സ്നേഹം യേശുവിന്റെ ജീവിതത്തി

ലാകെയും ദർശനീയവും സ്പർശനീയവുമായിരിക്കുന്നു. അവിടുത്തെ വ്യക്തിത്വം സ്നേഹമല്ലാതെ മറ്റൊന്നുമല്ല; സൗജന്യമായി നൽകപ്പെടുന്ന സ്നേഹം. തന്നെ സമീപിക്കുന്നവരുമായി അവിടുന്നു രൂപപ്പെടുത്തിയ ബന്ധങ്ങൾ തികച്ചും തനതും ആവർത്തനക്ഷമമല്ലാത്തതുമായ ഒന്നിനെ വെളിപ്പെടുത്തുന്നു. അവിടുന്നു പ്രവർത്തിക്കുന്ന അടയാളങ്ങൾ, പ്രത്യേകിച്ച് പാപികളുടെയും ദരിദ്രരുടെയും പ്രാന്തവത്കരിക്കപ്പെട്ടവരുടെയും രോഗികളുടെയും യാതനയനുഭവിക്കുന്നവരുടെയും മുന്നിൽ പ്രവർത്തിച്ച അടയാളങ്ങൾ, എല്ലാം കാരുണ്യം അഭ്യസിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അവിടുന്നിൽ ഉള്ളതെല്ലാം കാരുണ്യം പ്രഘോഷിക്കുന്നു. അവിടുന്നിൽ ഉള്ള ഒന്നും അനുകമ്പാരഹിതമല്ല.

തന്നെ അനുഗമിച്ച ജനക്കൂട്ടങ്ങളെ കണ്ട്, അവർ ക്ഷീണിതരും ക്ലേശിതരും നഷ്ടപ്പെട്ടവരും ഇടയനില്ലാത്തവരും ആണെന്ന് യേശു തിരിച്ചറിയുകയും അവരോട് അഗാധമായ അനുകമ്പ തോന്നുകയും ചെയ്തു. (cf. മത്താ. 9:36) അനുകമ്പനിറഞ്ഞ ഈ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ, തന്റെ അടുത്ത് കൊണ്ടുവരപ്പെട്ട രോഗികളെ അവിടുന്നു സുഖപ്പെടുത്തി (cf. മത്താ. 14:14). ഏതാനും അപ്പക്കഷണങ്ങളും ഏതാനും മത്സ്യവും കൊണ്ട് വലിയ പുരുഷാരത്തെ അവിടുന്നു തൃപ്തിപ്പെടുത്തി (cf. മത്താ. 15:37). ഈ സന്ദർഭങ്ങളിലെല്ലാം യേശുവിനെ ചലിപ്പിച്ചത് കാരുണ്യമല്ലാതെ മറ്റൊന്നുമല്ല. താൻ കണ്ടുമുട്ടിയവരുടെ ഹൃദയങ്ങളെ അവിടുന്ന് കാരുണ്യംകൊണ്ടു വായിക്കുകയും അവരുടെ ഏറ്റവും ആഴത്തിലുള്ള ആവശ്യങ്ങളോട് ആ കാരുണ്യംകൊണ്ട് അവിടുന്ന് പ്രത്യുത്തരിക്കുകയും ചെയ്തു. മൃതനായ തന്റെ മകനെ സംസ്കരിക്കുവാൻ കൊണ്ടുപോകുന്ന നായിനിലെ വിധവയെ കണ്ടപ്പോൾ, ദു:ഖിതയായ ഈ അമ്മയുടെ അത്യധികമായ സഹനത്തെക്കുറിച്ച് അവിടുത്തേക്ക് വലിയ അനുകമ്പതോന്നി; മരിച്ചവരിൽനിന്ന് ഉയർപ്പിച്ച് ആ മകനെ അവിടുന്ന് അവൾക്ക് തിരിച്ചു നൽകി. (cf. ലൂക്കാ 7:15) ഗെരസേനരുടെ നാട്ടിലെ പിശാചുബാധിതനെ സ്വതന്ത്രനാക്കിയശേഷം യേശു അവനെ ഈ ദൗത്യമേല്പിച്ചു: “നീ വീട്ടിൽ സ്വന്തക്കാരുടെ അടുത്തേക്കു പോവുക. കർത്താവ് നിനക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചുവെന്നും എങ്ങനെ നിന്നോടു കരുണകാണിച്ചുവെന്നും അവരെ അറിയിക്കുക” (മർക്കോ. 5:19). മത്തായിയെ വിളിച്ചതും കാരുണ്യത്തിന്റെ ചട്ടക്കൂട്ടിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ചുങ്കസ്ഥലത്തുകൂടി നടന്നുനീങ്ങവേ യേശു മത്തായിയെ സശ്രദ്ധം നോക്കി. പാപിയും ചുങ്കക്കാരനുമായ ആ മനുഷ്യന്റെ പാപങ്ങൾ ക്ഷമിക്കുന്ന കാരുണ്യം

നിറഞ്ഞ നോട്ടമായിരുന്നു അത്. ശിഷ്യരുടെ വിമുഖത വകവയ്ക്കാതെ, പന്ത്രണ്ടുപേരിൽ ഒരുവനാകുവാൻ യേശു അവനെ തെരഞ്ഞെടുത്തു. യേശു മത്തായിയെ കരുണാർദ്രസ്നേഹംകൊണ്ട് നോക്കുകയും അവനെ തെരഞ്ഞെടുക്കുകയും ചെയ്തു എന്ന് ഈ സുവിശേഷഭാഗം വ്യാഖ്യാനിച്ചുകൊണ്ട് വന്ദ്യനായ വിശുദ്ധ ബീഡ് എഴുതി: Miserando atque eligendo (കരുണയോടെ നോക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തു). ഈ പ്രയോഗം എന്നെ വളരെ ആകർഷിക്കുകയും അതു കൊണ്ട് എന്റെ മെത്രാൻ പദത്തിലെ ആപ്തവാക്യമായി ഞാനതു തെര ഞ്ഞെടുക്കുകയും ചെയ്തു.

9. കാരുണ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന നീക്കിവച്ച ഉപമക ളിൽ, തെറ്റ് ക്ഷമിക്കുകയും തിരസ്കാരത്തെ അനുകമ്പയും കാരുണ്യ വുംകൊണ്ടു മറികടക്കുകയും ചെയ്യുന്നതുവരെ ക്ഷീണമറിയാത്ത ഒരു പിതാവിന്റെ സ്വഭാവമായ ദൈവികസ്വഭാവത്തെ യേശു വെളിപ്പെടു ത്തുന്നു. ഈ ഉപമകൾ നമുക്ക് നന്നായി അറിയാം, പ്രത്യേകിച്ച് മൂന്നെണ്ണം: കാണാതായ ആട്, കാണാതായ നാണയം, രണ്ടു പുത്രന്മാ രുള്ള പിതാവ് (cf. ലൂക്കാ 15:1–32) ഈ ഉപമകളിൽ സന്തോഷം നിറഞ്ഞ വനായി, പ്രത്യേകിച്ച് ക്ഷമിക്കുമ്പോൾ സന്തോഷം നിറഞ്ഞവനായി, ദൈവത്തെ അവതരിപ്പിക്കുന്നു. അവയിൽ സുവിശേഷത്തിന്റെയും നമ്മുടെ വിശ്വാസത്തിന്റെയും  കാതൽ നാം കണ്ടെത്തുന്നു. എന്തെ ന്നാൽ, ഹൃദയത്തിൽ സന്തോഷം നിറച്ചുകൊണ്ടും ക്ഷമയിലൂടെ സമാ ശ്വാസമേകിക്കൊണ്ടും സകലതിനെയും മറികടക്കുന്ന ശക്തിയായി കാരുണ്യത്തെ അവതരിപ്പിച്ചിരിക്കുന്നു.

മറ്റൊരു ഉപമയിൽനിന്ന് നമ്മുടെ ക്രൈസ്തവ ജീവിതത്തിനുള്ള സുപ്രധാനമായ ഒരു പാഠം നമുക്കു ലഭിക്കുന്നു. എത്രവട്ടം ക്ഷമിക്കണം എന്നതു സംബന്ധിച്ച പത്രോസിന്റെ ചോദ്യത്തിനു മറുപടിയായി യേശു പറയുന്നു: "ഏഴെന്നല്ല, ഏഴ് എഴുപതു പ്രാവശ്യം എന്നു ഞാൻ നിന്നോടു പറയുന്നു" (മത്താ. 18:22). അവിടുന്നു തുടർന്ന് "നിർദ്ദയ നായ ഭൃത്യന്റെ" ഉപമ പറയുന്നു. വലിയൊരു തുക കടപ്പെട്ടിരുന്ന തന്നെ യജമാനൻ വിളിപ്പിച്ചപ്പോൾ അവൻ വീണ് നമസ്കരിച്ചുകൊണ്ട് കാരുണ്യത്തിനായി യാചിച്ചു. യജമാനൻ കടം ഇളച്ചുകൊടുത്തു. എന്നാൽ അവൻ പുറത്തിറങ്ങിയപ്പോൾ, ചെറിയൊരു തുക നൽകാനു ണ്ടായിരുന്ന സഹസേവകരിലൊരുവനെ കണ്ടുമുട്ടി. കാരുണ്യത്തിനായി അപേക്ഷിച്ച് അവനും വീണു നമസ്കരിച്ചെങ്കിലും ആദ്യത്തെ സേവ കൻ അതു സമ്മതിക്കാതെ സഹസേവകനെ കാരാഗൃഹത്തിൽ അടച്ചു.

യജമാനൻ ഇതറിഞ്ഞപ്പോൾ കോപാകുലനായി അവനെ വിളിച്ചു പറയുന്നു: "ഞാൻ നിന്നോടു കാരുണ്യം കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോടു കാരുണ്യം കാണിക്കേണ്ടതായിരുന്നില്ലേ?" (മത്താ. 18:33). യേശു ഇങ്ങനെ ഉപസംഹരിക്കുന്നു: "നിങ്ങൾ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെതന്നെ പ്രവർത്തിക്കും" (മത്താ. 18:35).

ഈ ഉപമ നമുക്കെല്ലാവർക്കുംവേണ്ടിയുള്ള അഗാധമായ ഒരു പ്രബോധനം ഉൾക്കൊള്ളുന്നുണ്ട്. കാരുണ്യം എന്നത് സ്വർഗ്ഗസ്ഥപിതാവിന്റെ ഒരു പ്രവൃത്തി മാത്രമല്ലെന്നും ആരാണ് അവിടുത്തെ യഥാർത്ഥ മക്കൾ എന്നതു നിശ്ചയിക്കുന്നതിനുള്ള ഒരു മാനദണ്ഡമായിത്തീരുന്നുവെന്നും യേശു തറപ്പിച്ചുപറയുന്നു. ചുരുക്കത്തിൽ, ആദ്യം നമ്മോടു കാരുണ്യം കാണിക്കപ്പെട്ടതിനാൽ നമ്മളും കാരുണ്യം കാണിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. കുറ്റങ്ങൾ ക്ഷമിക്കുക എന്നത് കരുണാർദ്രസ്നേഹത്തിന്റെ ഏറ്റവും വ്യക്തമായ പ്രകാശനമാകുന്നു. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഒഴിവുകഴിവില്ലാത്ത ഒരു നിബന്ധനയാണത്. ചിലപ്പോൾ ക്ഷമിക്കുക എന്നത് എത്ര കഠിനമാണ്! എന്നാൽ അത്, ഹൃദയത്തിന്റെ പ്രശാന്തത കൈവരിക്കുവാൻ നമ്മുടെ ലോലകരങ്ങളിലേക്ക് വച്ചു തന്നിരിക്കുന്ന ഉപകരണമാണുതാനും. അരിശം, ക്രോധം, അക്രമം, പ്രതികാരം തുടങ്ങിയവ വിട്ടുപേക്ഷിക്കുക എന്നത് ആനന്ദപൂർവം ജീവിക്കുന്നതിനുള്ള അവശ്യോപാധികളാണ്. അതുകൊണ്ടു നമുക്ക് പൗലോസ് ശ്ലീഹായുടെ ആഹ്വാനം ശ്രവിക്കാം: "നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ" (എഫേ. 4:26). എല്ലാറ്റിലുമുപരി, കാരുണ്യത്തെ ജീവിതാദർശവും നമ്മുടെ വിശ്വാസത്തിന്റെ വിശ്വാസ്യതയ്ക്കുള്ള മാനദണ്ഡവും ആക്കിയ യേശുവിന്റെ വാക്കുകൾ നമുക്കു ശ്രദ്ധിച്ചു കേൾക്കാം: "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും" (മത്താ. 5:7): ഈ 'വിശുദ്ധ വർഷ'ത്തിൽ നാം സവിശേഷമായി അഭിലഷിക്കേണ്ട സുവിശേഷ ഭാഗ്യമാണിത്.

തിരുവചനത്തിൽ നമുക്കു കാണാവുന്നതുപോലെ, നമ്മുടെ നേർക്കുള്ള ദൈവത്തിന്റെ പ്രവൃത്തിയെ സൂചിപ്പിക്കുന്ന മുഖ്യപദമാണു കാരുണ്യം. തന്റെ സ്നേഹം ഊന്നിപ്പറയുക എന്നതിലേക്ക് ദൈവം തന്നെത്തന്നെ പരിമിതപ്പെടുത്തുന്നില്ല; മറിച്ച് ആ സ്നേഹം ദർശനീയവും സ്പർശനീയവുമാക്കുന്നു. എന്തുപറഞ്ഞാലും സ്നേഹത്തിന് വെറുമൊരു അമൂർത്തവസ്തുവായിരിക്കാൻ കഴിയില്ല. അതിന്റെ സ്വഭാ

വത്താൽതന്നെ, സമൂർത്തമായ എന്തിനെയോ അതു സൂചിപ്പിക്കുന്നു: ദൈനംദിന ജീവിതത്തിൽ പ്രദർശിപ്പിക്കപ്പെടുന്ന ഉദ്ദേശ്യങ്ങൾ, മനോഭാവങ്ങൾ, പെരുമാറ്റ രീതികൾ തുടങ്ങിയവയെ, നാമോരോരുത്തരോടുമുള്ള ദൈവത്തിന്റെ സ്നേഹപൂർണമായ കരുതലാണ് അവിടുത്തെ കാരുണ്യം. ഉത്തരവാദിത്തമുള്ളതായി അവിടുത്തേക്ക് അനുഭവപ്പെടുന്നു; അതായത്, അവിടുന്ന് നമ്മുടെ സുസ്ഥിതി കാംക്ഷിക്കുകയും നമ്മൾ സന്തോഷഭരിതരായി, ആനന്ദഭരിതരായി, സമാധാന പൂർണരായി ഇരിക്കുന്നതു കാണുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ക്രൈസ്തവരുടെ കരുണാർദ്രസ്നേഹവും സഞ്ചരിക്കേണ്ട പാതയാണിത്. പിതാവ് സ്നേഹിക്കുന്നതുപോലെ അവിടുത്തെ മക്കളും സ്നേഹിക്കുന്നു. അവിടുന്ന് കാരുണ്യവാനായിരിക്കുന്നതുപോലെ പരസ്പരം കാരുണ്യമുള്ളവരായിരിക്കുവാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു.

10. കാരുണ്യമാണ് സഭയുടെ ജീവിതത്തിന്റെ അടിസ്ഥാനം. അവളുടെ അജപാലന പ്രവർത്തനമാകെയും വിശ്വാസികൾക്ക് അവൾ സന്നിഹിതമാക്കുന്ന ദയാവായ്പിൽ നെയ്തതായിരിക്കണം; അവളുടെ പ്രഘോഷണത്തിലും ലോകത്തോടുള്ള അവളുടെ സാക്ഷ്യത്തിലും യാതൊന്നും കാരുണ്യരഹിതമായിക്കൂടാ. കരുണാർദ്രവും അനുകമ്പ നിറഞ്ഞതുമായ സ്നേഹം എങ്ങനെ പ്രകടിപ്പിക്കുന്നു എന്നതിലാണ് സഭയുടെ വിശ്വാസ്യതതന്നെയും കാണപ്പെടുന്നത്. "കാരുണ്യം കാണിക്കുന്നതിനുള്ള അനന്തമായ ആഗ്രഹം" സഭയ്ക്കുണ്ട്. ഒരുപക്ഷേ, കാരുണ്യത്തിന്റെ പാത എങ്ങനെ കാണിക്കുകയും ജീവിക്കുകയും വേണമെന്ന് ദീർഘകാലമായി നമ്മൾ മറന്നിരിക്കാം. ഒരുവശത്ത് നീതിയിൽ മാത്രമായി ശ്രദ്ധയൂന്നുവാനുള്ള പ്രലോഭനം, ആവശ്യമുള്ളതും ഒഴിച്ചുകൂടാനാവാത്തതുമായ പടിയാണ് നീതി എങ്കിലും അത് ആദ്യത്തേതു മാത്രമാണ് എന്നതു നമ്മൾ മറക്കാൻ ഇടയാക്കി. എന്നാൽ സഭ അതിനപ്പുറവും ചെന്ന് കൂടുതൽ ഉന്നതവും കൂടുതൽ പ്രധാനവുമായ ലക്ഷ്യത്തിനായി പരിശ്രമിക്കേണ്ടതുണ്ട്. മറുവശത്ത്, കൂടുതൽ വിശാലമായ സംസ്കാരത്തിൽ കാരുണ്യത്തിന്റെ പ്രയോഗം മങ്ങിവരികയാണെന്ന് ഖേദപൂർവം നമ്മൾ സമ്മതിക്കണം. ചില സന്ദർഭങ്ങളിൽ ഈ വാക്ക് പ്രയോഗത്തിലില്ലാത്തതായി പോലും കാണപ്പെടുന്നു. എന്തായാലും, കാരുണ്യത്തിനുള്ള സാക്ഷ്യമില്ലെങ്കിൽ ജീവിതം വന്ധ്യമരുഭൂമിയിൽ അടയ്ക്കപ്പെട്ടതുപോലെ ഫലരഹിതവും തരിശുമാകും. കാരുണ്യത്തിനുവേണ്ടിയുള്ള ആനന്ദകരമായ വിളി ഒരിക്കൽക്കൂടി ഏറ്റെടുക്കുവാൻ

സഭയ്ക്കു സമയമായി. അടിസ്ഥാനങ്ങളിലേയ്ക്കു മടങ്ങുവാനും നമ്മുടെ സഹോദരീ സഹോദരന്മാരുടെ ദൗർബല്യങ്ങളും പോരാട്ടങ്ങളും വഹിക്കുവാനും സമയമായി. നമ്മെ പുതുജീവനിലേക്കു വിളിച്ചുണർത്തുകയും പ്രത്യാശയോടെ ഭാവിയിലേക്കു നോക്കുവാൻ നമുക്കു കരുത്തേകുകയും ചെയ്യുന്ന ശക്തിയാണു കാരുണ്യം.

11. വിശുദ്ധ ജോൺ പോൾ രണ്ടാമൻ കരുണയിൽ സമ്പന്നൻ (*Dives in Misericordia*) എന്ന തന്റെ രണ്ടാമത്തെ ചാക്രികലേഖനത്തിൽ നൽകിയ മഹത്തായ പ്രബോധനം നമുക്ക് മറക്കാതിരിക്കാം. ആ സമയത്ത് അപ്രതീക്ഷിതമായിരുന്ന ആ പ്രബോധനത്തിന്റെ പ്രമേയം അനേകരെ അമ്പരപ്പിച്ചു. സവിശേഷമായി അതിലെ രണ്ടു ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഒന്നാമത്, ഇന്നത്തെ സാംസ്കാരിക പരിസ്ഥിതിയിൽ നമ്മൾ കാരുണ്യത്തിന്റെ പ്രമേയം വിസ്മരിച്ചു എന്ന വസ്തുത വിശുദ്ധ ജോൺ പോൾ രണ്ടാമൻ എടുത്തുപറയുന്നു: "ഒരുപക്ഷേ, കഴിഞ്ഞകാലത്തെ ജനങ്ങളുടെ മന:സ്ഥിതിയെക്കാൾ വർത്തമാനകാല മന:സ്ഥിതി കരുണാമയനായ ഒരു ദൈവത്തിന് എതിരാണെന്നതുപോലെ തോന്നുന്നു. വാസ്തവത്തിൽ കാരുണ്യം എന്ന ആശയത്തെത്തന്നെ ജീവിതത്തിൽ നിന്ന് ഒഴിവാക്കുവാനും മനുഷ്യഹൃദയത്തിൽനിന്നു നീക്കിക്കളയുവാനും പരിശ്രമിക്കുന്നു. ചരിത്രത്തിൽ മുമ്പ് അറിയപ്പെട്ടിട്ടില്ലാത്ത തോതിലുള്ള ബൃഹത്തായ ശാസ്ത്ര-സാങ്കേതിക വികസനംകൊണ്ട് ഭൂമിയുടെ യജമാനനായിത്തീരുകയും അതിനെ കീഴടക്കുകയും അധീനപ്പെടുത്തുകയും ചെയ്ത മനുഷ്യനിൽ (cf. ഉൽപ. 1:28) 'കാരുണ്യം' എന്ന വാക്കും ആശയവും അസ്വാസ്ഥ്യം ജനിപ്പിക്കുന്നതുപോലെ കാണപ്പെടുന്നു. ചിലപ്പോൾ ഏകപരീക്ഷയും ഉപരിപ്ലവവുമായ വിധത്തിൽ മനസ്സിലാക്കപ്പെടുന്ന, ഭൂമിക്കുമേലുള്ള ഈ അധീശത്വത്തിൽ കാരുണ്യത്തിന് ഇടമില്ലാത്തതുപോലെ തോന്നാം.... ഇതുകൊണ്ടാണ് ഇന്നത്തെ സഭയുടെയും ലോകത്തിന്റെയും സാഹചര്യത്തിൽ, വിശ്വാസത്തിന്റേതായ ഒരു സജീവബോധത്താൽ നയിക്കപ്പെടുന്ന നിരവധി വ്യക്തികളും സംഘങ്ങളും – ഏതാണ്ടു സ്വയംപ്രേരിതമായി എന്നു ഞാൻ പറയും – ദൈവത്തിന്റെ കാരുണ്യത്തിലേക്ക് തിരിയുന്നത്.

അതിനുമപ്പുറം, സമകാലീന ലോകത്തിൽ കൂടുതൽ അടിയന്തരമായി കാരുണ്യം പ്രഘോഷിക്കുന്നതിലേക്കും അതിനു സക്ഷ്യം വഹിക്കുന്നതിലേക്കും വിശുദ്ധ ജോൺ പോൾ രണ്ടാമൻ സമ്മർദ്ദം ചെലുത്തി: "മനുഷ്യനോടുള്ള സ്നേഹം, മാനവികമായതും നമ്മുടെ നിരവധി

സമകാലീനരുടെ അന്തർജ്ഞാനമനുസരിച്ച് ആസന്നമായ ഒരപകട ത്താൽ ഭീഷണിപ്പെടുത്തപ്പെടുന്നതുമായ സകലതിനോടുമുള്ള സ്നേഹം ആവശ്യപ്പെടുന്നതാണത്. ക്രിസ്തുവിന്റെ രഹസ്യ ത്തിൽത്തന്നെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ കരുണാർദ്രസ്നേഹ മായി കാരുണ്യം പ്രഘോഷിക്കുവാൻ ക്രിസ്തുവിന്റെ അതേ രഹസ്യം എന്നെ നിർബന്ധിക്കുന്നു. ആ കാരുണ്യത്തിലേക്കു തിരിയുവാനും സഭ യുടെയും ലോകത്തിന്റെയും ചരിത്രത്തിലെ വിഷമകരവും നിർണായ കവുമായ ഈ ഘട്ടത്തിൽ ആ കാരുണ്യത്തിനായി കേണപേക്ഷിക്കു വാനും അതുപോലെ അത് എന്നെ നിർബന്ധിക്കുന്നു." എന്നത്തെ ക്കാളും പ്രസക്തമാണ് ഈ പ്രബോധനം. ഈ വിശുദ്ധവർഷത്തിൽ അത് നാം ഒരിക്കൽക്കൂടി ഏറ്റെടുക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കൽക്കൂടി നമുക്കു ശ്രവിക്കാം: "കാരുണ്യം പ്രഖ്യാപി ക്കുകയും പ്രഘോഷിക്കുകയും ചെയ്യുമ്പോൾ സഭ ആധികാരികമായ ഒരു ജീവിതം നയിക്കുന്നു. സ്രഷ്ടാവിന്റെയും രക്ഷകന്റെയും ഏറ്റവും അതിഗംഭീരമായ സവിശേഷതയാണത്. താൻ കാര്യസ്ഥയും ദായക യുമായ രക്ഷകന്റെ കാരുണ്യത്തിന്റെ ഉറവിടങ്ങളിലേക്ക് ജനങ്ങളെ അടു പ്പിച്ചുകൊണ്ടുവരുമ്പോൾ സഭ ആധികാരികമായ ഒരു ജീവിതം നയി ക്കുന്നു."

12. സ്വന്തംവിധത്തിൽ ഓരോ വ്യക്തിയുടെയും ഹൃദയത്തെയും മനസ്സിനെയും തുളച്ചുകടക്കേണ്ട സുവിശേഷത്തിന്റെ സ്പന്ദിക്കുന്ന ഹൃദയമായ ദൈവകാരുണ്യം പ്രഖ്യാപിക്കുവാൻ സഭ ചുമതലപ്പെടു ത്തപ്പെട്ടിരിക്കുന്നു. ഒന്നൊഴിയാതെ എല്ലാവരിലേക്കും ചെന്നെത്തിയ ദൈവപുത്രന് അനുസൃതയായി ക്രിസ്തുവിന്റെ മണവാട്ടി തന്റെ പെരു മാറ്റം ചിട്ടപ്പെടുത്തണം. ഇന്ന്, സഭ നവസുവിശേഷവത്കരണത്തിന്റെ ദൗത്യമേറ്റിരിക്കുമ്പോൾ കാരുണ്യത്തിന്റെ പ്രമേയം പുതിയ ഉത്സാഹ ത്തോടും നവീകൃതമായ അജപാലകപ്രവർത്തനത്തോടുംകൂടി വീണ്ടും വീണ്ടും പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. സഭതന്നെ കാരുണ്യം ജീവിക്കു കയും അതിനു സാക്ഷ്യംവഹിക്കുകയും ചെയ്യേണ്ടത് സഭയെയും അവ ളുടെ സന്ദേശത്തിന്റെ വിശ്വാസ്യതയെയും സംബന്ധിച്ച് അങ്ങേയറ്റം സുപ്രധാനമാണ്. സകല ജനങ്ങളുടെയും ഹൃദയങ്ങളെ സ്പർശിക്കു കയും പിതാവിലേക്കു നയിക്കുന്ന പാത കണ്ടെത്തുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യത്തക്കവിധം അവളുടെ ഭാഷയും ശരീരചലന ങ്ങളും കാരുണ്യം പ്രസരിപ്പിക്കുന്നതാവണം.

ക്രിസ്തുവിന്റെ സ്നേഹമാണ് സഭയുടെ ആദ്യസത്യം. സഭ തന്നെത്തന്നെ ഈ സ്നേഹത്തിന്റെ ശുശ്രൂഷകയാക്കുകയും സകല ജനങ്ങൾക്കും അതു വിനിമയംചെയ്യുകയും ചെയ്യുന്നു: ക്ഷമിക്കുകയും ആത്മദാനത്തിൽ സ്വയം പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഒരു സ്നേഹം. തത്ഫലമായി, സഭ സന്നിഹിതമായിരിക്കുന്നിടത്തെല്ലാം പിതാവിന്റെ കാരുണ്യം പ്രകടമായിരിക്കണം. നമ്മുടെ ഇടവകകളിൽ, സന്യാസ സമൂഹങ്ങളിൽ, സംഘടനകളിൽ, പ്രസ്ഥാനങ്ങളിൽ, ചുരുക്കത്തിൽ ക്രൈസ്തവരുള്ള എല്ലായിടത്തും ഏതൊരാൾക്കും കാരുണ്യത്തിന്റെ മരുപ്പച്ച കണ്ടെത്താനാവണം.

13. ഈ ജൂബിലിവർഷം കർത്താവിന്റെ വാക്കുകളുടെ വെളിച്ചത്തിൽ ജീവിക്കുവാൻ നമ്മളാഗ്രഹിക്കുന്നു: പിതാവിനെപ്പോലെ കരുണയുള്ളവർ. "നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക 6:36) എന്നു പറയുന്ന യേശുവിന്റെ പ്രബോധനം സുവിശേഷകൻ നമ്മെ അനുസ്മരിപ്പിക്കുന്നു. സന്തോഷവും സമാധാനവുംകൊണ്ട് സമ്പന്നമായിരിക്കുന്നതുപോലെ തന്നെ നമ്മളിൽ നിന്ന് പലതും ആവശ്യപ്പെടുകകൂടി ചെയ്യുന്ന ഒരു ജീവിതപരിപാടിയാണത്. തന്റെ വാക്ക് ശ്രദ്ധിക്കുവാൻ തയ്യാറായ ഏതൊരാളെയും ഉദ്ദേശിച്ചുള്ളതാണ് യേശുവിന്റെ കല്പന. (cf. ലൂക്കാ 6:27) അതുകൊണ്ട്, കാരുണ്യത്തിനു പ്രാപ്തരാകുവാൻ നാം ആദ്യം ദൈവവചനത്തോട് ആഭിമുഖ്യമുള്ളവരാകണം. നമ്മിലേക്കുവരുന്ന വചനത്തെക്കുറിച്ചു ധ്യാനിക്കുവാൻ നിശ്ശബ്ദതയുടെ മൂല്യം വീണ്ടും കണ്ടെത്തുക എന്ന് ഇത് അർത്ഥമാക്കുന്നു. ഈ വിധത്തിൽ, ദൈവത്തിന്റെ കാരുണ്യം ധ്യാനിക്കുവാനും അതു നമ്മുടെ ജീവിതശൈലിയാക്കുവാനും സാധ്യമാണ്.

14. വിശുദ്ധവർഷത്തിൽ തീർത്ഥാടനകർമ്മത്തിനു സവിശേഷ സ്ഥാനമുണ്ട്; എന്തെന്നാൽ, ഈ ജീവിതത്തിൽ നാം ഓരോരുത്തരും നടത്തുന്ന യാത്രയെ അതു പ്രതിനിധാനം ചെയ്യുന്നു. ജീവിതം തന്നെ ഒരു തീർത്ഥാടനമാണ്. മനുഷ്യവ്യക്തി നിശ്ചിതലക്ഷ്യത്തിലേക്കു നീങ്ങുന്ന ഒരു പഥികൻ (viator), പാതയിലൂടെ നീങ്ങുന്ന ഒരു തീർത്ഥാടകൻ, ആണ്. അതുപോലെ റോമിലെയോ ലോകത്തിൽ മറ്റ് ഏതു സ്ഥലത്തെയോ വിശുദ്ധ കവാടത്തിലെത്തുവാൻ തന്റെ കഴിവനുസരിച്ച് ഓരോ വ്യക്തിയും ഒരു തീർത്ഥാടനം നടത്തേണ്ടതുണ്ട്. എത്തിച്ചേരേണ്ട ഒരു ലക്ഷ്യമാണു കാരുണ്യം എന്നും അതിന് സമർപ്പണവും സഹനവും ആവശ്യമുണ്ടെന്നുമുള്ളതിന്റെ ഒരു അടയാളമായി

രിക്കും ഇത്. തീർത്ഥാടനം മാനസാന്തരത്തിനുള്ള ഒരു ഉത്തേജനമാകട്ടെ: വിശുദ്ധ കവാടത്തിന്റെ പൂമുഖം കടക്കുന്നതിലൂടെ, ദൈവകാരുണ്യത്തെ ആശ്ലേഷിക്കുന്നതിനും പിതാവ് നമ്മോടു കാണിച്ചതുപോലെ മറ്റുള്ളവരോടു കരുണയുള്ളവരായിരിക്കുവാൻ നമ്മെത്തന്നെ സമർപ്പിക്കുന്നതിനുമുള്ള ശക്തി നാം കണ്ടെത്തും.

നമ്മുടെ ലക്ഷ്യം നേടുന്നതിനുള്ള തീർത്ഥാടനത്തിന്റെ ചുവടുകൾ കർത്താവായ യേശു നമുക്കു കാണിച്ചുതരുന്നു. "നിങ്ങൾ വിധിക്കരുത്; നിങ്ങളുടെ വിധിക്കപ്പെടുകയില്ല. കുറ്റാരോപണം നടത്തരുത്; നിങ്ങളുടെമേലും കുറ്റം ആരോപിക്കപ്പെടുകയില്ല. ക്ഷമിക്കുവിൻ; നിങ്ങളോടും ക്ഷമിക്കപ്പെടും. കൊടുക്കുവിൻ; നിങ്ങൾക്കും കിട്ടും. അമർത്തി കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടുതരും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും" (ലൂക്കാ 6:37–38). എല്ലാറ്റിലുമുപരി വിധിക്കാതിരിക്കുവാനും കുറ്റം ആരോപിക്കാതിരിക്കുവാനും കർത്താവ് നമ്മോട് ആവശ്യപ്പെടുന്നു. കർത്താവിന്റെ വിധി ഒഴിവാക്കുവാൻ ഒരുവൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സഹോദരന്റെയോ സഹോദരിയുടെയോ വിധികർത്താവ് ആകരുത്. വിധിക്കുമ്പോൾ മനുഷ്യർ ഉപരിതലത്തിലപ്പുറം നോക്കുന്നില്ല. പിതാവാകട്ടെ ആത്മാവിന്റെ ആഴങ്ങളിലേക്ക് നോക്കുന്നു. സ്പർദ്ധയുടെയും അസൂയയുടെയും വികാരങ്ങളാൽ പ്രേരിതമാകുമ്പോൾ വാക്കുകൾ എത്രമാത്രം ദ്രോഹമാണു ചെയ്യുക! മറ്റുള്ളവരെക്കുറിച്ചു ദൂഷണം പറയുന്നത് അവരിൽ ചെളിപുരട്ടുകയും അവരുടെ യശ്ശസിടിക്കുകയും കെട്ടുകഥകൾക്ക് അവരെ ഇരയാക്കുകയും ചെയ്യുന്നു. വിധിപറച്ചിലിൽനിന്നും കുറ്റാരോപണത്തിൽനിന്നും അകന്നിരിക്കുക എന്നത്, പ്രസാദാത്മകമായി, ഓരോ വ്യക്തിയിലെയും നന്മ എങ്ങനെ അംഗീകരിക്കാമെന്നും നമ്മുടെ ഭാഗികമായ വിധിയെഴുത്തുകൊണ്ടും അയാളെക്കുറിച്ച് എല്ലാം അറിയാമെന്ന നമ്മുടെ ഔദ്ധത്യംകൊണ്ടും അയാൾക്കു സംഭവിച്ചേക്കാവുന്ന സഹനം എങ്ങനെ ഒഴിവാക്കാമെന്നും അറിയുക എന്ന് അർത്ഥമാക്കുന്നു. എന്നാൽ കരുണ പ്രകാശിപ്പിക്കുവാൻ ഇതുകൊണ്ടു മാത്രമായില്ല. ക്ഷമിക്കുകയും നൽകുകയും ചെയ്യുവാനും യേശു നമ്മോട് ആവശ്യപ്പെടുന്നു. ആദ്യമായി നമ്മളാണ് ദൈവത്തിൽനിന്ന് കാരുണ്യം സ്വീകരിച്ചത് എന്നതിനാൽ കാരുണ്യത്തിന്റെ ഉപകരണങ്ങളായിരിക്കുക. അപാരമായ ഔദാര്യത്തോടെ ദൈവം തന്റെ നന്മ നമ്മുടെമേൽ ചൊരിയുന്നു എന്നറിഞ്ഞുകൊണ്ട് മറ്റുള്ളവരോടു ഉദാരരാകുക.

അതുകൊണ്ട് പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുക എന്നതാണ് ഈ വിശുദ്ധ വർഷത്തിന്റെ ആദർശവാക്യം. ദൈവം നമ്മെ എങ്ങനെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവ് അവിടുത്തെ കരുണയിൽ നമുക്കു ലഭിക്കുന്നു. തിരിച്ചൊന്നും ആവശ്യപ്പെടാതെ അവിടുന്ന് എപ്പോഴും സൗജന്യമായി തന്റെ സ്വത്വമാകെയും നമുക്ക് നൽകുന്നു. നാം വിളിച്ചപേക്ഷിക്കുമ്പോഴെല്ലാം അവിടുന്നു നമ്മുടെ സഹായത്തിനെത്തുന്നു. "ദൈവമേ, എന്നെ മോചിപ്പിക്കാൻ ദയതോന്നണമേ! കർത്താവേ, എന്നെ സഹായിക്കാൻ വേഗം വരണമേ!" (സങ്കീ. 70:2) എന്നീ വാക്കുകളോടെ സഭ അവളുടെ അനുദിന പ്രാർത്ഥന ആരംഭിക്കുന്നത് എത്ര മനോഹരമായ കാര്യമാണ്! നാം ചോദിക്കുന്ന സഹായം മുമ്പേതന്നെ നമ്മുടെ നേർക്കുണ്ടായ ദൈവകാരുണ്യത്തിന്റെ ആദ്യ ചുവടാണ്. നമ്മുടെ ദൗർബല്യത്തിൽ അവിടുന്ന് നമ്മുടെ സഹായത്തിനെത്തുന്നു. തന്റെ സാന്നിധ്യവും നമ്മോടുള്ള സാമീപ്യവും സ്വീകരിക്കുന്നതിന് നമ്മെ സഹായിക്കുക എന്നതിലാണ് അവിടുത്തെ സഹായം അടങ്ങിയിരിക്കുന്നത്. ദിനംപ്രതി അവിടുത്തെ അനുകമ്പയാൽ സ്പർശിതരായി നമുക്കും മറ്റുള്ളവരോട് അനുകമ്പയുള്ളവരാകുവാൻ കഴിയും.

*(തുടർച്ച അടുത്ത ബുള്ളറ്റിനിൽ)*

# രൂപതാകച്ചേരി വാർത്തകൾ

**പരേതരായ വൈദികരുടെ സ്മരണ**

റവ.ഫാ. മാത്യു കൊല്ലിത്താനം - ജൂൺ 3, റവ.ഫാ. തോമസ് കാട്ടൂർ - ജൂൺ 8, റവ.ഫാ. അബ്രാഹം മൂക്കനോലി - ജൂലൈ 16. നമ്മുടെ പ്രിയമുള്ള ഈ അച്ചന്മാരെ നമുക്ക് പ്രാർത്ഥനകളിൽ നന്ദിയോടെ സ്മരിക്കാം.

**പത്രോസിന്റെ കാശ് - ജൂൺ 29**

ജൂൺ 29-ന് ആദിമസഭയുടെ അടിസ്ഥാനശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 28-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോ മലബാർ ദിനം - ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. സഭാദിനമായ ജൂലൈ മൂന്നിന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേയ്ക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദി**

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്ന് സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചുപോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇടയൂർക്കുന്ന് വികാരിയായിരുന്ന ബഹു. ബിജു പത്താഴത്തിങ്കൽ PSDP അച്ചനും, അരുൾനിലയം വികാരിയായിരുന്ന ബഹു. തോമസ് പെരുവേലിൽ CMI അച്ചനും, കരണി വികാരിയായിരുന്ന ബഹു.ആന്റണി മംഗലത്ത് VC അച്ചനും, റ്റി.കെ. കോളനി വികാരിയാ

യിരുന്ന ബഹു. മിജോ കുളംകുത്തി MSFS അച്ചനും, അമ്പലവയൽ അസി. വികാരിയായിരുന്ന ജോസഫ് മുകുളത്ത് OSFS അച്ചനും, ഏതാനും മാസങ്ങൾ കുഞ്ഞോം അസി. വികാരിയായിരുന്ന ബഹു. ജോജോ മണിമല അച്ചനും ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജോസ് കൂവയ്ക്കൽ PSDP അച്ചനും (ഇടയൂർകുന്ന്), ബഹു. ജോസ് തെങ്ങടയിൽ CMI അച്ചനും (അരുൾനിലയം), ബഹു. ജോസഫ് അവങ്ങാട്ട് VC അച്ചനും (കരണി), ബഹു. സജി വടക്കേടത്ത് MSFS അച്ചനും (റ്റി.കെ. കോളനി) മാനന്തവാടി രൂപതയിലേയ്ക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ നന്മകളും വിജയങ്ങളും ആശംസിക്കുന്നു.

**യുവജനദിനം**

കേരളസഭ ജൂലൈ 5-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജന ദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ലാൽ പൈനുങ്കൽ അച്ചനെയും അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം രൂപതയിലെ യുവജന ശുശ്രൂഷയ്ക്കായി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**അഭിനന്ദനങ്ങൾ**

ക്രിസ്തുദാസി സമൂഹത്തിന്റെ സിസ്റ്റർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട സി. ആലീസിനും, ജനറൽ ടീമിനും മാനന്തവാടി രൂപതയുടെ അഭിന്ദനങ്ങളും പ്രാർത്ഥനാശംസകളും. Sister General - Rev Sr. Alice Palackal, General Councillors - Rev Sr. Merly Manjappallil SKD, Rev Sr. Celeena Kattikoottil SKD, Rev Sr. Jessy Paul Madathiparambil SKD, Rev Sr. Lissy Manjappallil SKD, General Procurator - Rev Sr. Elsy Kalliyattu SKD, General Secretary- Rev Sr. Lissmaria Nelliyaniyil SKD

## തക്കല രൂപതയ്ക്ക് ഒരു കൈത്താങ്ങ്

തക്കലരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് രാജേന്ദ്രൻ പിതാവ് തന്റെ രൂപതയിലെ ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടിയുള്ള 7 സ്കൂളുകളിലെ നടത്തിപ്പിന് ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ രൂപതയിലെ നല്ലവരായ വ്യക്തികളിൽ നിന്നും സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിരിക്കുകയാണ്. നമ്മുടെ രൂപതയിൽ നിന്നും തക്കല രൂപതയിൽ ഇപ്പോൾ സേവനം ചെയ്യുന്ന ബഹു. സിജു പുത്തൻപുര അച്ചൻ മുഖേന സഹായം സ്വീകരിക്കാനാണ് പിതാവ് ആഗ്രഹിക്കുന്നത്. നമ്മുടെ രൂപതയിലെ ഇടവകകളെയോ, സംഘടനകളെയോ, കുടുംബങ്ങളെയോ, വ്യക്തികളെയോ അച്ചൻ സമീപിക്കുമ്പോൾ സാധ്യമായ സഹായം ചെയ്യുമല്ലോ.

## പ്രകൃതി ദുരിതബാധിതരായ നേപ്പാൾ ജനതയോടുള്ള ഐക്യദാർഢ്യം

കഴിഞ്ഞ ഏപ്രിൽ 25-ന് ഉണ്ടായ ഭൂചലനവും പിന്നീട് ഉണ്ടായിക്കൊണ്ടിരിക്കുന്ന തുടർചലനങ്ങളും കൊണ്ട് ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ട, വീടും ജീവനോപാധികളും നഷ്ടപ്പെട്ട ഇപ്പോഴും വലിയ ദുരിതമനുഭവിക്കുന്ന നേപ്പാൾ സമൂഹത്തോട് നാമെല്ലാവരും പ്രാർത്ഥന കൊണ്ടും സഹാനുഭൂതികൊണ്ടും അടുത്തു നിൽക്കുന്നവരാണ്.

ഉണ്ടായ ഭീകരദുരിതത്തിൽ സമാശ്വാസം കണ്ടെത്താൻ ശ്രമിക്കുന്ന ജനസമൂഹത്തിന് സഹായമെത്തിക്കാൻ കാരിത്താസ് നേപ്പാളിന് കൈത്താങ്ങ് നൽകണമെന്ന് കാരിത്താസ് ഇന്ത്യയോട് നേപ്പാളിലെ അപ്പസ്തോലിക് വികാരിയായ ബഹു. പോൾ സിമിക്ക് മെത്രാൻ നടത്തിയിരിക്കുന്ന അപേക്ഷ പരിഗണിച്ചുകൊണ്ട് ഭാരതമെത്രാൻ സംഘത്തിന്റെ അദ്ധ്യക്ഷനായ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് തിരുമേനി സാമ്പത്തികമായി കൂടി അവരെ സഹായിക്കാൻ നമ്മോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നേപ്പാളിലെ പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളും നമ്മുടെ ജനങ്ങളെ പ്രത്യേകം അറിയിച്ചശേഷം എല്ലാ ഇടവകകളിലും ജൂൺ 14, ഞായറാഴ്ച ഈ ഉദ്ദേശത്തോടെ സ്തോത്രക്കാഴ്ച സ്വീകരിക്കുകയും ലഭ്യമാകുന്ന തുക എത്രയുംനേരത്തെതന്നെ കാരിത്താസ് ഇന്ത്യയ്ക്ക് അയച്ചുകൊടുക്കാനായി താമസംവിന രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം എന്നറിയിക്കുന്നു.

## Transfers and Appointments of Priests (w.e.f. 17.05.2015)

| Name of Priest | Transferred to |
|---|---|
| Re. Fr. Ambalathinkal Sebastian | Study |
| " Chakkittukudy Jose | Thrissilery |
| " Changanamthundathil George | Director, CML |
| " Chettaniyil Thomas | Kabanigiri |
| " Edakkudiyil Mathew | Vythiri |
| " Elavanapara Sebastian | Palankara |
| " Elayidath Mani | Vanjode |
| " Kakkonal Thomas | Boys' Town & Radio Mattoli |
| " Kalappura Alex | Kadalmad |
| " Kalappura Vincent | Poroor |
| " Kappiarumalayil Johny | Director, St. Joseph's Hospital |
| " Kassamkuttyil Sebastian | Dharmagiri |
| " Kattarath Mathew | Kaniyambetta |
| " Kavunkal Santhosh | Chulliana |
| " Kazhuthadiyil Mathew | Kunnoth Seminary |
| " Keezheth Sebastian | Manvayal |
| " Kizhakkumpuram George | Vakery |
| " Kochuparackal Mathew | Kottathara |
| " Kochuparackal Kurian | Manjoora |
| " Korattiparambil Vincent | Pattanikoop |
| " Kulathinal James | Retired |
| " Kuttikattukunnel Thomas | Alattil |
| " Malayil Johny | Thrikkaipetta |
| " Mampallil Anto | Thavinjal |
| " Maplassery Lukose | Kommayad |
| " Mecheril Joseph | Pulpally |
| " Moloparambil Jose | Payyampally |
| " Moothedath Mathew | Director, Zion CRC |
| " Moothedath Thomas | Elapeedika |
| " Mundackal Jose | Chulliode |
| " Mundackamattam Jose | Chokkad |
| " Muthukathaniyil Varghese | Ottaplavu |
| " Nellickal Abraham | Palemad |
| " Ottaplackal Thomas | Kartikulam |

| | | |
|---|---|---|
| " | Ouseparambil Joseph | Valiyakolly |
| " | Padinjarayil George | Nelliyodi |
| " | Palath Joseph | Pathiripadam |
| " | Parambil Kuriakose | Makkiyad |
| " | Peedikappara James | Retired |
| " | Plassanal Thomas | Machikolly |
| " | Pulinthanam Jose | Munderi |
| " | Puthenpurackal Mathew | Diocese of Chanda |
| " | Puthukkattil Mathew | Santhigiri |
| " | Puthukulathil John | Thomattuchal |
| " | Thamarasseril Vincent | Vellamunda |
| " | Thanniyil Augustine | Diocese of Jinja (African Mission at Uganda) |
| " | Thekkepera Mathew | Thelpara |
| " | Thondiparambil Sebastian | Thonichal |
| " | Thuruthel Thomas | Karackamala |
| " | Vadayaparambil Emmanuel | Ootty |
| " | Vathelil Abraham | Coonoor |
| " | Vattukunnel Isaac | Kurumani |

## Religious Priests

| | | |
|---|---|---|
| " | Avangattu Saji VC | Karani |
| " | Vadakkedath Saji MSFS | T.K.Colony |
| " | Thengadayil Jose CMI | Arulnilayam (w.e.f 10.5.15) |
| " | Koovackal Jose PSDP | Edayoorkunnu (w.e.f. 01.6.15) |

## Assistants

| | | |
|---|---|---|
| " | Arupathil O.Praem | Kottiyoor |
| " | Iykkarakkanayil Thomas | Thariode & Asst. Director, Youth Ministry |
| " | Kalliyattu Devassia | Kalpetta & Asst. Manager, De Paul Public School |
| " | Kattath Thomas | Nadavayal |
| " | Payyapully Joseph SDV | Ambalavayal |
| " | Thalachirayil Santhosh CSJBP | Kallody |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാദിനാഘോഷം

2015 ലെ രൂപതാദിനാഘോഷം മെയ് രണ്ടാം തീയതി ശനിയാഴ്ച 9.30 ന് രൂപതാഅദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് പതാക ഉയർത്തിയതോടെ തുടക്കം കുറിച്ചു. രൂപതാ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം തേടി ജപമാല അർപ്പിച്ചശേഷം തലശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞരളക്കാട്ട് പിതാവിന് വൈദികരും സന്യസ്തരും അല്മായരുമടങ്ങുന്ന സമൂഹം സ്വീകരണം നൽകി. അഭിവന്ദ്യ ജോസ് പിതാവും വികാരിജനറാൾ മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചനും ചേർന്ന് ഞരളക്കാട്ട് പിതാവിന് ബൊക്കെ നൽകി സ്വീകരിച്ചു. തുടർന്ന് ഞരളക്കാട്ട് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അഭിവന്ദ്യ ജോസ് പിതാവ്, മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, റവ.ഫാ. ജെയിസ് കുറ്റിമാക്കൽ, റവ. ഫാ. ഗർവ്വാസീസ് മറ്റം, റവ. ഫാ. ജോസഫ് തുരുത്തേൽ, റവ.ഫാ. ജോസഫ് മെത്താനത്ത് എന്നിവർ സഹകാർമ്മികരുമായി വിശുദ്ധ ബലിയർപ്പണം നടത്തി. വി.കുർബാനമദ്ധ്യേ നൽകിയ വചനസന്ദേശത്തിൽ സമർപ്പിത വർഷത്തോടനുബന്ധിച്ച് സമർപ്പിതർ സഭയുടെ അഭിമാനമാണെന്നും മുതൽകൂട്ടാണെന്നും, അൾത്താര അലങ്കരിക്കുന്ന സന്യസ്തർ അൾത്താരയുടെ അലങ്കാരങ്ങളാണെന്നും, ഇത് ഒരു 'റാഡിക്കൽ വിളി' ആയതിനാൽ നിസംഗതയോടും ക്ഷീണത്തോടും സമർപ്പിതർ 'നോ' പറയണമെന്നും അഭിവന്ദ്യ ഞരളക്കാട്ട് പിതാവ് ഏവരെയും ഓർമ്മിപ്പിച്ചു. സഭയുടെ ആത്മീയ ശക്തിയും പ്രകാശവുമായ സന്യാസം പ്രസക്തവും അപ്രസക്തവുമാകുന്നത് ആ വ്യക്തിയുടെ ജീവിതം അടിസ്ഥാനമാക്കിയാണെന്നും പിതാവ് അഭിപ്രായപ്പെട്ടു.

പന്ത്രണ്ട് മണിക്ക് ചേർന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷം വഹിച്ചു. ഇത് രൂപതാ കുടുംബത്തിന്റെ സമ്മേളനമാണെന്നും കുടുംബത്തിലെ സന്തോഷങ്ങൾ പങ്കുവെക്കാനും നേട്ടങ്ങൾ അംഗീകരിക്കാനും അനുമോദനങ്ങൾ നേരാനും ദൈവത്തോട് നന്ദിപറയാനും കൂടുതൽ കരുത്തോടെ മുന്നേറാനുള്ള കൃപക്കായി പ്രാർത്ഥിക്കാനുമുള്ള ദിനമാണ് രൂപതാ ദിനമെന്ന് പിതാവ് തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ഒപ്പം മാനന്തവാടി രൂപതാംഗമായ

ഞരളക്കാട്ട് പിതാവിനെ ആർച്ച്ബിഷപ്പായി ഉയർത്തിയ ദൈവീക പദ്ധതിക്കു മുമ്പിൽ ശിരസുനമിച്ചുകൊണ്ട് രൂപതയുടെ മുഴുവൻ സന്തോഷവും, അഭിമാനവും 'മെമന്റോ' നൽകിക്കൊണ്ട് ജോസ് പിതാവ് ഞരളക്കാട്ട് പിതാവിനെ അറിയിച്ചു. നടവയൽ ശാഖാ മിഷൻലീഗ് കുട്ടികൾ അവതരിപ്പിച്ച രംഗപൂജയോടെ ആരംഭിച്ച പൊതു സമ്മേളനം ആർച്ച് ബിഷപ് ജോർജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപതയിൽ നിന്നും തനിക്കുകിട്ടിയ പ്രോത്സാഹനങ്ങൾക്കും, അവസരങ്ങൾക്കും, സ്വീകരണത്തിനും പിതാവ് കൃതജ്ഞത രേഖപ്പെടുത്തി.

ബഹു. വിജയൻ ചോഴംപറമ്പിൽ അച്ചൻ തയ്യാറാക്കിയ സിഡിയുടെ പ്രകാശനം ഞരളക്കാട്ട് പിതാവിന് നൽകിക്കൊണ്ട് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. സമർപ്പിത വർഷാചരണത്തിനും, രൂപതാദിനത്തിനും ആശംസകൾ അർപ്പിച്ചുകൊണ്ട് റവ.ബ്ര. അലക്സാണ്ടർ സി.എസ്.റ്റി., റവ.സി. സിൻക്ലയർ എഫ്.സി.സി. എന്നിവർ സംസാരിച്ചു.
പിന്നീട് **രൂപതയുടെ ശ്രേഷ്ഠപുരസ്കാരം നേടിയ** 1) ശ്രീ. സെബാസ്റ്റ്യൻ ചെറിയമ്പനാട്ട് – പാടിച്ചിറ – കാർഷികമേഖല, 2) ശ്രീ. ടോണി ഫിലിപ്പ് കൊരണ്ടിയാർകുന്നേൽ – പുഴമുടി – കായികം, 3) ശ്രീ. കുര്യാക്കോസ് ആന്റണി പനച്ചിപ്പുറം – സുൽത്താൻ ബത്തേരി – അധ്യാപനം, 4) ശ്രീ. ജോസ് നമ്പ്യാപറമ്പിൽ – സുൽത്താൻ ബത്തേരി – പൊതുപ്രവർത്തനം, 5) ശ്രീ. ജോസഫ് മാത്യു ചെമ്പകശ്ശേരി – പുതുശ്ശേരിക്കടവ് – കലാസാഹിത്യ സാംസ്കാരികം,
1) റവ. ഫാ. ജോസഫ് നെച്ചിക്കാട്ട് – KCBC ഗുരുപൂജ, 2) ശ്രീമതി ഗ്ലോറി പ്രേംജി (സംസ്ഥാന ബാലാവകാശ കമ്മീഷനംഗം) 3) സി. സെബി MSMI ("അർപ്പണം" – നല്ല കുടുംബത്തിൽ നിന്നും നല്ല ദൈവവിളി എന്ന ആശയം ആസ്പദമാക്കി സമർപ്പിതവർഷത്തിൽ പുറത്തിറക്കിയ സി.ഡി. യുടെ നിർമ്മാതാവ്), 4) ശ്രീ. ജോർജ്ജ് നാക്കുഴിക്കാട്ട് – സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് എന്നിവർക്കും **പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന** 1) റവ. ഫാ. ജോസഫ് തുരുത്തേൽ, 2) റവ. ഫാ. തോമസ് മണ്ണൂർ എന്നീ വൈദിക ശ്രേഷ്ഠർക്കും സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന റവ. ബ്രദർ അലക്സ് സി.എസ്.റ്റി. ക്കും അനുമോദനങ്ങളും ആശംസകളും നേർന്നുകൊണ്ട് അഭിവന്ദ്യ ജോസ് പിതാവ് അവാർഡുകളും ഉപഹാരങ്ങളും നൽകി.

**മതാധ്യാപനത്തിൽ 35 വർഷം സേവനം പൂർത്തിയാക്കിയ** 1) സി. എൽസി സെബാസ്റ്റ്യൻ SH ചുള്ളിയാന, 2) ശ്രീമതി ഗ്രേസി

മാങ്കുഴി – കരിമ്പിൽ, 3) ശ്രീമതി ഏലിക്കുട്ടി ഇളയിടത്ത് – പയ്യമ്പിള്ളി, 4) ശ്രീ. മാത്യു പാണാടൻ – എടപ്പെട്ടി എന്നിവരെയും **വിവിധ മേഖലകളിലായി ഉന്നതവിജയവും നേട്ടങ്ങളും കൈവരിച്ച** 1) അഞ്ചു ജോർജ് തേക്കുമല – ആടിക്കൊല്ലി – Degree I[st] Rank Audiology & Speech Therapy - Mangalore University, 2) ആതിര ജോസ് ചേന്നാൽ – കൽപ്പറ്റ – MA English I[st] Rank - Calicut University, 3) ലിക്സി കടുകുംമാക്കൽ – കബനിഗിരി – ദേശീയ അന്തർദേശീയ തലങ്ങളിൽ അത്‌ലറ്റിക്സിൽ മികച്ച നേട്ടം, 4) നിക്സി കടുകുംമാക്കൽ – കബനിഗിരി – ദേശീയ അന്തർദേശീയ തലങ്ങളിൽ അത്‌ലറ്റിക്സിൽ മികച്ച നേട്ടം, 5) അനുഷ ബിജു ചക്കുളം – തൃശ്ശിലേരി – ദേശീയ ഗെയിംസ് – തുഴച്ചിൽ (Canoeing) 6) ജോസ്ന ജോസ് തടത്തിൽ – വാഴവറ്റ – ദേശീയ ഗെയിംസ് – ഫെൻസിംഗ്– സ്വർണ്ണം, 7) നീതു സ്കറിയ പര്യപ്പനാൽ – മുള്ളൻകൊല്ലി – ദേശീയ ഗെയിംസ് – ബാസ്കറ്റ് ബാൾ ടീം ക്യാപ്റ്റൻ, 8) ജീന പി.എസ്. പാലനിൽക്കുംകാലായിൽ – പന്തിപ്പോയിൽ – ദേശീയ ഗെയിംസ് – ബാസ്കറ്റ് ബാൾ ടോപ്പ് സ്കോറർ, 9) അമ്പിളി പി. ആന്റണി പടിഞ്ഞാറേമുറിയിൽ – കൊട്ടിയൂർ – ദേശീയ ഗെയിംസ് ഫെൻസിംഗ് – ഗോൾഡ് മെഡൽ എന്നിവരെയും, **സമർപ്പിതവർഷത്തിന്റെ അമ്പതു വർഷം പൂർത്തിയാക്കിയ** 1) സി. ജോസ്‌ലിയ SABS, 2) സി. റീന SABS, 3) സി. ഏർണസ്റ്റീന FCC, 4) സി. ജെരാർദ്ദ് FCC, 5) സി. ഗ്രേസ് FCC, 6) സി. പ്രമീള SCV, 7) സി. സാൽവിയ SCV, 8) സി. ടെസ്സി SCV, 9) സി. മേരി ആൻ SCV, 10) സി. ലിറ്റിൽ തെരേസ് SCV, 11) സി. ആൻസി SCV, എന്നീ സിസ്റ്റേഴ്സിനെയും **വിവിധ സന്യസ്ത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരായി സേവനം ചെയ്യുന്ന** 1) Rev. Fr. Joseph Methanath - OSH General (Oblates of Sacred Heart, തിരുഹൃദയ ദാസ സമൂഹം Nadavayal, 2) Rev. Sr. Sinclaire FCC - FCC General, 3) Rev. Sr. Little Tresa SH - SH General, 4) Rev. Fr. Vincent Korandiyarkunnel OSB - Makkiyad Prior - from Kunjhome, 5) Rev. Fr. Clement Panachickal OSB - Prior (AP) - from Payyampally, 6) Rev. Sr. Tessy Maniyangad - Provincial Presentation (AP) - from Kottiyoor, 7) Rev. Sr. Lilly Cyriac Koyikattil FCC - Provincial Impahal (North - East) - from Nadavayal, 8) Sr. Alphonsa FCC - Nediyakalayil - Rajasthan Regional Superior - from Arinchermala, , 9) Sr. Anitta SKD - Machikolly, Regional Superior - Tellichery എന്നിവരെയും **രൂപതയ്ക്കുള്ളിൽ സേവനം ചെയ്യുന്ന സന്യസ്ത സഭകളുടെ സുപ്പീരിയേഴ്സ്**

ആയ **Brothers:** Rev. Bro. Franco MMB - MMB Superior General, **Men Religious Congregations :** 1) Rev. Fr. Vincent Mattammmel O. Praem - Prior Norbertines - Alattil, 2) Rev. Fr. Baby Illickal - Camillus Provincial - Chundakkara, **Women Religious Congregations:** 1) SCV - Sr. Anicitta, 2) SKD - Sr. Alice, 3) SH - Sr. Mercitta , 4) CMC - Sr. Jeesa, 5) SABS - Sr. Elsa Paikada , 6) FCC - Sr. Stephina , 7) MSMI - Sr. Seena, 8) SKD - Sr. Marina (Poroor) Regional Superior - Mananthavady - എന്നി വരെയും പൊന്നാടയും, ഉപഹാരങ്ങളും നൽകി ആദരിച്ചു.

ആദരിക്കപ്പെട്ട മുഴുവൻ പേരുടെയും പ്രതിനിധിയായി സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ശ്രീമതി ഗ്ലോറി പ്രേംജി മറുപടി പ്രസംഗം നടത്തി.

ശ്രേഷ്ഠപുരസ്കാരം നേടിയ ശ്രീ. കുര്യാക്കോസ് ആന്റണി പിതാ വിന്റെ വിദ്യാഭ്യാസ നിധിയിലേയ്ക്കും, ശ്രീ. ജോസ് നമ്പ്യാപറമ്പിൽ തന്റെ ഇടവക ദേവാലയ നിർമ്മാണ ഫണ്ടിലേക്കുമായി തങ്ങളുടെ അവാർഡ് തുക അഭിവന്ദ്യ ജോസ് പിതാവിന് കൈമാറി.

പൊതുസമ്മേളനത്തിന് രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സ്വാഗതവും, രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ നന്ദിയും പറഞ്ഞു.

ഏറെ ക്രമീകൃതവും മനോഹരവുമായി രൂപതാദിനാഘോഷം നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത് പാസ്റ്ററൽ സെന്റർ, സെമിനാരി, ബിഷപ്സ് ഹൗസ്, വിയാനി എന്നി വിടങ്ങളിലെ വൈദീകരും വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങ ളുടെയും ഭാരവാഹികളും, ദ്വാരകയിലുള്ള SH, SABS, FCC സിസ്റ്റേഴ്സും ആണ്. ഇവരെയും ഇവരോടൊപ്പം എല്ലാ കാര്യങ്ങളിലും കൈമെയ് മറന്ന് പ്രവർത്തിച്ച മൈനർ സെമിനാരിയിലെയും മേജർ സെമിനാരി യിലെയും ബ്രദേഴ്സിനെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. നന്ദി യോടെ അനുസ്മരിക്കുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് - 2015**

ലോഗോസ് ക്വിസ്സിന് ഇടവകകളിലും സ്ഥാപനങ്ങളിലും നൽകി വരുന്ന മികച്ച പ്രതികരണത്തിനും സഹകരണത്തിനും എല്ലാവർക്കും നന്ദി അറിയിക്കുന്നു. ലോഗോസ് ക്വിസ്സ് 2015- വർഷത്തെ മത്സര ങ്ങൾക്കുള്ള രജിസ്ട്രേഷൻ 2015 ജൂൺ 01-ാം തീയതി ഇടവകകളിൽ ആരംഭിച്ച് രൂപതാതലത്തിൽ ജൂലൈ 31-ാം തീയതി അവസാനിക്കും.

ജൂലൈ 01-ാം തീയതി മുതൽ രജിസ്ട്രേഷൻ രൂപതാ ഓഫീസിൽ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം : 1-1-2004-നു ശേഷം ജനിച്ചവർ
B വിഭാഗം : 1-1-1999-നും 31-12-2003-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1984-നും 31-12-1998-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1964-നും 31-12-1983-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1951-നും 31-12-1963-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1950-നു മുമ്പ് ജനിച്ചവർ

എല്ലാ ഇടവകകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റുരൂപം ഉണ്ടായിരിക്കുന്നതല്ല (വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനായി ജൂൺ 15-നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്).

മത്സരത്തിനുള്ള പാഠഭാഗങ്ങൾ: 1) സംഖ്യ 1-10; 2) സുഭാഷിതങ്ങൾ 1-9; 3) യോഹന്നാൻ 1-12; 4) യൂദാസിന്റെ ലേഖനം. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് NRSV ബൈബിളും തമിഴിന് TNBCLC യുടെ തിരുവിവിലിയവും ആണ്.

പരീക്ഷാ സമയം രൂപതാതലത്തിൽ 2015 സെപ്റ്റംബർ 27-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30

**സമ്മാനങ്ങൾ**

വിശുദ്ധനാടുതീർത്ഥാടനം, ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സിഡികൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ. അഖില കേരളതലത്തിൽ (ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 15,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 10,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 1,000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും (ഓരോ വിഭാഗത്തിലും 7 പേർക്കു വീതം)

5-ാം സമ്മാനം 500 രൂപ ബാക്കി എല്ലാവർക്കും (612-60=552) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ (ഒരോ വിഭാഗത്തിനും പ്രത്യേകം)**

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം. 80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്. സെപ്ററംബർ 27-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നല്കുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

**സമർപ്പിത പ്രതിഭ**

സമർപ്പിത വർഷത്തോടനുബന്ധിച്ച് ഈ വർഷം ലോഗോസ് സമർപ്പിത പ്രതിഭയെ സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു. രൂപതയിൽ നിന്നും ലോഗോസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 5 സമർപ്പിതർക്ക് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും.

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## മതബോധനരംഗം

**പുതിയ അധ്യയനവർഷം**

2015-16 അധ്യയനവർഷം മെയ് 31-ന് ആരംഭിച്ചു. പുതിയ അധ്യയനവർഷത്തിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലേയ്ക്ക് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. നമ്മുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ഫലപ്രദമായി തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം കഴിഞ്ഞവർഷങ്ങളിൽ മതബോധന രംഗത്ത് സേവനം ചെയ്ത എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നതവിദ്യാഭ്യാസം, വിവാഹാന്തസ്സിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ... തുടങ്ങിയ കാരണങ്ങളാൽ താൽക്കാലികമായിട്ടെങ്കിലും ഈ സേവന രംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്ക് സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

പുതുതായി വിശ്വാസപരിശീലന രംഗത്തേയ്ക്ക് കടന്നുവരുന്ന അധ്യാപകരെ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. അധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കുട്ടികളുടെ പരിക്ഷാഫലത്തെയും വിശ്വാസജീവിത വളർച്ചയെയും വിലയിരുത്തുകയും പുതിയ വർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യണം. മതബോധന ക്ലാസുകൾ നഷ്ടപ്പെടുത്താതെ, രൂപതാകലണ്ടറും സിലബസും അനുസരിച്ച് ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. പുതിയ അധ്യയനവർഷത്തിൽ എല്ലാവർക്കും വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

**ആമുഖസെമിനാർ**

പുതുതായി വിശ്വാസപരിശീലനരംഗത്ത് അധ്യാപകരായി വന്നവർക്ക് വേണ്ടിയാണ് ആമുഖസെമിനാർ സംഘടിപ്പിക്കുന്നത്. പുതിയ അധ്യാപകർ, അവർ ഏതു ക്ലാസിലേക്ക് നിയോഗിക്കപ്പെട്ടാലും ആമുഖ സെമിനാറിൽ സംബന്ധിക്കണം. തീയതികൾ ശ്രദ്ധിക്കുക.

ജൂൺ 12-14: ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, നിലമ്പൂർ ഫൊറോനകൾ.
ജൂലൈ 10-12 : ബത്തേരി, കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, മണിമൂളി, നീലഗിരി ഫൊറോനകൾ.

ഫീസ് Rs. 350/- സമയം: സെമിനാർ തുടങ്ങുന്ന ദിവസം 5 മണിക്ക് ആരംഭിച്ച്, അവസാനിക്കുന്ന ദിവസം 4 മണിവരെ. സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ. അധ്യാപകർ പരിശീലനത്തിന് വരുമ്പോൾ പഠിപ്പിക്കുന്ന ക്ലാസിലെ പാഠപുസ്തകം, നോട്ടുബുക്ക്, ടീച്ചിംഗ് നോട്ട്, ബൈബിൾ എന്നിവ കൊണ്ടുവരണം. ആമുഖ സെമിനാറിന് വരുന്നവർ നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**മേഖലാതല മതാധ്യാപക ശിൽപ്പശാല**

മതാധ്യാപകർക്കുള്ള മേഖലാതല ശില്പശാലയുടെ തീയതികൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| മെയ് 31 | - | ചുങ്കക്കുന്ന് |
| ജൂൺ 7 | - | മണിമൂളി, നിലമ്പൂർ, നീലഗിരി |
| ജൂൺ 21 | - | കൽപ്പറ്റ, തരിയോട് |
| ജൂൺ 28 | - | കല്ലോടി |
| ജൂലൈ 5 | - | മുള്ളൻകൊല്ലി |
| ജൂലൈ 19 | - | മാനന്തവാടി, പയ്യമ്പള്ളി |
| ജൂലൈ 26 | - | ബത്തേരി, നടവയൽ |

**HDC, DCC Registration**

അടുത്ത അധ്യയനവർഷത്തേക്കുള്ള HDC, DCC കോഴ്സിലേക്കുള്ള അപേക്ഷകൾ ജൂൺ 27-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**7-ാം ക്ലാസ് പ്രതിഭകൾ**

ഏപ്രിൽ 25-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന 7-ാം ക്ലാസ് വിദ്യാർത്ഥികളുടെ രൂപതാ പ്രതിഭാസംഗമത്തിൽ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടവർ: എഡ്വിൻ പനയ്ക്കപ്പതാലിൽ - ചുങ്കക്കുന്ന്, ജോയൽ സജി മാട്ടശ്ശേരി - ദ്വാരക, സ്നേഹ തോമസ് - തെനേരി, അനീഡ്രം റോസ് തെക്കുമല - ആടിക്കൊല്ലി.

രൂപതാ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ട ഈ നാലുപേരും മെയ് 19 മുതൽ 21 വരെ സീറോമലബാർ സഭ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. സ്നേഹയ്ക്കും, അനീഡ്രയ്ക്കും,

ജോയലിനും, എഡ്വിനും അവരെ ഒരുക്കിയ മാതാപിതാക്കൾ, ബഹു. വികാരിയച്ചന്മാർ, മതാധ്യാപകർ, മേഖലാ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും പ്രത്യേകമായി ശ്രീ. ജോൺസൺ വടക്കേക്കര സാറിനും സി. ആൻസി സി.എം.സി.യ്ക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

**SELOC രൂപതാ പ്രതിഭകൾ**

ഏപ്രിൽ 18-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന പത്താംക്ലാസ് വിദ്യാർത്ഥികളുടെ പ്രതിഭാസംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ:

ദേവപ്രസാദ് പാലത്തിങ്കൽ - മണിമൂളി, ബെനഡിക്ട് താളികുളത്ത്കല്ലിങ്കൽ - ദ്വാരക, അരുൺ ചേറാടിയിൽ - പാലാങ്കര, ഡോണ ഉള്ളോപ്പള്ളിൽ - പടമല, അലീന കുളത്തിങ്കൽ - പയ്യമ്പള്ളി, മഞ്ജു ചേറുപറമ്പിൽ - പാലാങ്കര. പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ.

**HDC II Year Contact Class**

HDC രണ്ടാം വർഷക്കാരുടെ ഒന്നാമത്തെ കോൺടാക്ട് ക്ലാസിന്റെ ക്രമീകരണം ഇപ്രകാരമാണ്.

ജൂൺ 27 - ദ്വാരക, ജൂലൈ 4 - മണിമൂളി, ജൂലൈ 18 - ബത്തേരി, ജൂലൈ 25 - ചുങ്കക്കുന്ന്.

**മേഖലാ സ്കോളർഷിപ്പ് വിജയികൾ കല്ലോടി 2015**

| Class | | Reg.No. | Name | Parish |
|---|---|---|---|---|
| V | Ist | 505 | ആൻഡ്രിയ കുഴികണ്ടത്തിൽ | പുതിയിടംകുന്ന് |
| | IInd | 555 | ലൂയീസ് ചിറ്റിലപ്പള്ളി | കല്ലോടി |
| VI | Ist | 625 | ഗ്ലോറിയ ഒറവച്ചാലിൽ | ദ്വാരക |
| | IInd | 655 | ആഗസ്തി വെള്ളിയാംകണ്ടത്തിൽ | കല്ലോടി |
| VIII | Ist | 801 | മരിയ സ്രാത്താഴത്ത് | കാരക്കാമല |
| | Ist | 876 | എലിസബത്ത് ഊളവള്ളിൽ | വഞ്ഞോട് |
| | IInd | 805 | അലീന ഇലഞ്ഞിക്കുഴി | പുതിയിടംകുന്ന് |
| | IInd | 886 | സനിഗ എടാട്ടേൽ | ചുള്ളിയാന |
| | IInd | 887 | മെൽവിൻ മാളിയേക്കൽ | ചുള്ളിയാന |
| IX | Ist | 935 | ഫെമിന വലരിയിൽ | ദീപ്തിഗിരി |
| | IInd | 955 | അബ്രാഹം ചീങ്കല്ലേൽ | കല്ലോടി |

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ,

2015 മെയ് 17 മുതൽ ചെറുപുഷ്പ മിഷൻലീഗിന്റെ രൂപത ഡയറക്ടർ സ്ഥാനം എന്നെ ഭരമേല്പ്പിച്ച വിവരം ഇതിനോടകം എല്ലാവരും അറിഞ്ഞുകാണുമല്ലോ? പ്രേഷിത തീക്ഷ്ണതയോടെ സംഘടനയെ വളർത്തുവാൻ, വളർന്നുവരുന്ന തലമുറയ്ക്ക് സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കുവാൻ... സമർപ്പിത വർഷത്തിന്റെ എല്ലാ ആത്മീയതയും ഉൾക്കൊണ്ട് വൈദിക സമർപ്പിത ജീവിതത്തിലേക്ക് മക്കളെ ഒരുക്കുവാൻ അധാർമ്മികതയുടെ, അക്രമത്തിന്റെ, കലഹത്തിന്റെ, സമാധാനക്കേടിന്റെ ലോകത്തുനിന്ന് മാറി ചിന്തിക്കുവാൻ ദൈവ സ്നേഹം ജ്വലിപ്പിക്കുവാൻ, ഉത്തരവാദിത്വമുള്ള വ്യക്തിത്വം വളർത്താൻ, പരസ്പരം സ്നേഹാദരവുകളുള്ള കുടുംബ ജീവിതം സാധ്യമാക്കുവാൻ, കലാകായിക വിദ്യാഭ്യാസ മേഖലയിൽ ഉണർവ്വുണ്ടാകുവാൻ, സർവ്വോപരി എല്ലാവരും ഈശോയെ ഹൃദയത്തിൽ വഹിച്ച് പ്രാർത്ഥിക്കുകയും പ്രഘോഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാകാനുള്ള ഈ സന്ദർഭത്തിൽ എല്ലാവരുടെയും സഹായസഹകരണ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. വൈദിക സമർപ്പിത സമൂഹത്തിന്റെ മുൻപിൽ സഹകരണം പ്രതീക്ഷിച്ച് സ്നേഹാദരവോടെ ശിരസ് നമിക്കട്ടെ.

മാനന്തവാടി രൂപതയുടെ ചെറുപുഷ്പ മിഷൻലീഗിന്റെ സംഘടനയെ കഴിഞ്ഞ നാലുവർഷത്തിൽ മുന്നിൽ നിന്ന് നയിച്ച് വിജയ ചാതുര്യത്തിലെത്തിച്ച ബഹു. സോണി വടയാപറമ്പിലച്ചന് ഹൃദ്യമായ അഭിനന്ദനങ്ങളും നന്ദിയും... പ്രേഷിത പ്രവർത്തനത്തിന്റെ മാധുര്യം ആസ്വദിക്കാനായ് സ്നേഹ, ത്യാഗ, സേവന സഹനങ്ങളിലൂടെ ഞങ്ങളെ ഒരുക്കിയതിന് ... പ്രക്ഷുബദ്മായ ഈ കലാഘട്ടത്തിൽ ദൈവാശ്രയ ബോധത്തോടെ ഞങ്ങളെ നയിച്ചതിന്, ഗാനാലാപനത്തിന്റെ സ്വരമാധുരിയിലൂടെ ദൈവരാധനയുടെ സ്വർഗ്ഗീയ അനുഭൂതി നൽകിയതിന്, സരസമായ സൗഹൃദ ബന്ധങ്ങളിലൂടെ ക്രിസ്തു സാഹോദര്യം നൽകിയതിന് ഒത്തിരി ഒത്തിരി നന്ദി.

കേരളത്തിന്റെ വശ്യതയിൽ നിന്ന് മാറി ഊട്ടിയുടെ പ്രകൃതി രമണീയതതയിൽ ക്രിസ്തു സന്ദേശം പ്രചരിപ്പിക്കാനായി ഒരുങ്ങുന്ന സോണിയച്ചന് സി.എം.എൽ രൂപത കുടുംബത്തിന്റെ എല്ലാവിധ വിജയാശംസകളും മംഗളങ്ങളും.....

ആത്മാർത്ഥയുടെയും കഠിനാദ്ധ്വാനത്തിന്റെയും പ്രകടമായ ശക്തി കേന്ദ്രമായ രൂപത എക്സീക്യൂട്ടീവ് ടീം അംഗങ്ങളെ അഭിനന്ദനങ്ങളോടെ സ്മരിക്കട്ടെ. പ്രേഷിത തീക്ഷ്ണതയോടെ എന്തിനും മുന്നിട്ടിറങ്ങുന്ന പ്രായഭേദമന്യേയുള്ള പ്രിയ മിഷൻലീഗ് അംഗങ്ങളെ നിങ്ങൾക്കായിരം അഭിനന്ദനങ്ങൾ. "ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" എന്ന ഉത്ഥിതന്റെ പ്രേഷിത സന്ദേശം വി. കൊച്ചു ത്രേസ്യായുടെ മദ്ധ്യസ്ഥം വഴി വിജയകരമാകുവാൻ നമുക്ക് ഒന്നിച്ച് മുന്നേറാം.

സ്നേഹപൂർവ്വം,
**ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ**
ജയ് മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ
നന്ദിയുടെ ഒരു വാക്ക്...

ദൈവാനുഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും വിജയങ്ങളുടെയും അനുഗ്രഹീതമായ വർഷങ്ങൾ.... കഴിഞ്ഞ 4 വർഷങ്ങൾ മാനന്തവാടി രൂപതയിലെ കരുത്താർന്ന അത്മായ പ്രേഷിത സംഘടനയായ ചെറുപുഷ്പ മിഷൻലീഗിനെ നയിക്കാൻ ദൈവം നൽകിയ കൃപാദാനത്തിന് നന്ദി...

പ്രോത്സാഹനങ്ങൾ നൽകി അനുഗ്രഹിച്ച അഭിവന്ദ്യ പിതാവിനെയും പ്രിയപ്പെട്ട ജനറാളച്ചനെയും നന്ദിയോടെ ഓർക്കുന്നു. സംഘടനയ്ക്ക് ആവശ്യമായ സഹകരണം എപ്പോഴും നൽകിയ രൂപതയിലെ മുഴുവൻ അച്ചൻമാർക്കും സിസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും മിഷൻലീഗ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. സ്നേഹത്തിലൂടെ, ത്യാഗത്തിലൂടെ, സഹനത്തിലൂടെ യഥാർത്ഥ മിഷൻ ചൈതന്യം ഉൾക്കൊണ്ട് എന്നോടൊപ്പം ഉണ്ടായിരുന്ന എന്റെ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ടീം അംഗങ്ങൾക്കും സ്നേഹം നിറഞ്ഞ നന്ദി. ഓഫീസ് സെക്രട്ടറിമാരായിരുന്ന സി. ഫൗസ്റ്റ സി.എം.സി.ക്കും, സി. അർച്ചന സി.എം.സി.ക്കും സ്നേഹം നിറഞ്ഞ നന്ദി.

നാല് വർഷക്കാലം എല്ലാവിധ പ്രോത്സാഹനങ്ങളും സഹകരണങ്ങളും നൽകിയ പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചനും, സെന്ററിലെ മറ്റെല്ലാ അച്ചൻമാർക്കും നന്ദി. ഊട്ടി

ഇടവകയുടെ വികാരിയായി ഞാൻ പോവുകയാണ്. നിങ്ങളുടെ പ്രാർത്ഥ നയിൽ എന്നെ ഓർക്കുമല്ലോ.... ചെറുപുഷ്പ മിഷൻലീഗിന്റെ പുതിയ ഡയറക്ടറായി ദൈവം നിയോഗിച്ച ബഹു. ജോജോ ചങ്ങനാംതുണ്ട ത്തിലച്ചന് എന്റെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു. അച്ചന് ദൈവം നൽകിയ കഴിവുകൾ ഈ സംഘടനയ്ക്ക് വലിയ മുതൽക്കൂട്ടായി മാറട്ടെ. എല്ലാവിധ വിജയങ്ങളും സ്നേഹ ത്തോടെ ആശംസിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,
**സോണിയച്ചൻ**

**സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പുതിയ ആത്മീയ നോതവായി നിയമിക്കപ്പെട്ട ഏറ്റവും ബഹു. ജോജോ ചങ്ങനാം തുണ്ടത്തിലച്ചന് സ്വാഗതവും എല്ലാ ആശംസകളും നേരുന്നു.

**സോണിയച്ചന് യാത്രയപ്പ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആത്മീയ നേതാവ്... വഴിയാത്രകളിലെ ദിശാസൂചകം... വെളിച്ചം... ഞങ്ങൾക്ക് ബലമേകാനായി പ്രാർത്ഥനയുടെ ജാഗരണം... ഞങ്ങളെ ഒരോരു ത്തരെയും വേറിട്ട് അറിഞ്ഞുകൊണ്ടുള്ള നിയോഗ നിർവ്വഹണം... വേറിട്ട് നിൽക്കാതെ ഒന്നിച്ച് നിൽക്കണമെന്ന് നിരന്തര പ്രചോദനം.... പൂർണ്ണ ബോധ്യത്തിന്റെ, തുറവിയും നിലപാടുകളും.... പ്രിയ സോണി യച്ചാ.... വാക്കുകൾ പരിമിതം നന്ദിയും സ്നേഹവും അനന്തം... ഉറ കെട്ടു പോകാത്ത ഉപ്പായിരിക്കാൻ.... പീഠത്തിലുയർത്തിയ വിളക്കാ കൻ.... ഈ എളിയവരുടെ പ്രാർത്ഥനാശംസകൾ... യാത്രമംഗങ്ങൾ....

മാനന്തവാടി രൂപതയെ നാലു വർഷക്കാലം എറ്റവും മനോഹര മായി, ആത്മീയ നേതൃത്വത്തിലൂടെ, പ്രാർത്ഥനയിലൂടെ, മാനന്തവാടി രൂപതയുടെ യശസ് ഉയർത്തിയ സോണിയച്ചന് മാനന്തവാടി രൂപത കുടുംബത്തിന്റെ യാത്ര മംഗളങ്ങളും ഞങ്ങളോടൊപ്പം നടന്ന് ഞങ്ങളി ലൊരാളായി ഞങ്ങളെ നയിച്ച, വിജയങ്ങളിൽ നിന്ന് വിജയങ്ങളിലേക്ക് മാത്രം നയിച്ച ഞങ്ങളുടെ സോണിയച്ചന് എല്ലാ നന്ദിയും സ്നേഹ ത്തോടെ നേരുന്നു.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ മേഖലയെ നയിച്ച റവ.ഫാ. ബിജു തൊണ്ടിപറമ്പിൽ (കൊട്ടിയൂർ മേഖല), റവ. ഫാ. ജിജോ വാത്തേലിൽ (നിലമ്പൂർ), റവ. ഫാ.ജോണി കപ്യാരുമലയിൽ (നീലഗിരി), റവ.ഫാ. ബിജു തുരുത്തേൽ (ബത്തേരി), റവ. ഫാ. സുനിൽ മഠത്തിൽ

(മണിമൂളി), റവ. ഫാ. സാന്റോ അമ്പലത്തറയിൽ (പയ്യമ്പള്ളി), ജോയിന്റ് ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട സി. ഷാരോൺ സി.എം.സി.യ്ക്കും മാനന്തവാടി രൂപതാ കുടുംബത്തിന്റെ എല്ലാവിധ നന്ദിയും ഒപ്പം പുതിയ പ്രവർത്തനമേഖലയിൽ ആശംസകളും നേരുന്നു...

**സംസ്ഥാന മാനേജിംഗ് കമ്മറ്റി**

മെയ് 9, 10, തീയതികളിൽ കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് ചേർന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റിയിൽ രൂപത എക്സിക്യുട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**സി.എം.എൽ സംസ്ഥാന കമ്മറ്റി**

മെയ് 9, 10, തീയതികളിൽ കോട്ടയത്ത് വെച്ച് നടന്ന സംസ്ഥാന ക്യാമ്പിൽ മാനന്തവാടി രൂപതയിൽ നിന്നും 12 പേർ പങ്കെടുത്തു.

**ദേശീയ കൗൺസിൽ**

മെയ് 9–ാം തീയതി ഭരണങ്ങാനം സി.എം.എൽ മാതൃഭവനിൽ വെച്ച് ദേശീയ കൗൺസിൽ ചേർന്നു. മാനന്തവാടി രൂപതയിൽ നിന്നും എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**രൂപത സീനിയർ ക്യമ്പ്**

സി.എം.എൽ രൂപത നേതൃത്വത്തിൽ നടന്ന സിനീയർ ക്യാമ്പ് മെയ് 3, 4, 5 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. ക്യാമ്പിൽ വിവിധ ഇടവകളിൽ നിന്നായി 100 ൽ പരം അംഗങ്ങൾ പങ്കെടുത്തു.

**വാർഷിക മാനേജിംഗ് കമ്മറ്റി**

മെയ് 7–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് വാർഷിക മാനേജിംഗ് കമ്മറ്റിചേരുകയും, വാർഷികറിപ്പോർട്ടും വാർഷിക കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു പാസാക്കുകയും ചെയ്തു.

**വചനതാരം**

സുവിശേഷ പഠനത്തിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഒരുക്കിയ പ്രോഗ്രാമാണ് വചനതാരം. വി. ലൂക്കായുടെ സുവിശേഷം മുഴുവനുമായി കാണാപാഠം പഠിച്ച് 75 മത്സരാർത്ഥികളുടെ അറിവും കഴിവും പരിശോധിക്കുന്ന വിവിധ തലത്തിലുള്ള വിലയിരുത്തലിലൂടെ മാനന്തവാടി രൂപതയിലെ വചനതാരങ്ങളെ തിരഞ്ഞെടുത്തു.

ഒന്നാം സ്ഥാനം: ക്രിസ്റ്റീന ആഞ്ചേരി – അമ്പായത്തോട്, രണ്ടാം സ്ഥാനം: ജോമോൾ അമ്പലത്തറ – പോരൂർ, മൂന്നാംസ്ഥാനം: ജെസി ചെറുവള്ളിക്കുടിയിൽ – മുതിരേരി, നാലാംസ്ഥാനം: പ്രിൻസ് ചെറുവള്ളിക്കുടിയിൽ – മുതിരേരി, അഞ്ചാംസ്ഥാനം: ആശ കുന്നൂൽ – കല്ലോടി.

**പ്രവർത്തനവർഷ ഉദ്ഘാടനവും രൂപത കൗൺസിലും**

2015-16 പ്രവർത്തന വർഷവും രൂപത കൗൺസിലും ജൂൺ 13-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിൽനിന്നും പുതുതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ എക്സിക്യൂട്ടിവ് അംഗങ്ങളും രൂപത കൗൺസിലിലും പ്രവർത്തനവർഷ ഉദ്ഘാടനത്തിലും പങ്കെടുക്കണമെന്ന് ഓമ്മിപ്പിക്കുന്നു. പങ്കെടുക്കേണ്ടവർ: ശാഖ ഡയറക്ടർ, ജോ.ഡയറക്ടർ, എക്സിക്യൂട്ടിവ് അംഗങ്ങൾ, മേഖല, രൂപത ഭാരവാഹികൾ.

**ശാഖ ഇലക്ഷൻ**

ഇലക്ഷൻ നടത്താത്ത ശാഖകളിൽ ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ഇലക്ഷൻ നടത്തുമല്ലോ പ്രസിഡന്റ്/ സെക്രട്ടറി സ്ഥാനത്തേയക്ക് അദ്ധ്യാപകരെ തെരഞ്ഞെടുക്കുവാൻ അച്ചൻ ശ്രദ്ധിക്കുമല്ലോ?

**ജോ. ഡയറക്ടേഴ്സിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഇനിയും വിഹിതങ്ങൾ (മിഷൻ ഞായർ, കാണിക്ക, കലണ്ടർ, പലതുള്ളി, സംസ്ഥാന വിഹിതം, സി.ഡി) തരാത്ത ശാഖകൾ എത്രയും പെട്ടെന്ന് രൂപത ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അംഗത്വ ലിസ്റ്റിന്റെ 3 കോപ്പി DTP എടുത്ത് CD യോടുകൂടി ഓഫീസിൽ എത്രയും പെട്ടെന്ന് ഏൽപിക്കണമന്ന് ഓർമ്മിപ്പിക്കുന്നു.

**ശാഖാവാർത്തകൾ**

*കുറുമ്പാലക്കോട്ട:*-അർദ്ധദിന സെമിനാർ നടത്തി.

*തരിയോട്:-കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി.*

*വാഴവറ്റ:*- സി.എം.എൽ. അംഗങ്ങൾക്കായി ശാഖാക്യാമ്പ് നടത്തി.

*പുൽപ്പള്ളി:*- ഉയിർപ്പിന്റെ കല്ലറ ഉണ്ടാക്കുകയും നോട്ടീസ് ബോർഡിൽ ആശംസയും സന്ദേശവും എഴുതിയിടുകയും ചെയ്തു.

*പഴൂർ:*- നിങ്ങൾക്കും ആകാം കോടീശ്വരൻ എന്ന പ്രോഗ്രാമിൽ അമൽ മണിയകുംപാറയും സ്കൂളിൽ നിന്ന് ഒരു കുട്ടിയും മത്സരിച്ചപ്പോൾ 63000 രൂപ നേടിയെടുത്തു. അമലിന് ആശംസകളും അഭിനന്ദനങ്ങളും അർപ്പിക്കുകയും സമ്മാനം നൽകുകയും ചെയ്തു.

*കുറുമണി :*- 10, +1, +2 ക്ലാസ്സിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ധ്യാനം നടത്തി.

*ഒലിവുമല :*- വിവാഹ സഹായം നൽകി.

*എടപ്പെട്ടി :*- ഉയിർപ്പുതിരുനാളിന് ഒരുക്കമായി കല്ലറ ഉണ്ടാക്കി.

*പയ്യംമ്പള്ളി:*- കാട്ടികുളത്തെ കരുണാഭവൻ സന്ദർശിച്ചു.സി.എം.എൽ അംഗങ്ങൾ തയ്യാറാക്കിയ കൈയ്യെഴുത്ത് മാസിക 'മഴവില്ല്' പ്രകാശനം ചെയ്തു.

**മിഷൻ ഞായർ വിഹിതം തന്ന ശാഖകൾ**

ചുണ്ടക്കര-1500, ശാന്തിഗിരി-750, മച്ചിക്കൊല്ലി-250, മഞ്ഞൂറ-600, അമരക്കുനി-100, മീനങ്ങാടി-700, കൊളവയൽ-400, പുതുശ്ശേരി-300, ദ്വാരക-1000, നെടുമ്പാല-1500, ധർമ്മഗിരി-300, ചൂരൽമല-500, തവിഞ്ഞാൽ-1000, ഏലപ്പീടിക-500, പുതുശ്ശേരിക്കടവ്-300, മൂലേപ്പാടം -150, പട്ടാണിക്കൂപ്പ്-300, കബനിഗിരി-250, സീതാമൗണ്ട്-250, വഞ്ഞോട് -350, ആടിക്കെല്ലി-1000, ജൂഡ്സ്മൗണ്ട്-500, പാലാങ്കര-1500, നടവയൽ -5000, മുള്ളൻക്കൊല്ലി-1000, മാനന്തവാടി ടൗൺ-1000, കാവുംമന്ദം-500, കാരക്കാമല-1000, വിമലഗിരി-200, കയ്യൂന്നി-1500.

**പലതുള്ളി തന്ന ശാഖകൾ**

സീതാമൗണ്ട്-100, വഞ്ഞോട്-100, ആടിക്കൊല്ലി-400, പാലാങ്കര-200, മുള്ളൻക്കൊല്ലി-500, മാനന്തവാടി ടൗൺ - 300, കാരക്കാമല - 400, കയ്യൂന്നി-300.

**കാണിക്ക തന്ന ശാഖകൾ**

നെല്ലിയോടി-200, പാലാങ്കര-200, മുണ്ടേരി-50, തേൾപ്പാറ-200, നടവയൽ-1300, മുള്ളൻക്കൊല്ലി-5000, കുറ്റിമൂല-120, മാനന്തവാടി ടൗൺ -225, പാതിരിപ്പാടം-2500, ജൂഡ്സ്മൗണ്ട്-287, കാവുംമന്ദം-400, കാരക്കാമല-1820, കയ്യൂന്നി-500.

**സ്നേഹപൂർവ്വം**

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ ബഹു. വൈദികരെ, പ്രിയ സിസ്റ്റേഴ്സ് സി.എം.എൽ. അല്മായ നേതാക്കളെ, സ്നേഹമുള്ള സി.എം.എൽ. പ്രവർത്തകരെ, ഏറ്റവും പ്രിയപ്പെട്ട സോണിയച്ചാ, കഴിഞ്ഞ വർഷങ്ങളിൽ മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളും വിജയങ്ങളും അങ്ങയുടെ സഹായ സഹകരണത്തിലൂടെയും പ്രാർത്ഥനയിലൂടെയും, പ്രോത്സാഹനത്തിലൂടെയും ഏറ്റവും മനോഹരമായി ഈശോയ്ക്ക് ഇഷ്ടപ്പെട്ട രീതിയിൽ നടന്നുവെന്ന് നമ്മൾക്ക് വിശ്വസിക്കാം. അതിന് നേതൃത്വം കൊടുത്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്ക് അങ്ങ് ഒരു കൈത്താങ്ങായിട്ട് നിൽക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

എന്ന് സ്നേഹത്തോടെ നിങ്ങളുടെ സ്വന്തം,

**രഞ്ജിത്ത് മുതുപ്ലാക്കൽ**

രൂപത ജനറൽ സെക്രട്ടറി.

# Department of Youth Ministry

## LIFE Training

മാനന്തവാടി ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ ആറാം ക്ലാസ്സ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള LIFE Training Entrance Test ൽ 64 പേർ പങ്കെടുത്തു. 27 പേർ പ്രവേശനത്തിനു യോഗ്യരായി. LIFE Training Programme ന്റെ ഔദ്യോഗികമായ ഉദ്ഘാടനം മാനന്തവാടി രൂപത വികാരി ജനറാൾ പെരി. ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ മെയ് 4 –ാം തീയതി തിങ്കളാഴ്ച കണിയാരം സാൻജോ പബ്ളിക് സ്കൂളിൽ വച്ച് നിർവഹിച്ചു. ബഹു.ജനറാളച്ചൻ വിദ്യാർത്ഥികൾക്ക് ജപമാല നൽകിക്കൊണ്ട് LIFE Training ലേക്ക് പ്രവേശനം നൽകി. കണിയാരം കത്തീഡ്രൽ വികാരി റവ.ഫാ.ജോർജ് മൈലാടൂർ അധ്യക്ഷത വഹിച്ചു. രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ, സാൻജോ പബ്ളിക് സ്കൂൾ പ്രിൻസിപ്പൽ റവ.സി.ആനി ആര്യപ്പള്ളിൽ എന്നിവർ ആശംസകളർപ്പിച്ചു. റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ സമ്മേളനത്തിന് സ്വാഗതവും സി.ആൻസി സി.എം.സി നന്ദിയും പറഞ്ഞു. ഫാ.ലാൽ ജേക്കബ് വിദ്യാർത്ഥികൾക്കു പ്രതിഞ്ജാവാചകം ചൊല്ലിക്കൊടുത്തു. ശ്രീ. അരുണിന്റെ നേതൃത്വത്തിൽ JMJ തീം സോങ്ങ് ആലപിച്ചു. ചടങ്ങിൽ 27 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും Youth Ministry Team Members ഉം സന്നിഹിതരായിരുന്നു.

## Night Vigil

Sisters ന്റെ നേതൃത്വത്തിൽ നടത്തിയ ജാഗരണപ്രാർത്ഥനക്ക് 10 പേർ പങ്കെടുത്തു. ജാഗരണ പ്രാർത്ഥനക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിത്തന്ന S.H. Study House മദറിനും സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി.

**മാനന്തവാടി രൂപതയിലെ +2 കഴിഞ്ഞവർക്കു വേണ്ടിയുള്ള പ്രത്യേക ധ്യാനം**

+2 കഴിഞ്ഞ് ഉന്നതപഠനത്തിനായി പോകുന്ന വിദ്യാർത്ഥികളിൽ പലരും ആത്മീയജീവിതത്തിൽ നിന്ന് അകന്നുപോകുന്ന സത്യം നമുക്കറിയാവുന്നതാണല്ലോ. +2 കഴിഞ്ഞ വിദ്യാർത്ഥികളെ ദൈവത്തോടും സഭയോടും ചേർത്തുനിർത്താനുള്ള സംരംഭമാണ് ഈ ധ്യാനത്തിലൂടെ ലക്ഷ്യമിടുന്നത്. വ്യക്തിപരമായ പ്രാർത്ഥന, ദൈവവചനത്തോടുള്ള

ആഭിമുഖ്യം, വിശുദ്ധ കൂദാശകളുടെ സ്വീകരണം, ഇടവക കൂട്ടായ്മയിലുള്ള പങ്കുചേരൽ, ജീവിതലക്ഷ്യം, ജീവിതവിശുദ്ധി എന്നിവ ഈ ധ്യാനത്തിന്റെ മുഖ്യപ്രമേയമാണ്. അച്ചന്റെ ഇടവകയിലെ +2 കഴിഞ്ഞ കുട്ടികളെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കുവാൻ പ്രേരിപ്പിക്കുമല്ലോ. രജി. ഫീ. 500/- രൂപ. സീറ്റ് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**ധ്യാനത്തിന്റെ സമയവും സ്ഥലവും താഴെ കൊടുക്കുന്നു.**

1. ജൂൺ 2 ചൊവ്വ 4 pm മുതൽ 5 -ാം തീയതി വെള്ളി 3 pm വരെ.
സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ

2. ജൂൺ 12 വെള്ളി 4 pm മുതൽ 15-ാം തീയതി തിങ്കൾ 3 pm വരെ.
സ്ഥലം: മണിമൂളി പാസ്റ്ററൽ സെന്റർ

3. ജൂൺ 22 തിങ്കൾ 4 pm മുതൽ 25-ാം തീയതി വ്യാഴാഴ്ച 3 pm വരെ.
സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

**വയനാടൻ യുവ ആന്തോളൻ**

വയനാടൻ ജനതയുടെ പ്രശ്നങ്ങളായ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ, ഉന്നതപഠന സൗകര്യം ലഭിക്കാത്ത വിദ്യാർത്ഥികൾ, നട്ടെല്ലൊടിഞ്ഞ കർഷകർ, പകർച്ചവ്യാധികൾ മൂലം മരണമടയുന്ന ആദിവാസികൾ, പ്രഖ്യാപനങ്ങളിൽ ഒതുങ്ങിയ റീജിയണൽ ക്യാൻസർ സെന്റർ, രാത്രിയാത്ര നിരോധനം, വന്യജീവി പ്രശ്നങ്ങൾ, മേപ്പാടി – മുണ്ടേരി ചുരം ബദൽറോഡ് തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങൾ ഉന്നയിച്ചു കൊണ്ടു മാനന്തവാടി രൂപതയുടെ യുവശബ്ദം കെസിവൈഎം പ്രവർത്തകർ മെയ് 9 നു ചെണ്ട കൊട്ടി നടത്തിയ വയനാടൻ യുവ ആന്തോളൻ മാനന്തവാടി, പനമരം, പള്ളിക്കുന്ന്, കണിയാമ്പറ്റ, കമ്പളക്കാട് , ചാരിറ്റി, ചുണ്ട, വൈത്തിരി, നെടുമ്പാല, മേപ്പാടി, വാഴവറ്റ, കാക്കവയൽ, മുട്ടിൽ തുടങ്ങിയ സ്ഥലങ്ങളിൽ ആരംഭിച്ച് കൽപ്പറ്റ കലക്ട്രേറ്റ് പടിക്കൽ സമാപിച്ചു. സമാപനസമ്മേളനം KCYM രൂപത ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടനം ചെയ്തു. കെസിവൈഎം രൂപത പ്രസിഡണ്ട് ശ്രീ.സിബിൻ പാലമൂട്ടിൽ അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ.എബിൻ മുട്ടപ്പള്ളി, സെക്രട്ടറി റ്റോബി കൂട്ടുങ്കൽ, ട്രഷറർ ശ്രീ.അജീഷ് പുല്ലാട്ടുകുടിയിൽ, കോഡിനേറ്റർ ശ്രീ.ഷാജി അഴകനാൽ, രൂപത ആനിമേറ്റർ റവ.സി. ലിൻസ എഫ്.സി.സി., സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ.ബിബിൻ ചെമ്പക്കര, നടവയൽ മേഖല ഡയറക്ടർ റവ.ഫാ.ജെയിംസ് ചക്കിട്ടക്കുടി, കൽപ്പറ്റ മേഖല ഡയറക്ടർ റവ.ഫാ.ജിൽസൺ കോക്കണ്ടത്തിൽ, കൽപ്പറ്റ മേഖല ആനിമേറ്റർ റവ.സി. ലൂസി എസ്.എച്ച്, നടവയൽ മേഖല ആനിമേറ്റർ റവ.സി. അനിറ്റ് സി.എം.സി തുടങ്ങിയവർ സംസാരിച്ചു. ശ്രീ. സിജോ തൈപ്പറമ്പിൽ, ശ്രീ. ഷിന്റോ മുതുപ്ലാക്കിൽ, ശ്രീ.ഡിന്റോ മുണ്ടുപാലയ്ക്കൽ, ശ്രീ. ജിജോ പൊടിമറ്റത്തിൽ, ശ്രീ.അരുൺ പേഴേക്കാട്ടിൽ, ശ്രി.ആന്റണി മങ്കടപ്ര, തുടങ്ങിയവർ നേതൃത്വം നൽകി.

**നന്ദി, ആശംസ, അഭിനന്ദനങ്ങൾ**

കഴിഞ്ഞ 4 വർഷക്കാലം രൂപത മിഷൻലീഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ച് ഊട്ടി ഇടവക വികാരിയായി പോകുന്ന ബഹു. സോണി വടയാപറമ്പിലച്ചനും സീയോൻ സി.ആർ.സി.ഡയറക്ടറായി സേവനമനുഷ്ഠിച്ചശേഷം ആഫ്രിക്കൻ മിഷൻ ദൗത്യത്തിനായി പോകുന്ന ബഹു.അഗസ്റ്റിൻ താന്നിയിലച്ചനും ചുള്ളിയാന ഇടവക വികാരിയായി സ്ഥലം മാറിപ്പോകുന്ന റേഡിയോ മാറ്റൊലി അസി.ഡയറക്ടർ ബഹു.സന്തോഷ് കാവുങ്കലച്ചനും മാനന്തവാടി രൂപത മിഷൻലീഗ് ഡയറക്ടറായി ചാർജെടുത്തിരിക്കുന്ന ബഹു.ജോജോ ചങ്ങനാംതുണ്ടത്തിലച്ചനും മാനന്തവാടി രൂപത സീയോൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായി ചാർജെടുത്തിരിക്കുന്ന റവ. ഫാ. മാത്യു മൂത്തേടത്തിനും കെ സി വൈ എം രൂപത കുടുംബത്തിന്റെ അകമഴിഞ്ഞ പ്രാർത്ഥനാമംഗളങ്ങൾ.

**സ്വാഗതം**

കെസിവൈഎം രൂപത ഓഫീസ് സെക്രട്ടറിയായി പുതിയതായി ചാർജെടുത്തിരിക്കുന്ന സി.എൽസിൻ എസ്.എ.ബി.എസ്.ന് പ്രസ്ഥാനത്തിന്റെ പേരിൽ ഹൃദ്യമായ സ്വാഗതവും പ്രവർത്തനവിജയങ്ങളും ആശംസിക്കുന്നു.

**ആശംസകൾ**

വിവാഹമെന്ന കൂദാശയിലൂടെ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന കെസിവൈഎം രൂപത ജനറൽ സെക്രട്ടറി ശ്രീ.എബിൻ മുട്ടപ്പള്ളിക്കും വധു റൂബിക്കും കെസിവൈഎം രൂപത കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**അറിയിപ്പ്**

കെസിവൈഎം രൂപത മാർഗരേഖ- 'വഴി 2015' ഇതുവരെ കൊണ്ടുപോകാത്ത ഇടവകകൾ എത്രയും പെട്ടെന്ന് രൂപത ഓഫീസിൽ നിന്നും വാങ്ങിക്കൊണ്ടുപോകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**യൂണിറ്റ് വാർത്തകൾ**

**വെള്ളൂന്നി യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിക്കുകയും ഈസ്റ്റർ ആശംസകൾ നേർന്നുകൊണ്ട് ഇടവക ജനങ്ങൾക്കു മുഴുവൻ അലങ്കരിച്ച ഈസ്റ്റർ മുട്ടകൾ നൽകുകയും ചെയ്തു. പച്ചക്കറി വിളവെടുപ്പും വിൽപനയും നടത്തി. സി. മേഴ്സി മാനുവലിന്റെ പിതാവിന്റെ മൃതസംസ്കാരത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**കരിമാനി യൂണിറ്റ്**

ഈസ്റ്ററിനോടനുബന്ധിച്ച് കെസിവൈഎം അംഗങ്ങൾ മനോഹര

മായ ഉയിർപ്പുകല്ലറ നിർമ്മിച്ചു. ഇടവകയിൽ വച്ചു നടത്തപ്പെട്ട സി.എം. എൽ മേഖല ക്യാമ്പിൽ കെസിവൈഎം അംഗങ്ങൾ ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും നൽകി.

**നെടുമ്പാല യൂണിറ്റ്**

യൂണിറ്റംഗം നിഖിത തെക്കേക്കുറ്റിന്റെ വിവാഹചടങ്ങിൽ പങ്കെടുത്ത് ആശംസകൾ കൈമാറി. ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പു കല്ലറ നിർമിച്ചു.

**പുൽപ്പള്ളി യൂണിറ്റ്**

40 -ാം വെള്ളിയാഴ്ചത്തെ കുരിശിന്റെ വഴിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു.

**അരിഞ്ചേർമല യൂണിറ്റ്**

പെസഹാവ്യാഴാഴ്ചയിലെ വാർഡുതിരിച്ചുള്ള ആരാധനയിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴിക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പു കല്ലറ നിർമ്മിച്ചു. മേഖല യുവജനക്യാമ്പിൽ യൂണിറ്റിൽ നിന്നും ആനിമേറ്റർ സിസ്റ്ററും യുവജനങ്ങളും പങ്കെടുത്തു. സംഘടനകളുടെ വാർഷിക പരിപാടിയിൽ കെസിവൈഎം അംഗങ്ങൾ മാർഗംകളി, ഗ്രൂപ്പ് ഡാൻസ്, സിംഗിൾ ഡാൻസ്, മോണോ ആക്ട്, റിപ്പോർട്ടവതരണം, കോമിക്, തുടങ്ങിയവ അവതരിപ്പിച്ചു.

**പുതുശ്ശേരി യൂണിറ്റ്**

യൂണിറ്റിലെ യുവജനങ്ങൾ ചേർന്ന് ദുഖവെള്ളിയാഴ്ച കാൽവരിയുടെയും ഈസ്റ്ററിന് ഈശോയുടെ ഉത്ഥാനത്തിന്റെയും ദൃശ്യാവിഷ്കാരം നടത്തി.

**ചുങ്കക്കുന്ന് യൂണിറ്റ്**

ഈ മാസത്തെ യുവജന സംഗമത്തിൽ 250 ഓളം യുവജനങ്ങൾ സംബന്ധിച്ചു. ഇടവകവികാരി റവ.ഫാ.തോമസ് മണക്കുന്നേൽ ക്ലാസ്സെടുത്തു. ഈസ്റ്ററിനോടനുബന്ധിച്ച് നാൽപതോളം കെസിവൈഎം അംഗങ്ങൾ ചേർന്ന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രണ്ടു ഭവനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്തു. എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.30 ന് യുവജനങ്ങളുടെ നേതൃത്വത്തിൽ ദേവാലയത്തിൽ വച്ച് ജപമാല ചൊല്ലുന്നു.

**ചാരിററി യൂണിറ്റ്**

ഫണ്ട് ശേഖരണാർത്ഥം ഇടവകയിലെ വിവിധ ഭവനങ്ങളിൽ നിന്നും പഴയസാധനങ്ങൾ ശേഖരിച്ച് പണം സ്വരൂപിച്ചു. ഇടവകാതിരുനാളിനോടനുബന്ധിച്ച് അലങ്കാരങ്ങൾ, നേർച്ചഭക്ഷണം തുടങ്ങിയ കാര്യങ്ങൾക്ക് നേതൃത്വം നൽകി. സൺഡേ സ്കൂൾ വാർഷികത്തിൽ വിവിധ

കലാപരിപാടികൾ അവതരിപ്പിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് ഉയിർപ്പുകല്ലറ നിർമിച്ചു.

**ഒലിവുമല യൂണിറ്റ്**

ഇടവകാത്തിരുനാളിനോടനുബന്ധിച്ച് ദേവാലയവും പരിസരവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു. വാർഷികാഘോഷത്തിൽ പങ്കെടുത്ത് കലാപരിപാടികൾ അവതരിപ്പിച്ചു. ഒരു കെസിവൈഎം അംഗത്തിന്റെ വിവാഹത്തോടനുബന്ധിച്ച് മണ്ഡപം നിർമ്മിച്ചു. സാമ്പത്തികസഹായം നൽകി.

**മേഖലവാർത്തകൾ**

**കല്ലോടി മേഖല**

കല്ലോടി മേഖല KCYM യുവജനക്യാമ്പ് "നിറവ് – നിലാക്കൂട്ടം 2015" ഒഴുക്കൻമൂല സെന്റ് തോമസ് ദേവാലയത്തിൽ വച്ചു നടത്തപ്പെട്ടു. ക്യാമ്പിന് റവ.ഫാ.ജോജോ മണിമല & ടീം നേതൃത്വം നൽകി. മേഖല പ്രസിഡണ്ട് ശ്രീ.ജിജോ വാഴേപ്പറമ്പിൽ, സെക്രട്ടറി ജിനീഷ് നീർച്ചാലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള മേഖലാസമിതി ക്യാമ്പ് ക്രമീകരിച്ചു. മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും നൂറോളം യുവതിയുവാക്കൾ പങ്കെടുത്ത ക്യാമ്പിൽ 3 വർഷം KCYM കല്ലോടി മേഖല ഡയറക്ടറായിരുന്ന റവ. ഫാ. ജോജോ ഔസേപ്പറമ്പിലിന് യാത്രയയപ്പ് നൽകി. ക്യാമ്പിന്റെ സമാപനത്തിൽ ആരാധനയും ക്യാമ്പ് ഫയറും നടത്തി.

**നടവയൽ മേഖല**

**EMPOWER - 2015**

കത്തോലിക്കാ യുവജനങ്ങളുടെ സമഗ്രവികസനവും വ്യക്തിത്വവികസനവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കെ.സി. വൈ.എം. നടവയൽ മേഖല കുറുമ്പാലക്കോട്ട യൂണിറ്റിൽ വച്ച് "EMPOWER -2015' ദ്വിദിന ക്യാമ്പ് നടത്തി. ശ്രീ.സജിമോൻ ചേർത്തല ക്യാമ്പിന് നേതൃത്വം നൽകി. അന്നേദിവസം മേഖലയിലെ സമർപ്പിതരെ ആദരിച്ചു. മേഖലമാർഗരേഖ "MILLORA -2015 പ്രകാശനം ചെയ്തു. രൂപത KCYM ഭാരവാഹികളെ മേഖലയുടെ ഉപഹാരം നൽകി സ്വീകരിച്ചു. നടവയൽ മേഖല ഫൊറോനവികാരി റവ.ഫാ.ഷാജി മുളകുടിയാങ്കൽ, KCYM മേഖല ഡയറക്ടർ റവ.ഫാ.ജെയിംസ് ചക്കിട്ടക്കുടി, രൂപത ചാൻസലറും കുറുമ്പാലക്കോട്ട വികാരിയുമായ റവ.ഫാ. ജോസഫ് പരുവുമ്മേൽ തുടങ്ങിയവരുടെ സജീവസാന്നിധ്യമുണ്ടായിരുന്നു. 120 ഓളം യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**എബിൻ മുട്ടപ്പള്ളി**

കെസിവൈഎം രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 24 മുതൽ 27 വരെ നടന്ന കോഴ്സിൽ 115 പേരും മെയ് 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 119 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ജൂൺ | 26–29 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ | 17–20 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് | 2–5 | പാസ്റ്ററൽ സെന്റർ ദ്വാരക |

**സീറോമലബാർ മാതൃവേദി**

14.5.2015 –ന് പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ മാത്യു പെരിയപ്പുറം അച്ചന്റെയും അസോസിയേറ്റ് ഡയറക്ടർ ബഹു.ജോഷി മഞ്ഞക്കുന്നേലച്ചന്റേയും നേതൃത്വത്തിൽ എക്സിക്യൂട്ടിവ് മീറ്റിംഗ് ചേർന്നു. പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി സ്വാഗതം ആശംസിച്ചു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. സമ്മാനകൂപ്പൺ നറുക്കെടുപ്പ് ജൂൺ 6 –ാം തീയതി നടത്തപ്പെടുന്നതാണ്. 2015 സെപ്റ്റംബർ 30 –ന് മുൻപായി അംഗത്വകാർഡ് പുതുക്കലും പുതിയ അംഗങ്ങളെ ചേർക്കലും പൂർത്തിയാക്കണം. മാതൃവേദിക്കായി ഒരു ആന്തം രചിക്കുവാൻ പ്രാപ്തരായ ആൾക്കാരെ കണ്ടെത്തി മെയ് 31 –നകം ആന്തം സീഡിയിലാക്കി രൂപതയിൽ ഏൽപ്പിക്കണം. റിസോഴ്സ് ടീം അംഗങ്ങൾക്കായുള്ള ടീം ട്രയിനിംഗിന്റെ രണ്ടാം ഭാഗം മെയ് 24 –ാം തീയതി ഞായറാഴ്ച്ച വൈകുന്നേരം 5.30 –ന് പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. അടുത്ത എക്സിക്യൂട്ടീവ് ജൂൺ 11–ാം തീയതിയായിരിക്കും.

**മാനന്തവാടി മേഖല**

28.4.2015 –ന് പോരൂർ പള്ളി ഓഡിറ്റോറിയത്തിൽവച്ച് മാനന്തവാടി മേഖല വാർഷികാഘോഷവും ജനറൽബോഡിയോഗവും നടത്തപ്പെട്ടു. ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളുകൾ എന്ന

വിഷയത്തെ ആസ്പദമാക്കി, റിസോഴ്സ് ടീം അംഗം ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ് നയിച്ചു. തുടർന്ന് വാർഷിക പൊതുസമ്മേളനം നടന്നു. മേഖലാ ഡയറക്ടർ ബഹു.മൈക്കിളച്ചൻ സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, പോരൂർ പള്ളിവികാരി റവ.ഫാ.ടോമി പുത്തൻപുരയ്ക്കൽ മുഖ്യ അതിഥിയായിരുന്നു.മേഖലാ സെക്രട്ടറി ശ്രീമതി ഷൈനി എളപ്പുപാറ റിപ്പോർട്ടും ട്രഷറർ ശ്രീമതി ജെസി കവളനാൽ കണക്കും അവതരിപ്പിച്ചു. ബഹു. ടോമിയച്ചൻ മേഖലയിലെ സമർപ്പിതർക്ക് സമർപ്പിത വർഷത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുകയും തുടർന്നു 18 ഇടവകകളിൽ നിന്നും എത്തിയ ശാഖാ ആനിമേറ്റേഴ്സിനെ ആദരിച്ച് സമ്മാനങ്ങൾ നൽകുകയും ചെയ്തു. പിന്നീട് മേഖലയിലെ മാതൃവേദിയിൽ അംഗമായിട്ടുള്ള ലോഗോസ്ക്വിസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ മൂന്ന് അമ്മമാർക്കും, സാഹിത്യരചനാ മൽസരത്തിൽ വിജയികളായവർക്കും ഏറ്റവും നല്ല മാതൃവേദി പ്രവർത്തനങ്ങൾ കാഴ്ച്ച വച്ച മൂന്ന് ഇടവകകൾക്കും അച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. സമർപ്പിതരുടെ പ്രതിനിധിയായി സി.ആനി ടോം എസ്.എച്ച് നന്ദി പറഞ്ഞു. ഒരു സംഘഗാനം ആലപിച്ചു കൊണ്ട് തലപ്പുഴ ശാഖയിൽ നിന്നും എത്തിയ അമ്മമാർ ആഘോഷ പരിപാടികൾക്ക് ഉണർവേകി. മേഖല ആനിമേറ്റർ സി.ഗ്രേസി നന്ദിയർപ്പിച്ചു.

**പയ്യമ്പള്ളി മേഖല**

മേഖലാ ഡയറക്ടർ ബഹു.ചാക്കോച്ചൻ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ ഏപ്രിൽ 21 –ന് ആറാട്ടുതറ ഇടവകയിൽ വച്ച് മേഖലാ സെമിനാർ നടത്തി. ശ്രീ സെബാസ്റ്റ്യൻ പാലംപറമ്പിൽ ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ക്ലാസെടുത്തു. മെയ് 13–ന് മേഖലാ എക്സിക്യൂട്ടിവും ജൂലൈ മാസം പടമല ഇടവകയിൽ വച്ച് അർദ്ധദിന സെമിനാറും നടത്തുവാൻ തീരുമാനിച്ചു. ആറാട്ടുതറ ശാഖ സമർപ്പിതർക്കു വേണ്ടിയും ഒണ്ടയങ്ങാടി ശാഖ ഇടവകകൾക്കു വേണ്ടിയും ചെയിൻ റോസറി ഏറ്റെടുത്തു.സെക്രട്ടറി ഫിലോ ചേലക്കൽ നന്ദിയർപ്പിച്ചു. കഴിഞ്ഞ 4 വർഷമായി പയ്യമ്പള്ളി മേഖലാ ആനിമേറ്ററായി സേവനം ചെയ്ത സി.അഞ്ജലി SKD –ക്ക് നന്ദിയും പ്രാർത്ഥനകളും ആശംസിച്ചു.

**നിലമ്പൂർ**

സമർപ്പിതവർഷത്തിൽ എല്ലാ മാസവും ഒരു ദിവസം ഒരുമണിക്കൂർ പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. റിസോഴ്സ് ടീം ട്രെയിനിംങ്ങിൽ ലിസമ്മ ഒഴുകയിൽ വടപുറം, ടെൻസി മറ്റപ്പള്ളി പൂളപ്പാടം, റാണി

പുറത്താനകുന്നിയിൽ ഇടിവണ്ണ എന്നിവർ സംബന്ധിച്ചു. സ്ഥലം മാറി പോകുന്ന ആനിമേറ്റർമാരെ ആദരിക്കുവാൻ തീരുമാനിച്ചു. വണക്ക മാസാചരണത്തിൽ സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു.

**കൽപ്ര**

ഏപ്രിൽ 10 –ന് യോഗം ചേർന്നു. കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. മെയ് മാസത്തിലെ ക്രിസ്റ്റീൻ ധ്യാനം, അമ്മമാർക്കായി ഏകദിന ടൂർ, രൂപതാ ഡയറക്ടറച്ചന്റെ സന്ദർശനം എന്നിവ ചർച്ച ചെയ്തു. കർഷകശ്രീമതി അവാർഡിന് യഥാക്രമം ശ്രീമതി ഷിജി ആബശ്ശേരി, മിനി ആബശ്ശേരി എന്നിവർ അർഹരായി.

**പുതിയിടംക്കുന്ന്**

മാതൃവേദി ഭാരവാഹികൾ, വീടുകളിൽ രോഗികളായി കഴിയുന്നവരേയും പ്രായമായവരേയും സന്ദർശിക്കുകയും പുതിയ ഡ്രസ്സ്, ഷാൾ ഇവ നൽകി അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

അങ്ങ് എനിക്ക് രക്ഷയുടെ പരിച നൽകി. അവിടുത്തെ വലത്തു കൈ എന്നെ താങ്ങിനിർത്തി. അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി (സങ്കീ. 18/35) തന്നെ കാത്തിരിക്കുന്നവർക്കും തന്നെ തേടുന്നവർക്കും കർത്താവ് നല്ലവനാണ്. (വിലാ. 3:25) ദൈവത്തിന്റെ രക്ഷയും, താങ്ങി നിർത്തുന്ന വാത്സല്യവും അനുഭവിച്ചറിയുവാൻ, തമ്പുരാനെ തേടി, അവിടുത്തേയ്ക്കായി, ദാഹാർത്തരായി കാത്തിരിക്കുന്ന വലിയ ജനതതി ഇന്ന് ധ്യാനകേന്ദ്രങ്ങളിലേയ്ക്കും വചനശുശ്രൂഷാ മേഖലകളിലേയ്ക്കും കടന്നുവരുന്നു. ദൈവമക്കളുടെ ഈ ദാഹം ശമിപ്പിക്കാൻ ഈ കാലഘട്ടത്തിൽ കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകളിലൂടെ ദൈവം അവസരം ഒരുക്കിയിരിക്കുന്നു. റീത്തുകൾ, രൂപതകൾ തുടങ്ങിയ അതിർവരമ്പുകൾ തീർക്കാതെ വയനാട്ടിലെ മാനന്തവാടി, കോഴിക്കോട്, ബത്തേരി, കോട്ടയം എന്നീ രൂപതാതിർത്തിക്കുള്ളിലെ ദൈവമക്കൾക്കായി ഏകോപിപ്പിച്ചുള്ള നവീകരണ സംരംഭങ്ങൾക്ക് മാനന്തവാടി സോൺ ഇടമൊരുക്കുന്നു. മാനന്തവാടി സോണിനെ ബത്തേരി, കല്പറ്റ, മാനന്തവാടി, കൊട്ടിയൂർ, പുൽപ്പള്ളി എന്നീ സബ്സോണുകളായി തിരിച്ചു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നേതൃത്വനിരയേയും തിരഞ്ഞെടുത്ത് നിയോഗിച്ചു.

**മാനന്തവാടി സോൺ സർവ്വീസ് ടീം അംഗങ്ങൾ**

**ആനിമേറ്റർ**

റവ.ഫാ. അഗസ്റ്റിൻ താന്നിയിൽ, സി. മെറീന FCC

**സർവ്വീസ് ടീം**

1) ബേബി മൂത്തേടത്ത് - ചിത്രഗിരി (കോഡിനേറ്റർ), 2) തങ്കച്ചൻ വി.സി. വല്ലത്ത് - മരക്കടവ്, 3) ജോർജ് അരഞ്ഞാണിയിൽ - പയ്യമ്പള്ളി, 4) ടോമി പുറങ്ങാട്ടിൽ - തെനേരി, 5) മേരി ജോസ് തെനംകുഴിയിൽ - പയ്യമ്പള്ളി (സെക്രട്ടറി), 6) എൽസി ജോസ് കുളത്തിങ്കൽ - ചെറുകാട്ടൂർ, 7) ജോസഫ് ജോസഫ് വട്ടക്കുന്നേൽ - കൽപറ്റ, 8) സിറിൾ പന്തലാനിക്കൽ-സുഗന്ധഗിരി, 9) ലിസ്സി പടിയത്ത് - ചുങ്കക്കുന്ന്.

**KAC**

1) ജോസ് മാളോല - മുള്ളൻകൊല്ലി, 2) ലിസി ചരുവിള-കാപ്പം കൊല്ലി.

**ബത്തേരി സബ്സോൺ**

ബത്തേരി, നടവയൽ ഫൊറോനകൾ, കോഴിക്കോട്, ബത്തേരി രൂപതകളിൽപെട്ട ഇടവകകൾ.

**ആനിമേറ്റർ**

റവ. ഫാ. ജോബി മുട്ടത്തിൽ ലാസലറ്റ് - നടവയൽ, സി. എൽസി പാബ്ലാനിയിൽ SABS - ബത്തേരി

**സർവ്വീസ് ടീം മെമ്പേഴ്സ്**

1) ജോസ് ചിരിയംകണ്ടത്തിൽ (കോഡിനേറ്റർ) - ബത്തേരി, 2) ജോൺ കണ്ണാട്ടുപറമ്പിൽ (സെക്രട്ടറി) - മീനങ്ങാടി, 3) ഷാജി കാവും പുറത്ത് (ട്രഷറർ) - നടവയൽ, 4) ജോസ് പുത്തൂർ - ബത്തേരി, 5) മാണി കുന്നുംപുറത്ത് - പഴൂർ, 6) ജോർജ് പൂവക്കോട്ട് - വിളമ്പു കണ്ടം, 7) ഡെയ്സി മാളിയേക്കൽ - പൂമല, 8) ലിസി ചാരുവിള-കാപ്പം കൊല്ലി, 9) ലീലാമ്മ പുളിയോരത്ത് - ചുണ്ടക്കര, 10) സി. ഫിലോ SABS - തോമാട്ടുചാൽ

**കല്പറ്റ സബ്സോൺ**

കല്പറ്റ, തരിയോട് ഫൊറോനകൾ, കോഴിക്കോട്, ബത്തേരി രൂപ തകളിൽപെട്ട ഇടവകകൾ

**ആനിമേറ്റർ**

റവ.ഫാ. ഫ്രാൻസീസ് - കൽപറ്റ, സി. ലിസി SH- വാഴവറ്റ

**സർവ്വീസ് ടീം മെമ്പേഴ്സ്**

1) ജോസഫ് വട്ടക്കുന്നേൽ (കോഡിനേറ്റർ) - കൽപറ്റ, 2) സിറിൾ പന്തലാനിക്കൽ (സെക്രട്ടറി) - സുഗന്ധഗിരി, 3) സെബാസ്റ്റ്യൻ ഏറത്ത് - വാഴവറ്റ, 4) ബേബി പാഴത്ത് - പൊഴുതന, 5) ആൻസ് രാജ്-കൽപറ്റ, 6) ആന്റണി തറപ്പുതൊട്ടിയിൽ-കൊളവയൽ, 7) സാലി വാത്തൂർ-കാപ്പം കൊല്ലി, 8) ബേബി സിറിൾ പന്തലാനിക്കൽ-സുഗന്ധഗിരി, 9) ഷേർലി കലമറ്റത്തിൽ-വാഴവറ്റ, 10) സി. റൊസീന SCCS - വൈത്തിരി.

**മാനന്തവാടി സബ്സോൺ**

മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി ഫൊറോനകളും കോഴിക്കോട്, ബത്തേരി, രൂപതകളിൽപെട്ട ഇടവകകൾ.

**ആനിമേറ്റർ**

റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ - പ്രശാന്തഗിരി, സി. റീന MSMI - തലപ്പുഴ

**സർവ്വീസ് ടീം മെമ്പേഴ്സ്**

1) അലോഷ്യസ് വെളിയിൽ (കോഡിനേറ്റർ) – പോരൂർ, 2) ജോർജ് അരഞ്ഞാണിയിൽ (സെക്രട്ടറി) – പയ്യമ്പള്ളി, 3) ഫ്രാൻസീസ് നെടുങ്കല്ലേൽ – കാട്ടിക്കുളം, 4) ജോൺ പഴേവീട്ടിൽ (ട്രഷറർ) – വെൺമണി, 5) തോമസ് കുമ്പുക്കൽ – മക്കിയാട്, 6) ജോണി കുഞ്ചിലക്കാട്ട് – കല്ലോടി, 7) ത്രേസ്യാമ്മ ചാരുവിള – മുള്ളൻകൊല്ലി (കാട്ടിക്കുളം), 8) വത്സമ്മ മാരക്കാപ്പള്ളി – പുതിയിടം, 9) എത്സമ്മ പനച്ചിക്കൽ – തലപ്പുഴ, 10) സി. റോനിറ്റ SH

**ചുങ്കക്കുന്ന് സബ്സോൺ**

**ആനിമേറ്റർ**

റവ.ഫാ. മാത്യു കറുത്തേടത്ത് – കേളകം, സി. മരിയ തോമസ് SH – കൊട്ടിയൂർ

**സർവ്വീസ് ടീം**

1) ആന്റണി വെട്ടത്ത് (കോഡിനേറ്റർ) – ചുങ്കക്കുന്ന്, 2) ജെസി പന്നിയ്ക്കൽ (സെക്രട്ടറി) – കൊട്ടിയൂർ, 3) സി.ജെ. ഡാനിയേൽ കൊല്ലറേത്ത് (ട്രഷറർ) – കേളകം, 4) ജയ്സൻ വിളയാനിക്കൽ – ഒറ്റപ്ലാവ്, 5) സാജു ഞാണിയൻ – ചുങ്കക്കുന്ന്, 6) ഫ്രാൻസീസ് കല്ലുപുരയ്ക്കകത്ത് – നെല്ലിയോടി, 7) ജോഷി താണിവേലിയിൽ – കൊട്ടിയൂർ, 8) ലിസി പടിയത്ത് – ചുങ്കക്കുന്ന്, 9) ജെസ്സി നെച്ചിയാട്ട് – പാൽച്ചുരം, 10) പെണ്ണമ്മ കണ്ണംചിറ – അടയ്ക്കാത്തോട്.

**പുൽപ്പള്ളി സബ്സോൺ**

**ആനിമേറ്റർ**

റവ.ഫാ. തോമസ് തൈക്കുന്നുംപുറം – മരക്കടവ്, സി. ആൻസി MSMI – മരകാവ്

**സർവ്വീസ് ടീം**

1) എ.കെ. എമ്മാനുവേൽ (കോഡിനേറ്റർ) – മുള്ളൻകൊല്ലി, 2) ഷിജു അയ്യാനിക്കാട്ട് (സെക്രട്ടറി) – സീതാമൗണ്ട്, 3) തോമസ് പുളിക്കൽ (ട്രഷറർ) – പെരിക്കല്ലൂർ, 4) ഷിജു വെള്ളക്കട – മരക്കടവ്, 5) തോമസ് താളോരി – പുൽപള്ളി, 6) ഫ്രാൻസീസ് കോച്ചേരി – അമരക്കുനി, 7) ത്രേസ്യാമ്മ പാണംപറമ്പിൽ – മുള്ളൻകൊല്ലി, 8) ലൂസി മങ്ങാട്ടുകുന്നേൽ – പാടിച്ചിറ, 9) മേരി – മരകാവ്, 10) മോളി ചെമ്പകത്തിനാൽ – പെരിക്കല്ലൂർ

**സോണൽ മീറ്റിംഗ്**

"സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം; എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ജിച്ചു തളരുന്നു." (സങ്കീ. 84/1)

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മെയ് 1-ന് സിയോൻ ശുശ്രൂഷകർ അസിസ്റ്റന്റ് ഡയറക്ടറായ ബഹു. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ സോണൽ മീറ്റിംഗിനായി ഒരുമിച്ച് ചേർന്നു. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. 12 മണിക്ക് കുടുംബപ്രേഷിതത്വത്തിന്റെ അസോസിയേറ്റ് ഡയറക്ടറായ ബഹു.ജോഷി മഞ്ഞക്കുന്നേലച്ചൻ വി.ബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ബഹു. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ സോണൽ മീറ്റിംഗ് നടത്തി. സിയോന്റെ വിവിധ ശുശ്രൂഷകളെ കുറിച്ച് ചർച്ചകൾ നടത്തുകയും ജന്മദിനം ആഘോഷിക്കുന്നവർക്ക് ആശംസകൾ നേരുകയും ചെയ്തു. 79 പേർ പങ്കെടുത്തു. 2-5-15 ആദ്യശനി രൂപതാദിനം ആയതിനാൽ എല്ലാ മാസവും നടന്നിരുന്ന ഏകദിന കൺവെൻഷൻ ഉണ്ടായിരുന്നില്ല.

**രണ്ടാംശനി - ദമ്പതികൂട്ടായ്മ 9-5-2015**

"കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അപ്പ. 16/31)

ദമ്പതികൂട്ടായ്മ 9.30 ന് ജപമാലയോടുകൂടി ആരംഭിച്ചു. കുന്നംപറ്റയിലുള്ള റിഡംപ്ഡറിസ്റ്റ് സഭയിലെ ബഹു. ജെയ്സൺ അച്ചൻ കുടുംബജീവിതത്തിൽ പ്രാർത്ഥനയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ക്ലാസെടുക്കുകയും തുടർന്ന് വി.ബലി അർപ്പിക്കുകയും ചെയ്തു. ഉച്ചഭക്ഷണത്തെതുടർന്ന് ഗ്രൂപ്പ് മീറ്റിംഗ് കൂടുകയും ചർച്ച നടത്തുകയും ചെയ്തു. 2.30 ന് ആരാധന നടത്തി. 3.45 നോട് കൂടി ശുശ്രൂഷകൾ സമാപിച്ചു.

**പൊതുകൗൺസിലിംഗ് ദിനം 9-5-2015**

2-ാം വെള്ളിയാഴ്ച കൗൺസിലേഴ്സ് എല്ലാവരും പ്രാർത്ഥിച്ച് ഒരുങ്ങി. ശനിയാഴ്ച 52 മക്കൾക്ക് കൗൺസിലിംഗ് ശുശ്രൂഷ നടത്തി.

**ഇവാഞ്ചലൈസേഷൻ 15-5-2015**

സിയോനിലെ ഇവാഞ്ചലൈസേഷൻ ടീം അംഗങ്ങൾ സീയോനിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ശുശ്രൂഷകൾ വിലയിരുത്തുകയും ചെയ്തു.

**ജാഗരണ പ്രാർത്ഥന 15-5-2015**

"കർത്താവിന് നമ്മെകുറിച്ച് വിചാരമുണ്ട്. അവിടുന്ന് നമ്മെ അനുഗ്രഹിക്കും" (സങ്കീ. 115/12). 6.30 ന് ജപമാലയോടുകൂടി ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് ശ്രീ. പൈലി പെലെക്കുടി ദൈവരാജ്യത്തെക്കുറിച്ച് വചനസന്ദേശം നൽകി. 12 മണിക്ക് സിയോൻ ഡയറക്ടർ ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചൻ വി.ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. സിയോൻ ശുശ്രൂഷകർ

ആരാധനയ്ക്ക് നേതൃത്വം നൽകി. രാവിലെ 5 മണിയോടുകൂടി സമാപിച്ചു.

**ആന്തരിക സൗഖ്യധ്യാനം 17-5-2015**

"നിന്റെ മനസ് പ്രബോധനത്തിലും കാതുകൾ വിജ്ഞാനം നിറഞ്ഞ വചനങ്ങളിലും ഉറപ്പിക്കുക" (സുഭാ. 23/12). മെയ് 17 മുതൽ 21 വരെയുള്ള ആന്തരിക സൗഖ്യധ്യാനത്തിൽ 111 പേർ പങ്കെടുത്ത് ആത്മീയ ഉണർവ്വ് നേടുകയുണ്ടായി. റവ.ഫാ. അഗസ്റ്റിൻ താന്നിയിൽ റവ.ഫാ. സോണി വാഴകാട്ട്, റവ.ഫാ. ബാബു മൂത്തേടം, ജോസഫ് സാർ കൽപറ്റ എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**രോഗീദിനം 23-5-2015**

"അവിടുന്ന് തന്റെ വചനം അയച്ച്, അവരെ സൗഖ്യമാക്കി; വിനാശത്തിൽ നിന്നു വിടുവിച്ചു" (സങ്കീ. 107/20). സിയോനിൽ വെച്ച് നടന്ന രോഗീദിന ശുശ്രൂഷകളിൽ അനേകം രോഗികൾ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും മനസിനും ശരീരത്തിനും ഉണർവ്വും ആരോഗ്യവും നേടുകയും ചെയ്തു.

**ക്രിസ്റ്റീൻ ധ്യാനം 24-5-2015**

"നിന്റെ സന്തതികളുടെ മേൽ എന്റെ ആത്മാവും നിന്റെ മക്കളുടെ മേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും" (ഏശ. 44:3) മെയ് 25 മുതൽ മെയ് 28 വരെ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി. 200 കുട്ടികൾ പങ്കെടുത്ത് ആത്മീയ ഉണർവ്വ് നേടി. ക്രിസ്റ്റീൻ ഡയറക്ടറായ ബഹു. സോണി വാഴകാട്ട് അച്ചൻ, ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ, ബഹു. ബാബു മൂത്തേടം അച്ചൻ, എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**സിയോൻ ജൂൺ മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 5 | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ജൂൺ 6 | - | ആദ്യശനി, ഏകദിന കൺവെൻഷൻ |
| ജൂൺ 13 | - | യുവജനകൂട്ടായ്മ, പൊതുകൗൺസിലിംഗ്, ദമ്പതീ കൂട്ടായ്മ |
| ജൂൺ 19 | - | ജാഗരണ പ്രാർത്ഥന |
| ജൂൺ 14-18 | - | ആന്തരിക സൗഖ്യധ്യാനം |
| ജൂൺ 27 | - | സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**

ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ ഏറ്റവും സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളേ,

"ജനതകൾ നിന്റെ നീതീകരണവും രാജാക്കന്മാർ നിന്റെ മഹത്വവും ദർശിക്കും, കർത്താവ് വിളിക്കുന്ന ഒരു പുതിയ പേരിൽ നീ അറിയപ്പെടും"

ജൂൺമാസം ഈശോയുടെ തിരുഹൃദയ വണക്കമാസമാണല്ലോ. ഈശോയുടെ തിരുഹൃദയ ഭക്തിയിൽ നിറഞ്ഞ് നമ്മുടെ സമ്പത്തിന്റേയും സമയത്തിന്റേയും ഒരോഹരി മാറ്റിവെച്ച് ഉപവിപ്രവർത്തനങ്ങളിൽ വ്യാപൃതരാകുവാനുള്ള ശക്തിയും ഊർജ്ജവും ആർജ്ജിച്ചു പരിശുദ്ധാത്മാവിന്റെ നിറവിനായി ദാഹിച്ച് പരസ്നേഹപ്രവർത്തനങ്ങളിൽ വിജയിക്കുന്നതിനുള്ള കൃപയ്ക്കായി പരിശുദ്ധ കന്യകാമാതാവിന്റേയും നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും ശക്തമായ മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

ജൂൺമാസം കാലവർഷം തുടക്കവും പുതിയ അദ്ധ്യയന വർഷാരംഭവും കൂടിയാണല്ലോ. അവരവരുടെ ഇടവകകളിൽ പാവപ്പെട്ട പഠിതാക്കളെ കണ്ടെത്തി, ആത്മീയോപദേഷ്ടാക്കളുടെ പൂർണ്ണസഹകരണത്തോടെ, പഠനോപകരണങ്ങൾ, യൂണിഫോം, കുട മുതലായവ വാങ്ങി അർഹരായവർക്ക് നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രാർത്ഥന**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ 37-ാ മത് വാർഷികവും സൊസൈറ്റിയുടെ പുതിയ പ്രൊജക്ട് ആയ ഓസാനാം ഫാമിലിഭവൻ വെഞ്ചിരിപ്പു കർമ്മവും നിർവ്വഹിച്ച മാനന്തവാടി രൂപതാ ഇടയൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർദ്ദേശിച്ചത് ഒരിക്കൽകൂടി എല്ലാവരേയും ഓർമ്മിപ്പിക്കുകയാണ്. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും, ഓസാനാംഭവൻ, ഓസാനാം ഫാമിലിഭവൻ, എന്നിവയുടേയും സെന്റ്

വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി രൂപത സെൻട്രൽ കൗൺസിലിന്റെയും പ്രവർത്തനങ്ങൾ വിജയപ്രദമാക്കുന്നതിനായി സെന്റ് ഫ്രാൻസീസ് അസീസിയുടെ സമാധാന പ്രാർത്ഥന എല്ലാ ദിവസവും വൈകുന്നേരം പ്രാർത്ഥിച്ച് സമർപ്പിക്കുകയും ഒരു സ്വർഗ്ഗസ്ഥനായ പിതാവ് ചൊല്ലി സമർപ്പിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്കോളർഷിപ്പ്**

താഴെപറയുന്ന കുട്ടികൾക്ക് 2014-15 വർഷത്തെ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2015 ജൂൺ 13-ാം തീയതി ശനിയാഴ്ച ഓസാനാം ഭവനിൽ വെച്ച് സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകുന്നതായിരിക്കും. ആയതിനാൽ എല്ലാ വിദ്യാർത്ഥികളേയും ഫോട്ടോ (പാസ്പോർട്ട്സൈസ്) വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ഓസാനാം ഭവനിലേയ്ക്ക് കൊണ്ടുവരേണ്ടതാണ്.

HES

| | | |
|---|---|---|
| 1. അലീഡ ബിനോയ് | സെന്റ് ജൂഡ് | മൂലങ്കാവ് |
| 2. റാഹുർ മൈക്കിൾ ജോസഫ് | സെന്റ് സെബാസ്റ്റ്യൻ | പോരൂർ |

TTS

| | | |
|---|---|---|
| 1. അഞ്ജു ജിജി | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 2. അമല മാത്യു | ഫാത്തിമ മാത | കയ്യൂന്നി |
| 3. ആഷ്ലി പൗലോസ് | സെന്റ് ജോസഫ് | ബാലേശുഗിരി |
| 4. ചിഞ്ചു ടോമി | സെന്റ് മേരീസ് | മരക്കടവ് |
| 5. ജോസ്ന ജോസഫ് | സെന്റ് ജോസഫ് | നരിവാലമുണ്ട |

AAS

| | | |
|---|---|---|
| 1. ഐശ്വര്യ ജോസഫ് | സെന്റ് ജോസഫ് | അടക്കാത്തോട് |
| 2. ജിബിൻ ജോർജ്ജ് | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 3. ജിനു ജോർജ് | സെന്റ് മേരീസ് | ബത്തേരി |
| 4. ക്രിസ്റ്റീന | ഫാത്തിമമാതാ | കയ്യൂന്നി |
| 5. അഞ്ചലി റോസ്പീറ്റർ | ഇൻഫന്റ് ജീസസ് | നടവയൽ |
| 6. അതുല്യ ഇമ്മാനുവേൽ | സെന്റ് തെരേസ | ദീപ്തിഗിരി |
| 7. തൃപ്തി വർഗീസ് | സെന്റ് മേരീസ് | പാതിരിപ്പാടം |
| 8. സെബിൻ ബേബി | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 9. ജീന പോൾ | ലിറ്റിൽഫ്ളവർ | മാനന്തവാടി |
| 10. അഞ്ജു ജോയി | സെന്റ് മേരീസ് | നെടുമ്പാല |

| | | |
|---|---|---|
| 11. ആൽഫി തങ്കച്ചൻ | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 12. വിഷ്ണു പി.വി. | സെന്റ് മേരീസ് | കടൽമാട് |
| 13. ലിയോ പീറ്റർ | സെന്റ് ഫ്രാൻസീസ് അസീസി | ചുള്ളിയോട് |
| 14. റിന്റാ ബേബി | സെന്റ് ആന്റണി | പഴൂർ |
| 15. ജസ്റ്റിൻ പി. ജോസഫ് | സെന്റ് ആന്റണി | പഴൂർ |
| 16. സിൻസി മാത്യു | സെന്റ് ഫ്രാൻസീസ് അസീസി | മഞ്ഞൂറ |
| 17. നിസ്സി എം. യു. | അമലോത്ഭവ | വാഴവറ്റ |
| 18. നിധിൻ ജോസ് | സെന്റ് മേരീസ് | തോണിച്ചാൽ |
| 19. അജിത് വി.എം. | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 20. അഞ്ജലി ജോയി | ഇന്റന്റ് ജീസസ് | കബനിഗിരി |
| 21. സുമൻ ജോസഫ് | സെന്റ് മേരീസ് | പുതുശേരി |
| 22. മിഥുൻ കുര്യൻ | സെന്റ് മേരീസ് | പുതുശേരി |
| 23. സോണി തോമസ് | സെന്റ് മേരീസ് | നടവയൽ |
| 24. അജിൽ സാബു | സെന്റ് മേരീസ് | പുതുശേരി |

സ്കോളർഷിപ്പിലേക്കുള്ള കോൺഫറൻസ് വിഹിതങ്ങൾ എസി പ്രസിഡണ്ട്മാർ ശേഖരിച്ച് സിസിയിൽ എത്തിക്കേണ്ടതാണ്.

**എസി പ്രസിഡണ്ടുമാരുടെ ശ്രദ്ധയ്ക്ക്**

2015-16 വർഷത്തെ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ നൽകുവാൻ സമയമായി. അവരവരുടെ കോൺഫറൻസുകളുമായി ബന്ധപ്പെട്ട് ബഹു. ആത്മീയോപദേഷ്ടാക്കളുടെ സഹകരണത്തോടെ അർഹരായ വിദ്യാർത്ഥികളിൽനിന്നും അപേക്ഷകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഓസാനാംഭവൻ രാത്രി സേവനം**

**ഗൂഡല്ലൂർ എസി**

| | | |
|---|---|---|
| 16-6-2015 | സെന്റ് ഫിലോമിന | വിമലഗിരി |
| 17-6-2015 | സെന്റ് മേരീസ് | വിമലഗിരി |
| 18-6-2015 | സെന്റ് സെബാസ്റ്റ്യൻ | മണ്ണുവയൽ |
| 19-6-2015 | സെന്റ് ജോസഫ് | ഊട്ടി |
| 20-6-2015 | സെന്റ് തെരേസ | അരുൾനിലയം |

**കല്ലോടി എസി**

| | | |
|---|---|---|
| 21-6-2015 | സെന്റ് തോമസ് | ദീപ്തിഗിരി |
| 22-6-2015 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |

| | | |
|---|---|---|
| 23-6-2015 | സെന്റ് തോമസ് | വഞ്ഞോട് |
| 24-6-2015 | സെന്റ് ബനഡിക്ട് | മക്കിയാട് |
| 25-6-2015 | സെന്റ് ആന്റണി | കുഞ്ഞോം |
| 26-6-2015 | സെന്റ് മേരീസ് | പുതുശ്ശേരി |
| 27-6-2015 | സെന്റ് ജോർജ് | കല്ലോടി |

**കല്പറ്റ എസി**

| | | |
|---|---|---|
| 28-6-2015 | സെന്റ് മേരീസ് (വ) | വൈത്തിരി |
| 29-6-2015 | സെന്റ് മേരീസ് | നെടുമ്പാല |
| 30-6-2015 | സെന്റ് ജൂഡ് | കൽപറ്റ |
| 1-7-2015 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 2-7-2015 | സെന്റ് മേരീസ് | പുഴമുടി |
| 3-7-2015 | സെന്റ് ക്ലാരറ്റ് | ചാരിറ്റി |
| 4-7-2015 | സെന്റ് മേരീസ് | കല്പറ്റ |
| 5-7-2015 | സെന്റ് ജോസഫ് | റിപ്പൺ |

**കുറുമ്പാല എസി**

| | | |
|---|---|---|
| 6-7-2015 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 7-7-2015 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 8-7-2015 | സെന്റ് മേരീസ് | കുറുമ്പാല |
| 9-7-2015 | സെന്റ് ജോസഫ് | കുറുമ്പാല |
| 10-7-2015 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |

**മാനന്തവാടി എസി**

| | | |
|---|---|---|
| 11-7-2015 | സെന്റ് മേരീസ് | യവനാർകുളം |
| 12-7-2015 | ലിറ്റിൽഫ്ളവർ | മുതിരേരി |
| 13-7-2015 | ലിറ്റിൽഫ്ളവർ | പുതിയിടം |
| 14-7-2015 | വാഴ്ത്തപ്പെട്ട മദർതെരേസ | തവിഞ്ഞാൽ |
| 15-7-2015 | സെന്റ് ഫിലോമിന | ആലാറ്റിൽ |

**ഓസാനാംഭവൻ സന്ദർശനം**

**നടവയൽ എസി**

| | | |
|---|---|---|
| 16-6-2015 | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 18-6-2015 | സെന്റ് സെബാസ്റ്റ്യൻ | കേണിച്ചിറ |
| 20-6-2015 | സെന്റ് മേരീസ് | കേണിച്ചിറ |
| 22-6-2015 | സെന്റ് മേരീസ് | നടവയൽ |
| 24-6-2015 | ഇൻഫന്റ് ജീസസ് | നടവയൽ |
| 26-6-2015 | സെന്റ് ജോസഫ് | നെയ്ക്കുപ്പ |

| | | |
|---|---|---|
| 28-6-2015 | സെന്റ് മേരീസ് | കല്ലുവയൽ |
| 30-6-2015 | സെന്റ് അൽഫോൻസ | കല്ലുവയൽ |
| 2-7-2015 | സെന്റ് ജൂഡ് | പനമരം |

**പാടിച്ചറി എസി**

| | | |
|---|---|---|
| 4-7-2015 | ഇൻഫന്റ് ജീസസ് | കബനിഗിരി |
| 6-7-2015 | മേരിമാതാ | ശിശുമല |
| 8-7-2015 | സെന്റ് സെബാസ്റ്റ്യൻ | പാടിച്ചിറ |
| 10-7-2015 | മേരിമാതാ | കബനിഗിരി |
| 12-7-2015 | സെന്റ് ജോസഫ് | സീതാമൗണ്ട് |
| 14-7-2015 | ഇൻഫന്റ് ജീസസ് | ശിശുമല |
| 16-7-2015 | സെന്റ് ജോസഫ് | മരക്കടവ് |
| 18-7-2015 | സെന്റ് മേരീസ് | മരക്കടവ് |
| 20-7-2015 | ലിറ്റിൽഫ്ളവർ | പാടിച്ചിറ |

NB: ജൂനിയർ കോൺഫറൻസ് അംഗങ്ങളേയും സന്ദർശനവേളയിൽ പങ്കെടുപ്പിക്കാവുന്നതാണ്.

ഒരിക്കൽകൂടി എല്ലാവിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട്, കാലവർഷക്കെടുതിയിൽ രോഗപ്രതിരോധ മുൻകരുതലുകൾ എടുത്ത് പ്രവർത്തനനിരതരാകാനുള്ള ശക്തി ലഭിക്കുന്നതിന് പ്രാർത്ഥനയോടെ
സഹോദരൻ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

പദ്ധതിയുടെ ഭാഗമായി അമ്പലവയൽ പഞ്ചായത്തിൽ വെച്ച് ജൈവകൃഷിയും 'കീടരോഗ നിയന്ത്രണവും' എന്ന വിഷയത്തെ ആസ്പദമാക്കി 2 സെമിനാറുകൾ സംഘടിപ്പിച്ചു. പുതിയതായി 249 കർഷകർ പദ്ധതിയിൽ ചേർന്നു. പ്രകൃതിയെ സംരക്ഷിച്ചും കാടുകൾ നിലനിർത്തിയും ജീവശൃംഖലയെ പരിപോഷിപ്പിച്ചും ജലം, മണ്ണ് മലിനീകരണത്തിനു തടയിട്ടും നടത്തുന്ന റെയിൻ ഫോറസ്റ്റ് അലയൻസ് (Rain Forest Alliance) സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനു വേണ്ടിയുള്ള ബോധവത്ക്കരണ സെമിനാറുകൾ വിവിധയിടങ്ങളിലായി നടന്നു വരുന്നു.

**വോഫ (WOFFA)**

WSSS ഓർഗാനിക് കർഷക കൂട്ടായ്മയുടെ WOFFA ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ആഭ്യന്തര വിദേശ വിപണികൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയുള്ള മാർക്കറ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് വിപണിയിൽ നല്ല പ്രതികരണങ്ങളാണ് ലഭിച്ചു വരുന്നത്. അമേരിക്ക, ജർമ്മനി, ബ്രിട്ടൺ, സിംഗപ്പൂർ തുടങ്ങിയ അന്താരാഷ്ട്ര വിപണികളിലും കൽക്കത്ത, മുംബൈ, ഡൽഹി തുടങ്ങിയ ആഭ്യന്തര വിപണികളിലും നമ്മുടെ ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുവാനും കൂടുതൽ ആവശ്യക്കാരെ കണ്ടെത്തുവാനും സാധിച്ചുവെന്നുള്ളത് മാർക്കറ്റിംഗ് വിഭാഗത്തിന് കൂടുതൽ പ്രചോദനം നൽകുന്നു.

ജൈവ ഉൽപ്പന്നങ്ങൾ മലയാളികൾക്ക് സ്വീകാര്യമാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ ഉൽപ്പന്നങ്ങളുടെ ചില്ലറ വിൽപ്പനശാലകൾ കേരളത്തിൽ പല കേന്ദ്രങ്ങളിലും തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ തുടർന്നു വരികയാണ്. ജൈവകർഷകർക്കും ഉപഭോക്താക്കൾക്കും ഇതിന്റെ ഗുണഫലങ്ങൾ നേരിട്ടു ലഭിക്കുമെന്നുള്ളതിനാൽ ചില്ലറ വിൽപന ശാലകളുടെ സ്വീകാര്യത വർദ്ധിക്കും എന്നാണ് മാർക്കറ്റിംഗ് വിഭാഗത്തിന്റെ വിലയിരുത്തൽ.

**വികാസ്പീഡിയ www.vikaspeedia.in**

ഭാരതസർക്കാർ സമൂഹവികസനത്തിന് മാധ്യമ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ അറിവും വിവരങ്ങളും എല്ലാ ജനവിഭാഗങ്ങൾക്കും നൽകുവാൻ ദേശീയ താത്പര്യത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത വിജ്ഞാന പോർട്ടലാണ് വികാസ്പീഡിയ. ഈ പോർട്ടൽ ഇന്ത്യയിൽ 10 സംസ്ഥാനങ്ങളിൽ നിലവിലുണ്ട്. വരും വർഷങ്ങളിൽ ഇന്ത്യയിൽ ഈ പദ്ധതി പൂർണ്ണമായി നിലവിൽവരും. ഇന്ത്യാ ഗവൺമെന്റിന്റെ വിവര സാങ്കേതിക മന്ത്രാലയം പ്രത്യേക താൽപര്യമെടുത്ത് വികസിപ്പിച്ച പോർട്ടലിൽ വിവിധ വിഷയങ്ങളും മറ്റ് ആധുനിക സംവിധാനങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

WSSS സംസ്ഥാന നോഡൽ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. വികാസ്പീഡിയ മലയാളം ജനങ്ങളിലേയ്ക്ക് കൂടുതൽ എത്തുന്നതിനായി 25-4-15 ന് വയനാട് ജില്ല കേന്ദ്രീകരിച്ച് ജില്ലാതല ശിൽപ്പശാല നടത്തി, വയനാട് ജില്ല IT @ School ഡയറക്ടറും സംസ്ഥാന പ്രോഗ്രാം ഓഫീസറുമായ ശ്രീ. വി.ജെ. തോമസ് ഉദ്ഘാടനം ചെയ്തു. ശിൽപ്പശാലയിൽ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ, റവ.ഫാ. ബിജോ കറുകപ്പള്ളി, ശ്രീ. പി.എ. ജോസ്, അനൂപ് ഫിലിപ്പ്, ജുബിൻ അഗസ്റ്റിൻ, ജാൻസി ജിജോ എന്നിവർ ക്ലാസുകൾ എടുത്തു.

വികാസ്പീഡിയ മലയാളം പോർട്ടലിൽ വിവിധ വിഷയങ്ങളിലായി നിരവധി അറിവുകൾ പകർന്നു നൽകുന്നു. ഇന്ത്യ ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും പുതിയ സ്കീമുകളും, പദ്ധതികളും, സംരംഭങ്ങളും, സാമൂഹികക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾ, ക്ഷേമപ്രവർത്തനങ്ങൾ, വിവിധ രോഗങ്ങൾ, ഇന്ത്യ വിനോദസഞ്ചാരം, ഉത്തരവാദിത്വ ടൂറിസം, സ്ത്രീ ശാക്തീകരണം, ഗ്രാമവികസന വകുപ്പിന്റെ പ്രത്യേക പുത്തൻ സംരംഭങ്ങൾ (DDU-GKY) ഡിജിറ്റൽ ഇന്ത്യ, ആധാർ കാർഡ്, തുടങ്ങി നിരവധി വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുണ്ട്. വികാസ് പീഡിയ മലയാളം പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അംഗമായതിനുശേഷം നമ്മുടേതായ എഴുത്തുകൾ, അനുഭവങ്ങൾ, ലേഖനങ്ങൾ അപ്ലോഡ് ചെയ്യാം.

**SAFP യുടെ ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ**

മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ റീജിയണുകളിലെ ആനിമേറ്റർമാരായ സുജ മാത്യു, സോഫിയ ജോർജ്, ഷൈനി ജോർജ് എന്നിവർ ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സന്ദർശനം നടത്തിയ കുടുംബാംഗങ്ങളുടെ Base line data collection, Hand book,

updation, IGP monitoring എന്നിവ നടത്തി. വരുമാന വർദ്ധനവിനു വേണ്ടിയുള്ള ഫണ്ട് വിതരണം നടത്തി. FAT - Central level meeting എന്നിവ നടത്തി. ഉപകാരികൾ അയയ്ക്കേണ്ട കത്തുകളുടെ Verification നടത്തി. SAFP യുടെ കുടുംബസംഗമത്തിനു മുന്നോടിയായി FFT മീറ്റിംഗ് നടത്തുകയും പ്ലാനിംഗ് നടത്തുകയും ചെയ്തു. ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി എല്ലാവർക്കും ക്ഷണക്കത്ത് അയച്ചു. കുടുംബസംഗമത്തിന് അവതരിപ്പിക്കേണ്ട 3 കുടുംബങ്ങളുടെയും വിജയഗാഥ ആനിമേറ്റേഴ്സ് തയ്യാറാക്കി. ആനുവൽ റിപ്പോർട്ട് തയ്യാറാക്കി SAFP ഇന്ത്യൻ ഓഫീസിലേക്ക് അയച്ചു.

**ജനകീയ സംഘാടനം**

**ദന്തപരിശോധന ക്യാമ്പ്**

അമ്പായത്തോട് സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വീരാജ്പേട്ട, കൂർഗ്ഗ് ഡെന്റൽ മെഡിക്കൽ കോളേജിന്റെ സഹായത്തോടെ 2015 ഏപ്രിൽ 29-ാം തീയതി അമ്പായത്തോട് സെന്റ് ജോർജ് എൽ.പി. സ്കൂളിൽ വെച്ച് സൗജന്യ ദന്ത പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ചുങ്കക്കുന്ന് മേഖല SWS ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം അദ്ധ്യക്ഷത വഹിക്കുകയും കൊട്ടിയൂർ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷേർളി പടിയാനിക്കൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. കൂർഗ്ഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡന്റൽ സയൻസിലെ ജിപ്പി ആശംസകൾ അർപ്പിച്ചു. 250 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**വാർഷികാഘോഷവും കുടുംബസംഗമവും**

ചുങ്കക്കുന്ന് സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ 11-ാമത് വാർഷികാഘോഷവും കുടുംബസംഗമവും 2015 ഏപ്രിൽ 29-ന് ഫാത്തിമ മാതാ പാരിഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി സംഗമം ഉദ്ഘാടനം ചെയ്തു. SWS ഡയറക്ടർ റവ.ഫാ. തോമസ് മണക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ജലനിധി പ്രൊജക്ട് ടീം ലീഡർ ശ്രീ. ഒ.പി. അബ്രാഹം മുഖ്യപ്രഭാഷണം നടത്തി. ഫാ. സിബി മാടപ്പിള്ളിക്കുന്നേൽ വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. WSSS കോഡിനേറ്റർ കെ.ഒ. ജോയി, ബെന്നി തെങ്ങുംതോട്ടം എന്നിവർ ആശംസകൾ നേർന്നു. ശ്രീ. തോമസ് മഞ്ഞുപള്ളി സ്വാഗതവും ശ്രീമതി ഏലിയാമ്മ പേന്താനത്ത് നന്ദിയും രേഖപ്പെടുത്തി. സ്നേഹവിരുന്നോടെ സംഗമം അവസാനിച്ചു.

**ബയോഗ്യാസ് വികസന പദ്ധതി**

മുള്ളൻകൊല്ലി, അങ്ങാടിശ്ശേരി, കുറുക്കൻമൂല, കരിമാനി, പയ്യം പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ 3 ബയോഗ്യാസ് പ്ലാന്റുകൾ കമ്മിഷൻ ചെയ്യുകയും 4 പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2014–15 വർഷം കമ്മിഷൻ ചെയ്ത 26 ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി ലഭ്യമാക്കുന്നതിനാവശ്യമായ അപേക്ഷകൾ ഖാദിഗ്രാമ വ്യവസായ കമ്മിഷനു നൽകുകയും പ്ലാന്റ് സന്ദർശനം പൂർത്തിയാക്കുകയും ചെയ്തു.

**ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY)**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 വയസ്സിനും ഇടയിലുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്തവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന DDU-GKY. 'ഇന്ത്യയെ ശാക്തീകരിക്കൂ ലോകത്തെ നയിക്കൂ' എന്നതാണ് പ്രധാന ആശയം. ഈ പദ്ധതിയുടെ കീഴിൽ പ്രോഗ്രാം ഇംപ്ലിമെന്റ് ഏജൻസിയായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി രണ്ടു കോഴ്സുകൾ ആരംഭിക്കുന്നു. മൂന്നുമാസം ദൈർഘ്യമുള്ള ഫുഡ് പ്രൊസസിംഗ് ആൻഡ് പ്രിസർവേഷൻ കോഴ്സും ആറുമാസം ദൈർഘ്യമുള്ള ഫാഷൻ ഡിസൈനിംഗ് കോഴ്സുമാണ് ഇവ.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യ സംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**അംഗത്വം പുതുക്കൽ**

ഈ മാസം KTWF കണ്ണൂർ ജില്ലയിൽ 6 വീതം മെമ്പർഷിപ്പും യൂണിയൻ മെമ്പർഷിപ്പും പുതുക്കി. KCTTF മാനന്തവാടിയിൽ 53 എണ്ണം പുതുക്കി. SNTU കൽപ്പറ്റയിൽ 2 എണ്ണം പുതുക്കി.

**സംസ്ഥാന നേതൃയോഗം**

ഏപ്രിൽ 14, 15 തീയതികളിൽ എറണാകുളം ആശീർഭവനിൽ വച്ച് നടന്ന സംസ്ഥാന നേതൃയോഗത്തിൽ കോ-ഓർഡിനേറ്റർ റ്റോബി സെബാസ്റ്റ്യൻ പങ്കെടുത്തു. യോഗത്തിൽ വച്ച് സംഘടനയുടെ നിയമാവലിക്ക് അംഗീകാരം നൽകി.

**അറിയിപ്പ്**

വിവിധ ക്ഷേമപദ്ധതികളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നു. നിർമ്മാണ തൊഴിലാളി, തയ്യൽ തൊഴിലാളി, ചെറുകിട തോട്ട തൊഴിലാളി എന്നിവയിലാണ് പ്രധാനമായും അംഗങ്ങളെ ചേർക്കുന്നത്. കൂടാതെ ഇനിയും ആരെങ്കിലും ക്ഷേമപദ്ധതികളിൽ അംഗത്വം പുതുക്കാനുണ്ടെങ്കിൽ എത്രയും വേഗം പുതുക്കേണ്ടതാണ്. ക്ഷേമപദ്ധതിയിൽ അംഗങ്ങളാകുവാൻ താൽപര്യമുള്ളവർ താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുമല്ലോ.

ഫോൺ: 04935-240314, 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ KLM

# കെസിബിസി മദ്യവിരുദ്ധസമിതി

## I. ലഹരിവിമുക്ത വർഷത്തിന്റെ തുടർപ്രവർത്തനങ്ങൾ

### 1. മോചന

ഇടവകയിലെ ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഇടവകയെ സജ്ജമാക്കുന്നതിന് ഇടവകയിൽ നടക്കുന്ന ലഹരി വിമുക്ത ക്യാമ്പയിനാണ് 'മോചന'. ഞായറാഴ്ചകളിൽ ദിവ്യ ബലി, ലഹരിവിമുക്ത സന്ദേശം സെമിനാർ, ആരാധന, ഭവനസന്ദർശനം, കൗൺസിലിംഗ് എന്നിവ ഉൾപ്പെടുന്നതാണ് 'മോചന'.

### 2. ഗ്രാമദീപം

ഗ്രാമങ്ങളിൽ സായാഹ്നങ്ങളിൽ നടത്തുന്ന ലഹരിവിമോചന ബോധവത്ക്കരണപരിപാടിയാണ് ഗ്രാമദീപം. വീഡിയോ പ്രദർശനം, പ്രഭാഷണങ്ങൾ ലഘുലേഖ വിതരണം, എന്നിവയാണ് ഗ്രാമദീപം പരി പാടിയിൽ ഉൾപ്പെടുന്നത്.

### 3. സാന്ത്വനം

ഇടവകയിലെയും ഗ്രാമങ്ങളിലെയും കുടുംബിനികൾക്കും മദ്യാ സക്തരായ വ്യക്തികളുടെ കുടുംബാംഗങ്ങൾക്കും നൽകുന്ന ബോധ വത്ക്കരണം, കൗൺസിലിംഗ് എന്നിവ ഉൾക്കൊള്ളുന്നതാണ് സാന്ത്വനം.

### 4. AA കൂട്ടായ്മകൾ, ലഹരിവിമുക്ത കൂട്ടായ്മകൾ

ലഹരിവിമുക്തരായ വ്യക്തികളെ, നിലനിർത്തുന്നതിന് ഇടവക യുടെ നേതൃത്വത്തിൽ ലഹരി വിമുക്തകൂട്ടായ്മകൾ, AA കൂട്ടായ്മകൾ എന്നിവ ആരംഭിക്കാനുള്ള ധാർമ്മിക സഹായവും സംരക്ഷണവും.

## II. രൂപത എക്സിക്യൂട്ടീവ്

മാനന്തവാടി രൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി 20-4-2015ന് എക്സിക്യൂട്ടീവ് ചേർന്നു. ലഹരിവിമുക്ത പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ തീരുമാനിച്ചു. ലഹരിവിമുക്ത വർഷം നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ തീരുമാനിച്ചു.

**(a) യൂണിറ്റ് രൂപീകരണവും ശാക്തീകരണവും**

ഇടവകയിലും മേഖലയിലും സമിതിയുടെ ഘടകങ്ങൾ സ്ഥാപിക്കുന്നതിനും ലഹരിവിമുക്ത വർഷാചരണ കമ്മിറ്റിയുടെയും, ലഹരിവിമുക്ത പ്രവർത്തകരുടെയും സഹകരണത്തോടെ മദ്യവിമുക്ത പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും, രൂപതാനേതൃത്വത്തിന്റെ ശക്തമായ ഇടപെടലും, രൂപഭാവരൂപീകരണവും നടത്തുവാനും എക്സിക്യൂട്ടീവിൽ ധാരണയായി ഇടവകയിലെ ബഹു. വികാരിയച്ചന്മാരുടെ നിർലോഭമായുള്ള സഹകരണം പ്രതീക്ഷിക്കുന്നു.

**(b) ഫൊറോന ഡയറക്ടർ - ആനിമേറ്റർസംഗമം**

സംഘടനയുടെ ശാക്തീകരണത്തിന് ഫൊറോന ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും സംയുക്തയോഗം വിളിക്കാൻ തീരുമാനിച്ചു.

**III കാസ**

വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ശക്തമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമായി 'കാസ'മാറിക്കഴിഞ്ഞു. 2014-2015 വർഷം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ ലഹരിക്ക് എതിരെ സജീവമായ പ്രവർത്തനങ്ങൾ നടന്നു. ജൂൺ മുതൽ പുതിയ അധ്യയനവർഷത്തിൽ നവമായ കർമ്മപദ്ധതികൾ ആരംഭിക്കാൻ വിവിധ സ്കൂളുകൾ ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ലഹരിവിരുദ്ധദിനം ജൂൺ 26**

ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധദിനമാണ്. ഇടവകകൾ, സംഘടനകൾ, വിദ്യാലയങ്ങൾ എന്നിവ വിവിധ കർമ്മപരിപാടികളോടെ ഈ ദിനം സമുചിതമായി ആചരിക്കുമല്ലോ. ക്ലാസുകൾ, സെമിനാറുകൾ, റാലികൾ, മത്സരങ്ങൾ, പ്രതിജ്ഞ, പ്രാർത്ഥനാകൂട്ടായ്മകൾ എന്നിവ നടത്താവുന്നതാണ്.

**അർദ്ധദിന സെമിനാർ-ബത്തേരി**

ബത്തേരി CDS ന്റെ നേതൃത്വത്തിൽ അമ്മമാർക്കുവേണ്ടി അർദ്ധദിന ലഹരിവിമുക്ത ബോധവത്ക്കരണ സെമിനാർ നടത്തി. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു. 200-ൽ പരം വ്യക്തികൾ പങ്കെടുത്തു.

**'മോചന' - പട്ടാണികൂപ്പ് ഇടവക**

പട്ടാണികൂപ്പ് ഇടവകയിൽ ഡയറക്ടറുടെ നേതൃത്വത്തിൽ 3-5-2015 ന് ഇടവക സന്ദർശിച്ചു. ലഹരിക്ക് എതിരായി പ്രഭാഷണവും ബോധവത്ക്കരണവും നടത്തി. ദിവ്യബലിയിലും ആരാധനയിലും

ലഹരി വിമുക്തരെയും ലഹരിക്ക് അടിമപ്പെട്ടവരെയും അനുസ്മരിച്ച് പ്രാർത്ഥിച്ചു.

**AA ഗ്രൂപ്പ്സന്ദർശനം – പടമല**

പടമല ഇടവകയിൽ 5 വർഷമായി നടന്നുവരുന്ന AA ഗ്രൂപ്പ് സമ്മേളനത്തിൽ രൂപതാനേതൃത്വം സന്ദർശനം നടത്തി. മദ്യം ഉപേക്ഷിച്ചതിന്റെ വാർഷികം ആഘോഷിക്കുന്നവർക്കും, ദീർഘകാലമായി ഇടവകയിൽ മദ്യവിമുക്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച് പുതിയ സേവന മേഖലയിലേയ്ക്ക് യാത്രയാകുന്ന ബഹു. സിസ്റ്റേഴ്സിനും, പ്രേഷിതർക്കും രൂപതാ ഘടകത്തിന്റെ ആശംസകൾ.

**സംസ്ഥാന ടീം പരിശീലന പ്രോഗ്രാം**

കെസിബിസി മദ്യവിരുദ്ധ സംസ്ഥാന സമിതി നടത്തിയ നേതൃത്വപരിശീലന ക്യാമ്പിൽ രൂപതയിൽ നിന്ന് അഞ്ച് വ്യക്തികൾ പങ്കെടുത്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

**CEADOM വിദ്യാഭ്യാസ മേഖല**

പ്രിയ കൂട്ടുകാരേ, ഒരു പുതിയ അധ്യയനവർഷം കൂടി ആരംഭിക്കുന്നു. അവധിക്കാലത്തിന്റെ ആഹ്ലാദത്തിലായിരുന്ന നിങ്ങൾ പുത്തൻ പുസ്തകങ്ങളും, ഉടുപ്പുകളും കുടകളുമായി പുതിയ സ്ഥലങ്ങളും, സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ട് അറിവിന്റെ പുതിയ ലോകത്തേയ്ക്ക് എത്തിയിരിക്കുകയാണ്. പുതുമകൾ മാത്രം തേടുന്ന ഈ ആധുനിക യുഗത്തിൽ, നിങ്ങളെക്കുറിച്ച് വലിയ സ്വപ്നങ്ങളും, പ്രതീക്ഷകളുമായി, നിങ്ങളെ വലിയവരായി കാണാനാഗ്രഹിച്ചുകൊണ്ട് സ്കൂളിലേയ്ക്ക് പറഞ്ഞയക്കുന്ന മാതാപിതാക്കളുടെ പ്രാർത്ഥനകളും സ്വപ്നങ്ങളും യാഥാർഥ്യമാക്കാൻ സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ധാരാളം ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു. അതുപോലെ തന്നെ പ്രിയ അധ്യാപകരേ, വിദ്യയെന്ന ധനം ഏറ്റവും അമൂല്യവും, അത്യന്താപേക്ഷിതവുമാണെന്ന ആഴമായ ബോധ്യത്തിൽ നിങ്ങളുടെ മുമ്പിലേയ്ക്കുവരുന്ന കുരുന്നുമനസുകളെ രൂപപ്പെടുത്തുവാൻ എല്ലാ അധ്യാപകർക്കും സാധിതമാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പുതിയ അധ്യയനവർഷത്തിന്റെ എല്ലാവിധ നന്മകളും എല്ലാവർക്കും ആശംസിക്കുന്നു.

**സീഡോം കൺവെൻഷൻ 2015 മെയ് 6 (സദ്ഗമയ-2015)**

2015 മേയ് മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ പത്തുമണിക്ക് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഏകദിന സംഗമം (സദ്ഗമയ-2015) വിജയകരമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. സംഗമത്തിൽ വളാഞ്ചേരി ഇ.എം.എസ് കോളേജ് പ്രഫ. ശ്രീ. എൻ.എം വർഗ്ഗീസ് നയിച്ച കത്തോലിക്ക വിദ്യാലയങ്ങൾ കാലത്തിന്റെ പ്രതീക്ഷയും നമ്മുടെ ഉത്തരവാദിത്വവും എന്ന വിഷയത്തെ സംബന്ധിച്ച സെമിനാർ ഏറെ സത്ഫലങ്ങൾ നൽകുന്നതായിരുന്നു. മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉത്ഘാടനവും, രൂപത വികാരി ജനറാൾ

അധ്യക്ഷനും, പരീക്ഷാഭവൻ ജോ. കമ്മീഷണർ ശ്രീമതി തങ്കമണി ടീച്ചർ വിശിഷ്ടാതിഥിയുമായിരുന്ന പൊതുസമ്മേളനത്തിൽ, വയനാട് ജില്ലയിലെ വിദ്യാലയ പ്രവർത്തനങ്ങളെ ഫലപ്രദമായ രീതിയിൽ ഏകോപിപ്പിച്ച് സേവനമേഖലകളിൽ നിന്നും വിരമിക്കുന്ന ശ്രീമതി.മേരി ജോസ് (ഡി.ഡി.ഇ), ശ്രീ.കെ.എം. തോമസ് (ഡി.ഇ.ഒ), ശ്രീമതി. തെരേസ കെ.എ (എ.പി.ഒ - RMSA), ശ്രീ. ഡൊമിനിക് സാവിയൊ (എ.പി.ഒ - RMSA), ശ്രീ. എ.സി. അലക്സാണ്ടർ (എ.ഇ.ഒ - ബത്തേരി), ശ്രീ. മുരളീ ധരൻ കെ (എ.ഇ.ഒ - ബത്തേരി), എന്നീ ശ്രേഷ്ഠ വ്യക്തിത്വങ്ങൾക്കും, നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്കും യാത്രയയപ്പും, മാനന്തവാടി കോർപ്പറേറ്റ് സ്കൂൾ സ്റ്റാഫ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി നൽകുന്ന വാട്ടർ പ്യൂരിഫയറുകളുടെ ഔദ്യോഗിക വിതരണോത്ഘാടനവും, നടത്തപ്പെട്ടു. തൊള്ളായിരത്തോളം സ്റ്റാഫുകൾ ഉള്ളതിൽ എണ്ണൂറില ധികം പേരും ഈ ഏകദിന സംഗമത്തിൽ പങ്കെടുത്തു എന്നത് നമ്മുടെ സിഡോം ഫാമിലിയുടെ സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഉത്തമോദാഹരണമാണ്. സദ്ഗമയ 2015 വിജയത്തിലേയ്ക്ക് എത്തിക്കാൻ കഠിനാധ്വാനം ചെയ്ത കൺവെൻഷൻ കമ്മറ്റി അംഗങ്ങളെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. ഈ ഏകദിനസംഗമത്തിന് നിങ്ങൾ ചെയ്ത സഹായസഹകരണത്തിനും, സാന്നിധ്യത്തിനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. തുടർന്നും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും വിജയത്തിലെത്തിക്കാൻ നമുക്കൊന്നുചേർന്ന് പരി ശ്രമിക്കാം പ്രവർത്തിക്കാം.

**പ്രോത്സാഹനം**

പരീക്ഷയ്ക്കിരുന്ന മഴുവൻ കുട്ടികളെയും വിജയിപ്പിച്ച് 100 ശത മാനം വിജയം നേടിയ Adakkathode St. Joseph's HS, Bathery Assumption HS, Kottiyoor IJMHS, Nadavayal St.Thomas HSS, എന്നീ ഹൈസ്കൂളുകൾക്ക് മുൻപ് പ്രഖ്യാപിച്ചിരുന്നതു പോലെ പ്രത്യേക പാരിതോഷി കമായി 1,00,000/- രൂപ വീതം മെയ് മാസം 6-ാം തിയ്യതി ബുധനാഴ്ച പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഏകദിന സംഗമത്തിന്റെ (സദ്ഗമയ-2015) പൊതുസമ്മേളനത്തിൽ വച്ച് നൽകി. കഴിഞ്ഞ അധ്യയന വർഷത്തിൽ ഈ സ്ക്കൂളുകളെ നയിച്ച പ്രധാനാദ്ധ്യാപക രായിരുന്ന ശ്രീ. വിൻസെന്റ് സി.എൽ സാറിനെയും, ശ്രീ. പീറ്റർ കുരുവിള സാറിനെയും, ശ്രീമതി. എലിസബത്ത് റ്റീച്ചറിനെയും, ശ്രീ.റ്റോമി

എൻ.യു. സാറിനെയും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും മാതാപിതാക്കളെയും പി.ടി. എ, മദർ പി.ടി.എ തുടങ്ങിയ സമിതികളെയും പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**ഹയർസെക്കന്ററി ലോക്കൽ മാനേജർമാരുടെ മീറ്റിംഗ്**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ എജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഹയർസെക്കന്ററിയുടെയും ലോക്കൽ മാനേജർമാരുടെ മീറ്റിംഗ് 2015 മെയ് 25 ന് ഉച്ചകഴിഞ്ഞ് കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു. പുതിയ അഡ്മിഷനെക്കുറിച്ചുള്ള മാനദണ്ഡങ്ങൾ ചർച്ച ചെയ്തു. നമ്മുടെ സ്കൂളുകളിലെ പഠന-പഠനാനുബന്ധ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും, അതുവഴി നന്മയുടെ വക്താക്കളായ ഭാവിതലമുറയെ വാർത്തെടുക്കാനും വേണ്ട ക്രമീകരണങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ഈ മീറ്റിംഗിൽ സാന്നിധ്യമറിയിക്കുകയും നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളുടെ വളർച്ചയ്ക്കായി അത്യധ്വാനം ചെയ്യുകയും ചെയ്യുന്ന എല്ലാ മാനേജർമാർക്കും പ്രത്യേകം നന്ദിയും സ്നേഹവും അറിയിക്കുന്നു.

**മോറൽ സയൻസ്**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ഉള്ള എല്ലാ സ്ക്കൂളുകളിലെയും മോറൽ സയൻസിന് കഴിഞ്ഞവർഷത്തെ അതേ പുസ്തകം തന്നെയായിരിക്കും ഈ വർഷവും കൂടി തുടരുക. ജൂൺ 7-ാം തീയ്യതിക്കു മുൻപ് ഓരോ സ്കൂളിനും ആവശ്യമായ പുസ്തകത്തിന്റെ എണ്ണം ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

**പ്രധാനാദ്ധ്യാപക സമ്മേളനം 2015 ജൂൺ 27**

സ്ക്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും, അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടി 2015 ജൂൺ 27 ശനിയാഴ്ച രാവിലെ 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകർ, സീനിയർ അസിസ്റ്റന്റ്, സ്റ്റാഫ് സെക്രട്ടറി എന്നിവരുടെ യോഗം ദ്വാരക, എ.യു.പി സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



## June 2015

| | |
|---|---|
| 2-5 | Youth Ministry Retreat |
| 6 | Zion |
| 11 | CMA Executive |
| 12 | CML Executive & Team Meeting |
| 13 | CML Roopatha Council |
| 14-18 | Zion Retreat |
| 18 | CML Regional Directors & Animators Meeting |
| 19-21 | Catechism Amukha Seminar |
| 23 | Marian Singles |
| 22-25 | Youth Ministry Retreat |
| 27 | CML Sakha Joint Directors Meeting |
| 26-29 | MPC |

**Director, Pastoral Centre**
Fr. Mathew Periappuram



# Bishop's Programme

***June 2015***

| | | |
|---|---|---|
| *1* | *Mon ................* | *Kartikulam Divine Providence Seminary: Diaconate of Tomy Vadakkedathvayalil PSDP* |
| *2* | *Tue ....................* | *Manimooly: Monthly Recollection & Joint Curia Meeting* |
| *3* | *Wed .................* | *Visitors' Day* |
| *5* | *Fri ....................* | *Out of Station* |
| *6* | *Sat 8 Mon ........* | *Kakkanad: Mount St.Thomas* |
| *9* | *Tue 11 Thu .......* | *KCBC* |
| *12* | *Fri 13 Sat ........* | *Out of Station* |
| *16* | *Tue ....................* | *Forane Vicars Meet* |
| *17* | *Wed ................* | *Visitors' Day* |
| *18* | *Thu ................* | *Camillus Seminary: Diaconate of Vineesh Kochukudiyil MI* |
| *19* | *Fri .................* | *Out of Station* |
| *21* | *Sun 24 Wed ......* | *Kakkanad: Mount St. Thomas* |
| *26* | *Fri ....................* | *Out of Station* |
| *28* | *Sun ................* | *Kelakam: Pastoral Visit* |
| *29* | *Mon ................* | *Visitors' Day* |

***July 2015***

| | | |
|---|---|---|
| *1* | *Wed 3 Fri ..........* | *Kakkanad: Mount St.Thomas* |
| *5* | *Sun .................* | *Pastoral Visit: Kuttimoola* |
| *7* | *Tue ..................* | *Nadavayal: Monthly Recollection of Priests* |

| | | |
|---|---|---|
| *11* | *Sat ..................* | *Chungakkunu: Joint parish Council Meeting & Religious Meet* |
| *12* | *Sun ................* | *Pastoral visit: Puthiyidomkunnu* |
| *14* | *Tue 17 Fri .......* | *Out of Station* |
| *18* | *Sat ...................* | *Dwaraka: Blessing of CMC Convent* |
| *19* | *Sun ..................* | *Pastoral visit: Adackathode* |
| *22* | *Wed .................* | *Visitors' Day* |
| *26* | *Sun ..................* | *Pastoral Visit: Puthusserykadavu* |
| *31* | *Fri ...................* | *Out of Station* |